KOTTAYAM PUBLIC LIBRARY

Call No M266 Acc. No 12594

Author രാഘവൻ തിരുമുല്പാട്

Title ശ്രീമത് ഭഗവത്ഗീത.

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

873

12594

# ശ്രീ

# ഭഗവദ്ഗീത

(ഭാഷാവിവത്തനം)

ടിപ്പണിയോടുകൂടിയതു്.

കെ. രാഘവൻ തിരുമല്ലാട്ട്

ചാലക്കുടി

NATIONAL BOOK STALL
SPCS LTD.
ER. KOTTAYAM

1954/1129

വില 1ക. 12ണ.

ഒന്നാംപതിപ്പ് കോപ്പി 1000
1954 മെയ്

പ്രതികൾക്ക്:
**വൈദ്യഭൂഷണം**
**കെ. രാഘവൻതിരുമുല്പാട്,**
അമൃതാഫാർമസി, ചാലക്കുടി
എന്ന മേൽവിലാസത്തിൽ
ആവശ്യപ്പെടുക.

---

അച്ചടി:
**ഭാഗ്യോദയം പ്രസ്**
പുളിക്കീഴ്.

ഓം നമഃ

പരമഹംസാസ്വാദിത-

ചരണകമലചിന്മകരന്ദായ

ഭക്തജനമാനസനിവാസായ

ശ്രീമദ്രാമചന്ദ്രായ

**P. SESHADRI, B. A., M. L.,**
Retd. Superintendent,
DEPT. OF PUBLICATIONS.
UNIVERSITY OF TRAVANCORE.

# അവതാരിക

ഹിന്ദുക്കളുടെ മതഗ്രന്ഥങ്ങളിൽ പ്രധാനമായവ ഉപനിഷത്തുകൾ, ബ്രഹ്മസൂത്രം, ഭഗവദ്ഗീത എന്നിവയാകുന്നു. ഇവ പ്രസ്ഥാനത്രയം എന്ന പേരിൽ പ്രസിദ്ധമാണു്. അവയിൽ ഉപനിഷത്തുകളുടേയും ബ്രഹ്മസൂത്രത്തിന്റേയും ശരിയായ അൎത്ഥം ഗ്രഹിക്കുക സാമാന്യക്കാൎക്കു് പ്രയാസമാകുന്നു. എന്നാൽ അവയുടെ സാരം എല്ലാം അടങ്ങിയതും 700 ശ്ലോകങ്ങൾ മാത്രമുള്ളതുമായ ഭഗവദ്ഗീത സാധാരണ ജനങ്ങൾക്കും അത്ര ദുഷ്പ്രാപമല്ല.

സൎവ്വോപനിഷത്തുകളുടേയും സാരസംഗ്രഹം എന്നു പ്രസിദ്ധമായ ഭഗവദ്ഗീതയ്ക്കുണ്ടായിട്ടുള്ളിടത്തോളം വ്യാഖ്യാനങ്ങളും വിവൎത്തനങ്ങളും മറ്റേതെങ്കിലും ഗ്രന്ഥത്തിനുണ്ടായിട്ടുണ്ടോ എന്നു് സംശയമാണു്. മലയാളഭാഷയിൽത്തന്നെ ചെറുതും വലുതുമായ അനവധി വ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ടു്; ഉണ്ടായിക്കൊണ്ടിരിക്കുന്നുമുണ്ടു്. പാരായണം ചെയ്യുംതോറും പുതുതായ അൎത്ഥം നമ്മുടെ അന്തരാത്മാവിൽനിന്നും ഉയൎന്നു വരും വിധമാണു് ഗീതയുടെ രചന. സ്വയം ശ്രീകൃഷ്ണഭഗവാന്റെ മുഖപത്മത്തിൽനിന്നും വിനിസ്സൃ

തമായ ഗാനമകരന്ദമാണെന്നാണല്ലോ ഗീതയെപ്പ
ററിയുള്ള പ്രസിദ്ധി. അതുകൊണ്ടു് ഭഗവാനെപ്പോ
ലെതന്നെ ഭഗവദ്ഗീതയ്ക്കും ഒരു അപ്രാപ്യതയും
അഭിഗമ്യതയും അനുഭവപ്പെടാറുണ്ടു്. അത്ഥം മുഴു
വൻ മനസ്സിലായി എന്നു് ഏതൊരു മഹാപണ്ഡി
തനും ഗീതയെപ്പററി പറയാൻ സാധിക്കുന്നതല്ല.
അതുപോലെതന്നെ ഏതു പാമരനും അത്ഥം ഒട്ടും
മനസ്സിലായില്ല എന്നും വരുന്നതല്ല.

ശ്രീമാൻ രാഘവൻ തിരുമുല്പാടു് ഒരായുർവ്വേദ
വൈദ്യനാണു്; ഭൌതിക ശരീരത്തിൻെറ അസ്വാ
സ്ഥ്യങ്ങൾ അകററി ആരോഗ്യം നല്കാൻ യത്നിക്കുന്ന
ഒരു സുകൃതിയാണു്. എന്നാൽ അത്രയും കൊണ്ടു്
തൃപ്തിപ്പെടാതെ മാനസികവും ആദ്ധ്യാത്മികവുമായ
ചികിത്സക്കൂടി നടത്തി ജനങ്ങളെ സമ്പൂൎണ്ണാരോഗ്യ
വാന്മാരാക്കിത്തീൎക്കണമെന്നുള്ള മോഹം നിമിത്തമാ
ണു് ഭഗവദ്ഗീതയെ വിവൎത്തനം ചെയ്തതു് എന്നുള്ള
തിൽ സംശയമില്ല. അദ്ദേഹത്തിൻെറ ആ ദിവ്യ
മായ അസംതൃപ്തി സംസ്കൃതാനഭിജ്ഞരായ സാമാന്യ
ജനങ്ങൾക്കു് തൃപ്തിനല്കുന്നതായിത്തീരുന്നതിൽ അവാ
ച്യമായ ആനന്ദമുണ്ടു്.

ഗീതയ്ക്കു് കിളിപ്പാട്ടായിട്ടും മററും അനവധി
വിവൎത്തനങ്ങൾ ഭാഷയിലുണ്ടു്. ശ്രീ തിരുമുല്പാടു് പ
ദാനുപദതൎജ്ജിമയാണു ചെയ്തിരിക്കുന്നതു്. മൂലത്തി
ലെ അത്ഥം ഒട്ടും ചോൎന്നുപോകാതെയിരിക്കാൻ വി
വൎത്തകൻ പരമാവധി ശ്രമിച്ചിട്ടുണ്ടെന്നുള്ളതു് ഇതി
ലെ മിക്കഭാഗങ്ങളും വ്യക്തമാക്കുന്നു. തന്നെയുമല്ല,

സാധാരണമായി ബുദ്ധിമുട്ടു തോന്നുന്ന പദങ്ങൾക്കെല്ലാം അർത്ഥം കൊടുത്തിരിയ്ക്കുന്നതു് അത്യന്തം ഉപയോഗപ്രദവുമാണു്. പ്രായേണ ശാങ്കരഭാഷ്യത്തെ ആശ്രയിച്ചിരിക്കുന്നുണ്ടു് വ്യാഖ്യാനം. അതു് ഏററവും അഭിനന്ദനീയംതന്നെ.

യജ്ഞത്തിനുള്ളതല്ലാത്ത
കർമ്മം ബന്ധത്തിനായ് വരും
ചെയ്ക യജ്ഞത്തിനായ് പാർത്ഥ!
കർമ്മം നീ സംഗമെന്നിയെ (3–9)

എന്നു് ശ്രീമാൻ തിരുമുല്പാടുതന്നെ വിവർത്തനം ചെയ്തിരിക്കുന്ന പദ്യം അദ്ദേഹത്തെക്കുറിച്ചും അർത്ഥവത്താണു്.

അദ്ദേഹം ഈ വിവർത്തനകർമ്മത്തെ ഒരു യജ്ഞമായിട്ടുതന്നെ അനുഷ്ഠിച്ചിരിക്കുന്നു. ശ്രീകൃഷ്ണഭക്തിയോഗത്തിൻെറ പരിണതഫലമായ ഈ കർമ്മയോഗം ജ്ഞാനത്തിലേക്കു നയിക്കുന്നതാണു്. അതിനാൽ സഹസ്രയോഗയോഗിയായ ഗ്രന്ഥകർത്താവു് മററു വിധത്തിലും ഒരുത്തമയോഗിയായി തീർന്നിരിക്കുന്നുവെന്നു് കാണാവുന്നതാണു്. അങ്ങനെ സകലവിധസിദ്ധികളും കൈവന്നു് മേലും ലോകോപകാരപ്രദങ്ങളായ ഗ്രന്ഥങ്ങളുടെ രചന അദ്ദേഹത്തെ പ്രഖ്യാതനാക്കിത്തീർക്കട്ടെ.

*Trivandrum,*
*28—4—1954* *P. Seshadri*

# പ്രാത്ഥന

ഗീതാത്ഥഗ്രഹണത്തിലുണ്ടായ എൻെറ ശ്രമം ഇങ്ങനെ വിവത്തനവും വ്യാഖ്യാനവുമായി രൂപം പൂണ്ടു. ചില വ്യാഖ്യാനങ്ങൾ നോക്കിയിട്ട് എനിയ്ക്കു മനസ്സിലായ അത്ഥത്തെ കഴിയുന്നതും ലളിതമായ ഭാഷയിൽ പ്രകടിപ്പിക്കുവാൻ ശ്രമിച്ചു. പ്രതിപാദ്യത്തെ വ്യക്തമാക്കുന്നതിനുവേണ്ടി ഒരു ടിപ്പണിയും ചേത്തു. പലേ വിവത്തനങ്ങളും വ്യാഖ്യാനങ്ങളും ഉള്ളപ്പോൾ എന്തിനിതുംകൂടെയെന്നാണെങ്കിൽ, മധുസൂദനസരസ്വതികൾ പറഞ്ഞതുപോലെ "സ്വജ്ഞാനശുദ്ധ്യൈ കൃതം" എന്നേ എനിയ്ക്കു സമാധാനമുള്ളു. പിന്നെ ഇതുകൊണ്ട് സാധാരണ ജനങ്ങളിൽ ചിലക്കെങ്കിലും ഗീതയിൽ അഭിനിവേശം ജനിക്കാനിടയായാലതുമായല്ലോ.

ഈ ഉദ്യമത്തിന് മാനുഷികമായ എന്തെങ്കിലും പ്രേരണ ഉണ്ടായിട്ടുണ്ടെങ്കിൽ അത് ബ്രഹ്മശ്രീ ആർ.വെങ്കടാചലയ്യർ B. A., L. T. (Retd.Division Inspector of Schools) അവർകളിൽ നിന്നാണ്. ഗീത വായിയ്ക്കുവാനുപദേശിക്കുക മുതൽ പ്രൂഫ് പരിശോധിയ്ക്കുക വരെ അദ്ദേഹത്തിൻെറ ശിഷ്യവാത്സല്യം ഈ പ്രസിദ്ധീകരണത്തിൽ ഉടനീളം വ്യാപിച്ചിരിക്കുന്നു. "അദ്വേഷ്ടാ സവ്വഭൂതാനാം" എന്നു തുടങ്ങി അദ്ദേഹം ചൊല്ലിയതാണ് ഗീതയിൽ ഞാൻ ആദ്യ

മായികേട്ട ശ്ലോകം. അതാണ് എനിയ്ക്കു ലഭിച്ച ഗീതോപദേശം.

എൻെറ ആഗ്രഹങ്ങളെ സാധിപ്പിക്കുക എന്നതു ജീവിതലക്ഷ്യമാക്കിയിട്ടുള്ള അനുജൻ രാമവർമ്മയുടേയും എൻെറ ഹിതത്തെ അനുസരിക്കുക എന്നതു് സ്വഭാവമാക്കിയിട്ടുള്ള സ്യാലൻ രാമവർമ്മയുടേയും ആ സ്വഭാവവിശേഷങ്ങളാണ് ഈ പ്രസിദ്ധീകരണം സാധിതമാക്കിയതു്. അവരുടെ ആദരത്തെ എന്നും അർഹിക്കുമാറുള്ള സ്വഭാവവിശേഷം എനിയ്ക്കും ഉണ്ടാവട്ടെ.

വാസ്തവത്തിൽ ഈശ്വരൻെറ അനുഗ്രഹംകൊണ്ടാണ് എല്ലാം സാദ്ധ്യമാകുന്നതു്. എന്നാൽ സാരഗർഭമായ അവതാരിക എഴുതിത്തന്ന് ഈ ഉദ്യമത്തേയും എന്നെയും അനുഗ്രഹിച്ച വിദ്യാവിനയസമ്പന്നനായ ബ്രഹ്മശ്രീ പി. ശേഷാദ്രിഅയ്യർ അവർകളുടെ ആ കാരുണ്യത്തിലാണ് ഈശ്വരൻെറ കടാക്ഷം അതിൻെറ പൂർണ്ണതയെ പ്രാപിച്ചതു്. കയ്യെഴുത്തുപ്രതി അദ്ദേഹം പരിശോധിച്ചു് 'പ്രസിദ്ധപ്പെടുത്താം' എന്നനുവദിച്ചപ്പോഴേ എൻെറ സംശയം തീർന്നുള്ളു.

ഇതിലാരുടേയുംതന്നെ പ്രവൃത്തി കൃതജ്ഞതയെ പ്രതീക്ഷിച്ചുകൊണ്ടല്ല എന്നു് വ്യക്തമാണ്. സർവ്വഭൂതങ്ങളുടേയും ഹൃദ്ദേശത്തിൽ സ്ഥിതിചെയ്യുന്ന ഭഗവാൻെറ ഭക്തവാത്സല്യത്തോടാണ്, ആലോചിച്ചാൽ, എല്ലാത്തിനും കൃതജ്ഞത പറയേണ്ടതു്. എന്നും എക്കാലത്തും എല്ലാ വിധത്തിലും ആ വാത്സല്യത്തെ അർഹിയ്ക്കുകയും അനുഭവിയ്ക്കുകയും ചെയ്യുമാറുള്ള

ഭാവവിശേഷം എന്നിലും ഉളവാകട്ടെ എന്ന് പ്രാത്ഥിക്കയല്ലാതെ എനിയ്ക്കെന്തു കഴിയും?

ഭാഗ്യോദയം പ്രസ്സ് ഭാരവാഹികളുടെ പെരുമാററം മാതൃകാപരമാണെന്നുകൂടി പറയട്ടെ.

ഈ തജ്ജിമയിലും വ്യാഖ്യാനത്തിലും വന്നുകൂടിയിട്ടുള്ള വൈകല്യങ്ങളെ ചൂണ്ടിക്കാണിച്ചുതരികയും അങ്ങനെ ഗീതാത്ഥവിചാരത്തെ വളത്തുകയും ചെയ്തുകൊണ്ട് നിമിത്തമാത്രമായി ഞാനാരംഭിച്ചിരിക്കുന്ന ഈ ജ്ഞാനയജ്ഞത്തിൽ പങ്കുകൊള്ളുന്നതിന് എല്ലാവരോടും പ്രാത്ഥിച്ചുകൊള്ളുന്നു.

രാഗാദിരോഗാൻ സതതാനുഷക്താ-
നശേഷകായപ്രസൃതാനശേഷാൻ
ഔത്സുക്യമോഹാരതിദാൻ ജഘാന
യോഽപൂവ്വവൈദ്യായ നമോസ്തു തസ്മൈ

1129 മേടം 22,
അക്ഷയതൃതീയ
ചാലക്കുടി

എന്നു്,
സുജനവിധേയനായ
**വിവത്തകൻ**

ശ്രീ

# ഗീതാമാഹാത്മ്യം

ശ്രീഗണേശനു നമസ്കാരം ശ്രീരാധാരമണനു നമസ്കാരം

ഭൂമീദേവി ചോദിച്ചു:

ഭഗവാനേ ജഗന്നാഥ തെറവപററാത്ത ഭക്തിയെ
പ്രാരബ്ധത്തെബ്ഭുജിയ്ക്കുന്നോൻ പ്രഭോ നേടുന്നതെങ്ങനെ

ശ്രീഭഗവാൻ അരുളി:

പ്രാരബ്ധത്തെബ്ഭുജിയ്ക്കുന്നോൻ ഗീതാധ്യയനതത്പരൻ
മുക്തനാം, സുഖിയാം, പാരിൽ കർമ്മത്താൽക്കറയാന്നിടാ
മഹാപാപാദിപാപങ്ങൾ ഗീതാധ്യാനം നടത്തുകിൽ
തണ്ടാരിലയെ വെള്ളംപോൽത്തീരെത്തൊട്ടുകയില്ലപോൽ
ഗീതയാംഗ്രന്ഥമെങ്ങെ,ങ്ങു നടന്നീടുന്നു പാഠവും
നൂനമങ്ങുണ്ടു തീർത്ഥങ്ങൾ പ്രയാഗാദികളൊക്കെയും
ദേവന്മാർ ഋഷിമാരെല്ലാം യോഗിമാർ പന്നഗങ്ങളും
ഉണ്ടുദ്ധവൻ നാരദനും ഗോപർ ഗോപികൾ പാർഷദർ
സഹായമുളവാകുന്നു വേഗം ഗീതയെഴുന്നെടം
ഗീത ചിന്തിയ്ക്കു വായിയ്ക്കു പഠിപ്പിയ്ക്കുയുമെങ്ങുതാൻ
അങ്ങുവാഴുന്നു ഞാൻ പൃഥ്വി നിശ്ചയം സർവ്വകാലവും
ഗീതാശ്രയത്തിൽ നില്ക്കുന്നേൻ ഗീതയെൻഗൃഹമുത്തമം
ഗീതാജ്ഞാനത്തെ വെച്ചല്ലോ മൂന്നുപാരും ഭരിപ്പു ഞാൻ
ഗീതയെൻപരയാം വിദ്യ ബ്രഹ്മരൂപയസംശയം
അർദ്ധമാത്രാക്ഷരം നിത്യം സ്വാനിർവ്വാച്യപദാത്മകം
നേരിലോതി ചിദാനന്ദൻ കൃഷ്ണനർജ്ജുനനോടിതു്
വേദപ്പൊരുളിതേകുന്നു സുഖം തത്വാർത്ഥസംയുതം
ഉള്ളാറപ്പിച്ചു പതിനെട്ടദ്ധ്യായങ്ങൾ ജപിക്കുവോൻ

ജ്ഞാനസിദ്ധിയിയന്നെത്തും പിന്നെപ്പരപദത്തിലും
മുഴുവൻ പററിയില്ലെങ്കിൽ വേണം പകുതിയെങ്കിലും
എന്നാൽ ഗോദാനപുണ്യത്തെസ്സംശയിക്കേണ്ട നേടിടാം
ഗംഗാസ്നാനഫലംകിട്ടും മൂന്നിലൊന്നു ജപിക്കുകിൽ.
സോമയാഗഫലം നേടാമാറിലൊന്നൊത്തുവെങ്കിലോ
ഭക്തിയോടാരൊരദ്ധ്യായം നിയമേനപഠിയ്ക്കുവോൻ
നീണ്ടാളവന്നു ഗണമായ് രുദ്രലോകത്തിരുന്നിടാം
നിത്യമാരു പഠിക്കുന്നിതദ്ധ്യായം ശ്ലോകപാദമോ
പാരിൽമന്വന്തരത്തോളമിരിക്കും നരനായവൻ
പത്തുതാനേഴുതാനഞ്ചു നാലുതാൻ മൂന്നു രണ്ടുമോ
ഒന്നോ പകുതിയോ ഗീതാശ്ലോകമാരുപഠിക്കുവോൻ
ചന്ദ്രലോകത്തുവാണീടും പതിനായിരമാണ്ടവൻ
ഗീതപാടി മരിക്കുന്നോൻ ജനിക്കും നരനായവൻ
വീണ്ടും ഗീത പഠിച്ചിട്ടുനേടുമുത്തമമുക്തിയെ
ഗീതയെന്നുച്ചരിച്ചിട്ടു മരിച്ചാൽഗതിയാന്നിടും
ഗീതാർത്ഥശ്രവണാസക്തൻ മഹാപാതകിയാകിലും
വൈകുണ്ഠംപൂകിടും സാക്ഷാൽവിഷ്ണുവൊത്തു സുഖിച്ചിടും
കർമ്മങ്ങളെത്രതാൻചെയ്യും ഗീതാർത്ഥത്തെ സ്മരിപ്പവൻ
ജീവന്മുക്തനവൻ നേടും മെയ്‌വീഴ്കെ പ്പരമംപദം
ഗീതയെശ്ശരണം പുക്കു ജനകാദികളാം മന്നവർ
പാപമററുലകിൽപ്പേരും നേടിപ്പൂകി പരംപദം
ഗീതവായിച്ചു മാഹാത്മ്യം വായിക്കാതെയിരിക്കുകിൽ
ആ വായന ഫലിക്കില്ല മെനക്കേടെന്നു ചൊല്ലിടാം
ആരു ഗീതയെ മാഹാത്മ്യത്തോടൊന്നിച്ചു പഠിക്കുവോൻ
അതിൻെറ ഫലമുണ്ടായിട്ടവൻ മോക്ഷമിയന്നിടും

സൂതൻ പറഞ്ഞു:

മാഹാത്മ്യമിതുഗീതയ്ക്കു മാററമററു ചൊല്ലിനേൻ
ഗീതയ്ക്കുശേഷംവായിച്ചാൽ നേടിടാംചൊന്നപോൽഫലം

എന്നു് ശ്രീവാരാഹപുരാണത്തിൽ ഗീതാമാഹാത്മ്യം.

പാർത്ഥന്നേതരുളിക്കൊടുത്തു ഭഗവാൻ
നാരായണന്‍, ചേർത്തിതാ
വ്യാസൻ മാമുനി ഭാരതത്തിലവമ്മ-
ന്നദ്ധ്യായമായേതിനെ
അദ്വൈതാമൃതധാരയേതു,ജനന
ക്ലേശം നശിപ്പിയ്ക്കുവോ-
ന്നേതാദ്ദേവിയെ ഞാൻ സ്മരിപ്പു ഭഗവദ്-
ഗീതാഖ്യയാമംബയേ.

തൊഴുന്നു ഞാൻ വ്യാസ വിടൎന്ന തണ്ടാ-
രിതൾക്കെതിർക്കണ്ണുകളുള്ള നിന്നെ
കൊളുത്തി നീ ഭാരതതൈലപൂർണ്ണം
ജ്ഞാനപ്രദീപത്തെ വിശാലബുദ്ധേ

തൊഴാം ചാട്ടയെടുത്തോനെ യാശ്രിതക്കമരദ്രുവെ
ഗീതാമൃതം തൂകിയോനെ കൃഷ്ണനെ ജ്ഞാനമുദ്രനെ

ഉപനിഷത്തുകൾ ഗോക്കൾ, കറന്നതാ
പ്പശുപസൂനു, കിടാവു കിരീടിയും
അരിയഗീതയതാമമൃതാണു പാ-
ലനുഭവിപ്പവർ ബുദ്ധി തികഞ്ഞവർ

വാസുദേവ തൊഴാം നിന്നെ കംസചാണൂരമർദ്ദന
ദേവകീപരമാനന്ദ ദേവ കൃഷ്ണ ജഗദ്ഗുരോ

ഭീഷ്മദ്രോണതടം ജയദ്രഥജലം
ഗാന്ധാരനീലോല്പലം
ശല്യൻ നക്രമൊഴുക്കുതാൻ കൃപനല-
ത്തല്ലാണതിൽക്കർണ്ണനും
അശ്വത്ഥാമവികർണ്ണരാം തിമികളും
ദുര്യ്യോധനൻ നീർച്ചുഴി-
പ്പീയങ്കപ്പുഴ താണ്ടി പാണ്ഡവർ, തുഴ-
ഞ്ഞെത്തിച്ചതോ കേശവൻ,

വേദവ്യാസവചസ്സരസ്സിലുളവാ-
യാഖ്യാനമാമല്ലിപൂ-
ണ്ടാ ഗീതാൎത്ഥസുഗന്ധമാൎന്നു ഹരിവൃ-
ത്തത്താൽ വിടൎന്നങ്ങനെ
പേൎത്തും സത്തുക്കളായ വണ്ടുകൾ നുക-
ൎന്നീമട്ടഴക്കാറെഴു-
ന്നോരാബ്ഭാരതപങ്കജം കലിമലം
തീൎത്തേകണം മംഗളം

മൂകനെച്ചൊല്ലിനാളാക്കും മലകേററും മുടന്തനെ
നിന്നൻപു, തൊഴുതേൻ ദേവ പരമാനന്ദ മാധവ
പുണ്യമാം ഗീതയാം ശാസ്ത്രം ശുദ്ധനായു പഠിക്കുമോ
എത്തും വിഷ്ണുപദത്തിങ്കൽബ്ഭയശോകാദിററിട്ടവൻ
ഗീത വായിക്കുതോൻ പ്രാണായാമംശീലിക്കയെന്നുമേ
എങ്കിൽപ്പാപങ്ങൾനില്ക്കില്ല പൂൎവ്വജന്മകൃതങ്ങളും
എന്നുമെന്നും ജലസ്നാനം ചെയ്യിൽപ്പോകുമഴക്കുകൾ
പോംസംസാരമലംഗീതാംഭസ്സിൽത്താനൊന്നുമുങ്ങുകിൽ
ഗീതവായിച്ചനുഷ്ഠിയ്ക്കു, മററശാസ്ത്രങ്ങളെന്തിനാം
ഒഴുകിപ്പത്മനാഭൻെറ മുഖപത്മത്തിൽനിന്നതു്.
ഭാരതാമൃതസൎവ്വസ്വം വിഷ്ണുവക്ത്രവിനിസ്സൃതം
കുടിയ്ക്കു ഗീതാഗംഗാംഭസ്സെങ്കിൽപ്പിന്നെജനിച്ചിടാ
കൃഷ്ണനോതിയതേ ശാസ്ത്രം ദേവൻ നമ്മൾക്കു കൃഷ്ണനേ
കൃഷ്ണൻെറ നാമമേ മന്ത്രം കൎമ്മവും കൃഷ്ണസേവയേ.

വാഴ്ത്തുന്നൂ വിധിരുദ്രവായുവരുണേ-
ന്ദ്രന്മാർ, പുകഴ്ത്തുന്നുപോൽ
വേദം സാംഗപദക്രമോപനിഷദം
പാടിപ്പുരം സാമഗർ
ധ്യാനം പൂണ്ടതിലൂന്നമുള്ളൊടു നിരീ-
ക്ഷിക്കുന്നു യോഗീന്ദ്രരും
തത്വം കണ്ടറിയാ സുരാസുരരുമാ
ദ്ദേവന്നു കൂപ്പുന്നു ഞാൻ-

# ശ്രീ
# ഭഗവദ്ഗീത

(ഭാഷ)

## 1
## അർജ്ജുനവിഷാദയോഗം

**ധൃതരാഷ്ട്രൻ പറഞ്ഞു:**

ധർമ്മം വാർക്കും കുരുക്ഷേത്ര-
മതിലങ്കത്തിനെത്തിയോർ
എൻമക്കളും പാണ്ഡവരും
ചെയ്തതെന്താണു സഞ്ജയ 1

**സഞ്ജയൻ പറഞ്ഞു:**

മന്നൻ ദുര്യോധനൻ വ്യൂഹം
പൂണ്ട പാണ്ഡവസേനയെ
കണ്ടാചാര്യന്റെ ചാരത്തു
ചെന്നുനിന്നോതിയിങ്ങനെ 2

---

1) കുരുക്ഷേത്രത്തിൽവെച്ചു നടന്ന ഇതിഹാസപ്രസിദ്ധമായ ഭാരതയുദ്ധത്തിന്റെ ആരംഭത്തിൽ ശത്രുപക്ഷത്തിൽ സ്വജനങ്ങളെക്കണ്ടു് കരുണ പൂണ്ടു ധർമ്മസങ്കടത്തിൽപ്പെട്ടു് സ്വധർമ്മത്തിൽ നിന്നു തെററുവാൻ തുടങ്ങിയ അർജ്ജുനനു് പാർത്ഥസാരഥിയായിരുന്ന ഭഗവാൻ സംശയം തീർത്തു് കർത്തവ്യത്തെ ഉപദേശിച്ചതാണു് ഗീത. ധൃതരാഷ്ട്രനും സഞ്ജയനും തമ്മിൽ ഉണ്ടായ സംഭാഷണമായാണു് യുദ്ധം വർണ്ണിക്കപ്പെട്ടിരിക്കുന്നതു്. വാർക്കും=വളരുന്ന അങ്കം=യുദ്ധം.

2) വ്യൂഹം പൂണ്ട=അണിയണിയായു് നിന്ന.

ഇതാ കണ്ടാലുമാചാര്യ
പെരും പാണ്ഡവസേനയെ
അണിയായ് നിർത്തി നിൻശിഷ്യൻ
മതിമാൻ ദ്രുപദാത്മജൻ 3

വില്ലാളിവീരരടരിൽ
ബ്ഭീമാർജ്ജുനരൊടൊത്തവർ
മഹാരഥൻ ദ്രുപദനും,
യുയുധാനൻ, വിരാടനും, 4

ചേകിതാനൻ, ധൃഷ്ടകേതു,
വീരനാം കാശിരാജനും,
പുരുജിത്തും, കുന്തിഭോജൻ,
ശൈബ്യൻ നരരിലുത്തമൻ, 5

വീരനാമുത്തമൌജസ്സ്,
യുധാമന്യു പരാക്രമി,
സൌഭദ്രൻ, ദ്രൌപദേയന്മാ,-
രിതിലെല്ലാം മഹാരഥർ 6

നമ്മിലും മുമ്പരാരെന്നും
ദ്വിജോത്തമ ധരിയ്ക്കുക
എൻപാടത്തലവന്മാരെ
പ്പറയാമോർമ്മ വെയ്ക്കുവാൻ 7

---

3) ദ്രുപദാത്മജൻ = ധൃഷ്ടദ്യുമ്നൻ

4) പതിനായിരം യോധന്മാരോട് ഒററയ്ക്കു പൊരുതി ജയിക്കുവാൻ ത്രാണിയുള്ളവനാണ് മഹാരഥൻ.

6) സൌഭദ്രൻ=സുഭദ്രാപുത്രനായ അഭിമന്യു.
ദ്രൌപദേയന്മാർ=പാഞ്ചാലീപുത്രന്മാർ.

അങ്ങുന്നു, ഭീഷ്മ, നകണ്ണൻ,
കൃപൻ യുദ്ധം ജയിക്കുവോൻ,
അശ്വത്ഥാമാ, വാ വികണ്ണൻ
സൌമദത്തി, ജയദ്രഥൻ, 8

വേറെയും ശൂരരുണ്ടേറെ
യെനിയ്ക്കായുയിർ വിട്ടവർ
അസ്ത്രശസ്ത്രങ്ങൾ പലതാ-
ണ്ടേവരും പോർമിടുക്കരാം. 9

അതിനാൽ മതിയാം നമ്മൾ-
ക്കീ ബലം ഭീഷ്മരക്ഷിതം
അവക്കു മതിയാവില്ല
ഭീമരക്ഷിതമാ ബലം 10

ചെന്നു സേനാമുഖം തോറും
നിന്നിടം വെടിയാതിനി
നോക്കി രക്ഷിക്കണം നിങ്ങൾ
ഭീഷ്മരെത്തന്നെയേവരും 11

---

9) ശസ്ത്രാണി വിദാരകാണി ഖഡ്ഗാദീനി, പ്രഹരണാനികേവലം പ്രഹാരാർത്ഥാനി ഗദാദീനി, നാനാവിധാനി യേഷാം തേ (നീലകണ്ഠഃ)

10) മതിയാം=ശക്തമാകും. ബലം=സൈന്യം.

11) സേനാപതിയുടെ രക്ഷ സർവസേനയുടെയും രക്ഷയ്ക്കു കാരണമാണല്ലോ. ഭീഷ്മർ ശിഖണ്ഡിയോടു യുദ്ധം ചെയ്കയില്ല. അതുകൊണ്ടു ശിഖണ്ഡിയോടു എതിരിടാനിടകൊടുക്കാതിരുന്നാൽ ഭീഷ്മർ വിജയിയാകും. ശിഖണ്ഡി നേരിട്ടാലപായവും വരും.

അവനുത്സാഹമുണ്ടാക്കി
ക്കൊണ്ടു മുത്തപ്പനുജ്ജ്വലൻ
ഗർജ്ജിച്ചുറക്കെശ്ശംഖൂതി
കൌരവന്മാർക്കു കാണ്കവേ 12

ശംഖാനകം പണവവും
ഗോമുഖം ഭേരിയെന്നവ
പെട്ടെന്നടിയ്ക്കപ്പെട്ടുണ്ടാം
ശബ്ദമപ്പോൾ മുഴക്കമായ് 13

വെള്ളവാജികളെപ്പൂട്ടി
യുള്ള വൻതേരിലേറിയോർ
കൃഷ്ണനും പാർത്ഥനും പിന്നെ
ദിവ്യശംഖുകളൂതിനാർ 14

ശ്രീകൃഷ്ണനാ പ്പാഞ്ചജന്യ-
മർജ്ജുനൻ ദേവദത്തവും
പൌണ്ഡ്റമെന്ന പെരുംശംഖു
ഭീമനൂതി ഭയങ്കരൻ 15

അനന്തവിജയം ഭൂപൻ
കുന്തീപുത്രൻ യുധിഷ്ഠിരൻ
നകുലൻ സഹദേവൻതാൻ
സുഘോഷം മണിപുഷ്പകം 16

---

12) ഉജ്ജ്വലൻ=പ്രതാപവാൻ
ഹർഷം യുദ്ധോത്സാഹം ജനയൻ (നീലകണ്ഠഃ)
13) ശംഖം മുതലായവ വാദ്യവിശേഷങ്ങളാകുന്നു.
14) വാജികൾ=കുതിരകൾ

വില്ലാളിവീരനാം കാശ്യ-
നശ്ശിഖണ്ഡി മഹാരഥൻ
ധൃഷ്ടദ്യുമ്നൻ വിരാടൻതാൻ
തോൽവി പററാത്ത സാത്യകി 17

ദ്രുപദൻ ദ്രൗപദേയന്മാർ
കയ്യൂക്കുള്ളഭിമന്യുവും
രാജാവേ ശംഖമെല്ലാരും
വേറേ വേറേ മുഴക്കിനാർ 18

മണ്ണിലും വിണ്ണിലും മുട്ടി
മാറെറാലിച്ചു മുഴങ്ങിടും
ആ ഘോഷം കൌരവന്മാർക്കു
പിളന്നു ഹൃദയങ്ങളെ 19

യുദ്ധം തുടങ്ങാറായപ്പോൾ
വില്ലെടുത്തു കപിദ്ധ്വജൻ
നിരന്നുറച്ചു നില്ക്കുന്ന
കൌരവന്മാരെയർജ്ജുനൻ 20

കണ്ടു കണ്ണനൊടീവണ്ണ-
മുരചെയ്തു മഹീപതേ.

**അർജ്ജുനൻ പറഞ്ഞു:**

കൃഷ്ണ സൈന്യങ്ങൾ രണ്ടിന്നും
നടുക്കെൻ തേരുനിർത്തുക 21

ഒന്നു കാണട്ടെ യുദ്ധത്തി-
നൊരുങ്ങിടപ്പോന്ന കൂട്ടരെ
പോരിലാരൊക്കെയാണെന്നോ-
ടിന്നെതിർത്തടരാടുവാൻ 22

ദുർബ്ബുദ്ധി ദുര്യോധനനു
പോരിലിഷ്ടം നടത്തുവാൻ
പടയ്ക്കൊരുങ്ങി വന്നുള്ളോ-
രിവരെക്കണ്ടിടട്ടെ ഞാൻ 23

**സഞ്ജയൻ പറഞ്ഞു:**

എന്നു പാണ്ഡവനീമട്ടു
ചൊന്നവാറാ മഹാരഥം
ഭീഷ്മൻ ദ്രോണൻ നൃപാലന്മാ-
രേവർക്കും മുമ്പിലച്യുതൻ 24

സൈന്യങ്ങൾ രണ്ടിനും മദ്ധ്യേ
നിർത്തിയിങ്ങനെയോതിനാൻ
"കാൺക പാർത്ഥ രണത്തിന്നായ്
കൂടിനില്ക്കും കുരുക്കളെ" 25

മുത്തച്ഛന്മാർ, പിതാക്കന്മാ,-
രമ്മാമന്മാർ, ഗുരുക്കളും,
മക്കൾ, തന്മക്കൾ, മിത്രങ്ങൾ
സുഹൃത്തുക്കൾ, സഹോദരർ, 26

ശ്വശുരന്മാരെന്നു കണ്ടാൻ
പാർത്ഥനാ രണ്ടുപക്ഷിലും
ഒരുമ്പെട്ടവർ ബന്ധുക്ക-
ളെന്നു കണ്ടു ധനഞ്ജയൻ 27

---

26) മുത്തച്ഛന്മാർ=ഭീഷ്മാദികൾ, പിതാക്കൾ=ഭൂരിശ്രവസ്സു മുതലായ പിതൃവ്യാദികൾ, മിത്രങ്ങൾ=പ്രതിഫലം ഇച്ഛിക്കാതെ ചെങ്ങാതിമാർക്കുവേണ്ടി ത്യാഗം ചെയ്യുന്നവർ, സുഹൃത്തുക്കൾ=ശുഭകാംക്ഷികൾ.

പാരം കനിവിയന്നേററം
വിഷാദത്തോടു ചൊല്ലിനാൻ

**അൎജ്ജുനൻ പറഞ്ഞു:**

കണ്ണ പോരിന്നു വന്നിങ്ങു
നില്ക്കുമീ സ്വജനത്തിനെ 28

കണ്ടു മെയ് തളരുന്നല്ലോ
വായേറെ വരളുന്നുമേ
വിറകൊള്ളുന്നു സർവ്വാംഗം
കോൾമയിർക്കൊണ്ടിടുന്നു ഞാൻ 29

കയ്യിൽ നിന്നൂൎന്നു പോകുന്നു
ഗാണ്ഡീവം, നീററിടുന്നു മേൽ
നിൽക്കുവാൻ വയ്യ, തോന്നുന്നു
മനസ്സു ചുഴലുന്നപോൽ 30

പ്രതികൂലങ്ങളായ്ക്കാണ്മൂ
ശകുനങ്ങളുമച്യുത
കാണ്മീല മേന്മയും പോരിൽ
സ്വജനത്തിൻ വധത്തിനാൽ 31

വേണ്ടെനിയ്ക്കീ വിജയവും
കൃഷ്ണ രാജ്യം സുഖങ്ങളും
എന്തിനീ രാജ്യമീഭോഗ-
മീ ജീവിതവുമച്യുത 32

ഈ രാജ്യസുഖഭോഗങ്ങ-
ളാരെയോൎത്താഗ്രഹിച്ചു നാം
പ്രാണനും ധനവും വിട്ടു
നിൽക്കുന്നിതവർ പോരിനായ്. 33

ആചാൎയ്യന്മാർ, പിതാക്കന്മാർ,
മുത്തച്ഛന്മാർ, തനൂജരും,
പൌത്രരാം ശ്വശുരന്മാരും
സ്യാലർ, മാതുലർ, ബാന്ധവർ 34

എന്നെക്കൊന്നാലുമിവരെ
ക്കൊല്ലുവാനിച്ഛയില്ല മേ
മൂപ്പാരു കിട്ടിയാൽപ്പോലും-
മണ്ണിനായെന്തു? മാധവ 35

എന്തു താൻ കൌരവന്മാരെ-
ക്കൊന്നിട്ടു സുഖമച്യുത
ഇവരെക്കൊല്ലുകിൽപ്പാപ-
മാതതായികളാകിലും 36

ബന്ധുക്കളാം കൌരവരെ
ക്കൊന്നുകൂട നമുക്കഹോ
കണ്ണ ബന്ധുക്കളെ ക്കൊന്നു
സുഖിച്ചീടുന്നതെങ്ങനെ 37

---

36) തീ, വിഷം ഇവകൊണ്ടു കൊല്ലാൻ ശ്രമിച്ചവർ, ആയുധവുമേന്തി കൊല്ലാൻവരുന്നവർ, ധനം, ഭൂമി, ഭാൎയ്യ ഇവയെ അപഹരിച്ചവർ ഇവരെല്ലാം ആതതായികളാകുന്നു. കൗരവന്മാർ എല്ലാ വിധത്തിലും ആതതായികളാണെങ്കിലും, ആതതായികളെക്കൊല്ലുവാൻ വിരോധമില്ലെന്നു് അൎത്ഥശാസ്ത്രവിധിയുണ്ടെങ്കിലും, 'കൊല്ലരുതു്' എന്ന ധൎമ്മശാസ്ത്രവിധി അധികം ആദരണീയമാകുന്നു എന്നു താല്പൎയ്യം.

വംശം ക്ഷയിക്കിലെദ്ദോഷം
ക്രുദ്ധരെക്കൊന്ന പാതകം
മതികെട്ടതിലോഭത്താ-
ലറിവീലിവരെങ്കിലും 38

വംശം ക്ഷയിയ്ക്കിലെദ്ദോഷം
കാണും നാം മധുസൂദന
ഇപ്പാതകത്തിൽ നിന്നിന്നു
പിൻവാങ്ങാനറിയേണ്ടയോ? 39

കുലം ക്ഷയിച്ചാലഴിയും
കുലധമ്മം സനാതനം
ധമ്മം നശിച്ചാൽ വംശത്തെ
യാക്രമിയ്ക്കുമധമ്മവും 40

അധമ്മം കൃഷ്ണ ബാധിച്ചാൽ
കുലസ്ത്രീകൾ ദുഷിച്ചുപോം
കണ്ണു പെണ്ണുങ്ങൾ കെട്ടെന്നാൽ
വണ്ണസങ്കരവും വരും 41

കലർപ്പു നരകത്തിന്നാം
കുലഘ്നക്കും കുലത്തിനും
പിണ്ഡോദകങ്ങൾ കിട്ടാതെ
വീണുപോം തൽപിതൃക്കളും 42

---

39) സനാതനം=എന്നുമുള്ളതു്

42) കലർപ്പു്=വർണ്ണസങ്കരം, കുലഘ്നർ=കുലക്ഷയത്തിനു കാരണമാവുന്നവർ, തൽപിതൃക്കൾ=പിഴച്ച കുലത്തിലുള്ളവരുടേയും കുലം പിഴപ്പിച്ചവരുടേയും പരേതാത്മാക്കൾ.

കുലഘ്നർ ചെയ്യും വർണ്ണങ്ങൾ
കലൎത്തും തെററിനാൽ കെട്ടും
ജാതികൾക്കും കുലങ്ങൾക്കു-
മുള്ള ശാശ്വതധൎമ്മവും 43

തളൎന്നു കുലധൎമ്മങ്ങ-
ളെങ്കിലാമൎത്ത്യരച്യുത
എന്നുമേ നരകത്തിങ്കൽ
വാഴുമെന്നുണ്ടു കേൾവിയും 44

അയ്യോ കഷ്ടം മഹാപാപം
ചെയ്യാനായിത്തുനിഞ്ഞുപോയ്
രാജ്യസൗഖ്യം കൊതിച്ചോങ്ങി
ക്കുറവകാർ തൻ കൊലയ്ക്കു നാം 45

എതിൎക്കാതായുധം വെയ്ക്കു-
മെന്നെയായുധധാരികൾ
കൌരവന്മാർ രണത്തിങ്കൽ
കൊന്നാൽ നന്നായിരുന്നു മേ 46

**സഞ്ജയൻ പറഞ്ഞു:**

പോക്കിളം പൂകിയിമ്മട്ടു
ചൊന്നു തേരിലിരുന്നതേ
അല്ലലാലുള്ളഴന്നമ്പും
വില്ലും വിട്ടു ധനഞ്ജയൻ 47

---

45) ഓങ്ങി=ഉൽസാഹിച്ചു. ക്കുറവകാർ =ബന്ധുക്കൾ.
46) മേ=എനിക്കു്

# 2

# സാംഖ്യയോഗം

**സഞ്ജയൻ പറഞ്ഞു:**

കൃപപൂണ്ടക്ഷി നീർ തിങ്ങി
ക്കലങ്ങിപ്പരമങ്ങനെ
മാഴ്കുന്നൊരവനോടോതി
മധുസൂദനനിങ്ങനെ 1

**ശ്രീഭഗവാൻ പറഞ്ഞു:**

നിന്നെയെങ്ങനെ താൻ തീണ്ടി
സ്സങ്കടത്തിങ്കലജ്ജ്ജുന
അയശസ്കരമസ്വർഗ്ഗ്യ-
മാര്യർ കൊള്ളാത്ത കശ്മലം 2

---

1) അർജ്ജുനൻ ദ്വേഷം നിമിത്തമാണ് യുദ്ധത്തിന പുറപ്പെട്ടതു്. യുദ്ധഭൂമിയിൽ ബന്ധുജനത്തെക്കണ്ടപ്പോഴാ ആ ദ്വേഷത്തിൻെറ സ്ഥാനത്തു് അതിന വിപരീതഗുണമായ രാഗം ആവിർഭവിച്ചു. എന്നാൽ ദ്വേഷം പോലെതന്നെ രാഗവും കർമ്മയോഗാനുഷ്ഠാനത്തിനു് ആവശ്യമായ സാമ്യബുദ്ധിയ്ക്ക തടസ്സമാകയാൽ, തത്ത്വോപദേശം കൊണ്ടു് അതിനേയും നശിപ്പിക്കുകയാണു് ഭഗവാൻ.

2) സങ്കടം=വിഷമസന്ദർഭം. അയശസ്കരം=ചീത്തപ്പേരുണ്ടാക്കുന്നതു്. അസ്വർഗ്ഗ്യം=സ്വർഗ്ഗപ്രാപ്തിയ്ക്കു തടസ്സ

കൈവിടായ്കേതുമാണത്തം,
ചേർന്നതല്ലിതു പാർത്ഥ തേ
അധൈര്യമിതു നിസ്സാരം
വീര വിട്ടെഴുന്നേൽക്കുക 3

**അർജ്ജുനൻ പറഞ്ഞു:**

എമ്മട്ടമ്പെയ്തെതിർക്കേണ്ടു
പോരിൽ ഞാൻ മധുസൂദന
പൂജ്യരാം ഭീഷ്മരെപ്പിന്നെ
ദ്രോണരേയും ജനാർദ്ദന 4

മഹതാമേറുന്ന ഗുരുക്കളെക്കൊ-
ന്നീടാതിരന്നുണ്മതുമിങ്ങു നല്ലൂ
അർത്ഥം കൊതിയ്ക്കുന്ന ഗുരുക്കളെക്കൊ-
ന്നിങ്ങേല്ലയോ ചോര പുരണ്ട ഭോഗം 5

---

മായിട്ടുള്ളതു്. ആര്യർ=സജ്ജനങ്ങൾ. കൊള്ളാത്തതു്=സ്വീകരിക്കാത്തതു്. കശ്മലം=മാലിന്യം, പാപം.

3) അതു്=ആണത്തം കൈവിടുക എന്നതു്. തേ=നിനക്കു്. നിസ്സാരം=കാതലില്ലാത്തതു്.

5) തുച്ഛമായ ലൌകികസുഖത്തെ അനുഭവിയ്ക്കുന്നതിനുള്ള സാമഗ്രികൾക്കുവേണ്ടി ഗുരുക്കളെക്കൊല്ലുന്നതോ അവയെ ആഗ്രഹിക്കുന്ന ഗുരുക്കൾക്കുവേണ്ടി അവയെ ഉപേക്ഷിക്കുക എന്ന ത്യാഗത്തെ ചെയ്യുന്നതോ ധർമ്മം എന്ന ശങ്കയിൽ ഗുരുവധത്തിലും ശ്രേയസ്സ് സുഖത്യാഗമാണെന്നു അർജ്ജുനനു തോന്നുന്നു.

(ലിങ്ഗ്പ്രശ്നേ.)

അറിഞ്ഞിടുന്നില്ലേതു മേന്മയെന്നു
ജയിച്ചിടാം തോല്വിയുമാർന്നിടാം നാം
ആശിപ്പതില്ലാരെ വധിച്ചു വാഴാ-
നക്കൗരവന്മാരിതാ നിൽപു മുമ്പിൽ 6

ചോദിപ്പിതജ്ഞാനവശാൽ സ്വഭാവം
ദുഷിച്ചു ധർമ്മം തിരിയാതിതാ ഞാൻ
ചൊൽകെന്നൊടേതുത്തമമെന്നുറച്ചു
ശാസിക്കു, ഞാനാശ്രിതനായ ശിഷ്യൻ 7

ശത്രുക്കളില്ലാതെ സമൃദ്ധമായ
നാടോ സുരാധീശതയോ ലഭിച്ചും
കാണ്മീല ഞാനിന്ദ്രിയശോഷമേകും
ശോകം കളഞ്ഞീടുവതിന്നൊരെണ്ണം 8

---

6) യുദ്ധത്തിന്റെ അനിശ്ചിതപരിണാമത്തിൽ തങ്ങൾ ജയിച്ചാൽ തന്നെ സ്വജനഹിംസ കൊണ്ടേ അതു സാധിതമാകൂ.

7) യോവാ ഏതദക്ഷരം ഗാർഗ്ഗ്യവിദിത്വാസ്മാൽ ലോകാൽ പ്രൈതി സ കൃപണ: (അല്ലയോ ഗാർഗ്ഗി, ആരു് ഈ അക്ഷരത്തെ (ബ്രഹ്മത്തെ) അറിയാതെ ഈ ലോകത്തിൽനിന്നു പോകുന്നുവോ അവൻ കൃപണനാകുന്നു) എന്നുപനിഷത്തു്.

അല്പനാശത്തിൽപ്പോലും വ്യസനിക്കുന്നവരാണു് കൃപണർ. ആത്മജ്ഞാനമില്ലാത്തവർ ക്ഷുദ്രമായ പ്രാപഞ്ചിക വസ്തുനാശത്തിൽ വ്യസനിക്കുന്നു. അതുകൊണ്ടു് ആത്മജ്ഞാനമില്ലാത്തവൻ എന്നർത്ഥമുള്ള കൃപണശബ്ദത്തിന്റെ ഭാവമായ കാർപ്പണ്യമെന്നതിനു് അജ്ഞാനം എന്നർത്ഥം പറഞ്ഞിരിക്കുന്നു.

8) സുരാധീശത=ബ്രഹ്മപദവി

**സഞ്ജയൻ പറഞ്ഞു:**

വീരനാകും ഗുഡാകേശൻ
ഹൃഷീകേശനൊടിങ്ങനെ
ഓതി, "യുദ്ധത്തിനില്ലെ"ന്നു
ചൊന്നുമിണ്ടാതിരുന്നു തേ 9

പടകൾക്കിടയിൽപ്പുക്ക
മാഴ്കുവോനൊടു മന്നവ
പറഞ്ഞൂ പരിഹാസം പൂ-
ണ്ടെന്നപോൽ പാർത്ഥസാരഥി 10

**ശ്രീഭഗവാൻ പറഞ്ഞു:**

കേണു കേഴപ്പെടേണ്ടാത്തോ-
ർക്കോതുന്നു ന്യായവാദവും
മരിപ്പോർക്കുമിരിപ്പോർക്കും
വേണ്ടികേഴില്ല പണ്ഡിതർ 11

എന്നുമില്ലാതിരുന്നില്ല
ഞാനും നീയും നൃപാലരും
ഇല്ലാതാവില്ല താനും നാ-
മെല്ലാരുമിനിമേലിലും 12

---

9) ഗുഡാകേശൻ=നിദ്രയെ (ആലസ്യത്തെ) ജയിച്ച അർജ്ജുനൻ. ഹൃഷീകേശൻ=ഇന്ദ്രിയങ്ങളുടെ നിയന്താവായ ഈശ്വരൻ.

11) കേഴപ്പെടേണ്ടാത്തോർക്ക്=ആരുടെ മരണത്തിൽ ശോചിക്കേണ്ടതില്ലയോ അവരെക്കുറിച്ച്. ന്യായവാദം=യുക്തിവാദം.

12) മരണം എന്നതു് അവസ്ഥാന്തരപ്രാപ്തി മാത്രമാണ്, ഇല്ലാതാവുക എന്നതല്ല.

ബാല്യം യുവത്വം വാർദ്ധക്യ-
മീമെയ്യിലുള്ളവാംവിധം
മെയ്മാറിക്കൊള്ളലും ദേഹി-
യ്ക്കതിൽ ധീരൻ കലങ്ങിടാ 13

നില്ക്കാ, വരും പോം, ശീതോഷ്ണ-
സുഖദുഃഖങ്ങളെത്തരും
ഇന്ദ്രിയാർത്ഥങ്ങൾ തൻ ബന്ധ-
മതു പാർത്ഥ സഹിക്കുക. 14

ഒരുപോൽ സുഖദുഃഖങ്ങൾ
കരുതും ധീരനേവനെ
വലയ്ക്കില്ലിതു, മോക്ഷത്തി-
നവനർഹൻ നരോത്തമ 15

ഉണ്ടാവില്ലേതുമില്ലാത്ത-
തുള്ളതില്ലാതെയായിടാ
രണ്ടിവയ്ക്കിയലും സൂക്ഷ്മം
കണ്ടിട്ടും തത്ത്വദർശികൾ 16

---

13) മെയ്മാറിക്കൊള്ളൽ=ഒരു ശരീരം ഉപേക്ഷിച്ച് വേറൊരു ശരീരം സ്വീകരിക്കൽ. ദേഹി=വാസന (സംസ്കാരവിശേഷം) നിമിത്തം ദേഹം സ്വീകരിക്കാതെ നിവൃത്തിയില്ലാത്ത ആത്മാവ്.

14) തണുപ്പും ഉഷ്ണവും സുഖവും ദുഃഖവും മററും തോന്നുന്നത് ഇന്ദ്രിയങ്ങളും അർത്ഥങ്ങളും തമ്മിൽ ബന്ധപ്പെടുന്നതുകൊണ്ടാണ്. ഈ ബന്ധം വന്നും പോയുമിരിക്കുക നിമിത്തം അനിത്യമാകുന്നു. നില്ക്കാ=നിലനില്ക്കില്ല, അനിത്യമാകുന്നു. സഹിക്കുക=അതുകൊണ്ടു ഭാവഭേദംവരാതെ ശ്രദ്ധിയ്ക്കുക.

15) അതു് = ഇന്ദ്രിയാർത്ഥബന്ധം

ഇപ്രപഞ്ചം നിറഞ്ഞുള്ള-
തു കാൺകഴിവററതാം
ആത്മമാകാ നശിപ്പിയ്ക്കാൻ
ഭാവം മാറാത്ത വസ്തുവേ 17

നിത്യനായ് നാശമില്ലാതെ
യളവൊക്കാത്ത ദേഹിതൻ
ദേഹം നശിക്കുമെന്നോർപ്പൂ
യുദ്ധം ചെയ്കതിനാൽ സഖേ 18

ഇതു കൊല്ലുന്നിതിതിനെ
ക്കൊന്നുവെന്നോർത്തിടുന്നവർ
അറിവോരല്ല, കൊല്ലില്ല
കൊല്ലപ്പെട്ടുകയില്ലിതു് 19

---

17) അതു് = ബ്രഹ്മം തന്നെയായ ആത്മാവ്. അതു് 'ഇല്ലാതെ ആവാത്ത ഉള്ളതാണ്.' മററുള്ളവയെല്ലാം 'ഉണ്ടാവാത്ത ഇല്ലാത്തതു്' ആകുന്നു.

18) നിത്യൻ=അദർശനം (കാണാതാവൽ) ഇല്ലാത്തതു് നാശമില്ലാത്തതു്=പരിണാമം (രൂപഭേദം) വരാത്തതു്. അളവു് ഒക്കാത്തതു്=രൂപവും ഗുണവും കൊണ്ടു് ഇന്ന തരത്തിലാണെന്നു അളന്നറിയാവുന്നതല്ലാത്തതു് (വേറെ പ്രമാണങ്ങളും ഇല്ലാത്തതു്) വേദവും മററും ആത്മാവിനെക്കുറിച്ചുള്ള മിഥ്യാജ്ഞാനത്തെ ഇല്ലാതാക്കുന്നതേ ഉള്ളു. ശരീരമല്ല ആത്മാവു് എന്നറിഞ്ഞ് നീ ഭീഷ്മാദികളുടെ ശരീരനാശത്തെക്കുറിച്ചു് ഭയപ്പെട്ടു യുദ്ധം ചെയ്യാതിരിക്കേണ്ട എന്നർത്ഥം.

ജനിച്ചിടുന്നില്ല, മരിപ്പതില്ലി-
ത്തുണ്ടായിയില്ലാതെയുമാവതില്ല.
പണ്ടേ ജനിയ്ക്കാതൊരുപോലെയെന്നു-
മുള്ളൊന്നു ചാവില്ലുടൽ വെട്ടിയാലും 20

ജന്മവും നാശവും കൂടാ-
തൊരുപോലെന്നുമുള്ളതായ്
അതിനെക്കാണുവോനെമ്മ-
ട്ടാരെക്കൊല്ലിപ്പു; കൊൽവുതാൻ 21

മുണ്ടൊന്നു കീറുമ്പൊഴതെപ്രകാരം
മാറുന്നു വേറേ പുതുതൊന്നു മർത്ത്യൻ
മെയ്യൊന്നു ജീർണ്ണിപ്പളവപ്രകാരം
വിട്ടേല്പു വേറേ പുതുതൊന്നു ദേഹി 22

മുറിയ്ക്കില്ലിതിനെശ്ശസ്ത്ര-
മിതിനെത്തീയെരിച്ചിടാ
നനയ്ക്കാ വെള്ളമിതിനെ-
യിതിനെക്കാററുണക്കിടാ. 23

---

20) പണ്ടേയുള്ളതു് (പുരാണൻ) ജനിക്കാതെയുള്ളതു് (അജൻ) ഒരുപോലെയുള്ളതു് (ശാശ്വതൻ) എന്നുമുള്ളതു് (നിത്യൻ)

22) മർത്ത്യൻ=കർമ്മവാസന നിമിത്തം മോക്ഷത്തിനർഹനല്ലാത്തവൻ. ദേഹി=വാസനയ്ക്കനുസരിച്ച് ശരീരം കൈക്കൊള്ളാതെ നിവൃത്തിയില്ലാത്ത ആത്മാവു്. ജീർണ്ണിപ്പളവു്=ജര ബാധിക്കുമ്പോൾ. [illegible]ിക്കുന്നു,

മറിയില്ലെരിയില്ലേതും
നനയില്ലിതുണങ്ങിടാ
എന്നുമുണ്ടെങ്ങുമേ മാറാ-
തിളകാതെന്നുമൊന്നുതാൻ 24

വ്യക്തമല്ല നിനയ്ക്കാൻ വ-
യ്യില്ല ഭേദവുമേതുമേ
ഇതിൻ സ്വഭാവമീവണ്ണ-
മറിഞ്ഞത്തലൊഴിക്കുക 25

ജനനം മരണം നിത്യ
മിതിൻപ്രകൃതിയെന്നുതാൻ
ഓർക്കിലും വീര ശോചിയ്ക്കാ-
നേതുമില്ലിതിലർജ്ജുന 26

ജനിച്ചാൽ നിശ്ചയം മൃത്യു
മരിച്ചാൽ ജന്മവും ദൃഢം
അതിനാൽ നീക്കവെയ്യാത്തു-
ള്ളതിൽ ശ്ശോചിച്ചിടായ്ക നീ 27

അവ്യക്തമാദി, മധ്യം താൻ
വ്യക്തമേതിനുമർജ്ജുന
അവ്യക്തമന്ത, മതിലെ-
ന്താവലാതിയ്ക്കു സംഗതി 28

---

24) മാറാതെ=മാററം കൂടാതെ, വികാരമില്ലാതെ.
25) ഭേദം = വികാരം
28) അന്തം = അവസാനം

കാണുന്നിതത്യത്ഭുതവസ്തുപോലൊരാ-
ളാശ്ചര്യമെന്നോണമുരപ്പു മററൊരാരാൾ
അത്യത്ഭുതം പോലിതു കേൾപ്പു വേറൊരാ-
ളറിഞ്ഞിടുന്നില്ലെവനെത്ര കേൾക്കിലും 29

ആക്കും ദേഹത്തിലാത്മാവെ-
ക്കൊല്ലാനൊക്കില്ലൊരിയ്ക്കലും
അതിനാലാരെയോർത്തും നീ
ശോചിച്ചീടേണ്ട ഭാരത 30

തൻെറ ധർമ്മം നിനച്ചാലും
സംശയിയ്ക്കേണ്ടതില്ലിതിൽ
ധർമ്മത്തിനൊത്ത യുദ്ധം പോൽ
ക്ഷത്രിയന്നില്ല മേന്മയായ് 31

തുറന്നിട്ടോരു വിണ്ണിൻെറ
വാതിലായ് വന്നു ചേർന്നിടും
ഈ വിധം യുദ്ധമാക്കൊക്കു-
മാക്ഷത്രിയർ സുഖിയ്ക്കുവോർ 32

---

29) ആത്മജ്ഞാനം വന്നവരും, വേണ്ടപോലെ ഉപദേശിക്കുന്നവരും, ശ്രദ്ധയോടു കേൾക്കുന്നവരും അത്ഭുതവസ്തുപോലെ ചുരുക്കമാണ്. അഥവാ ആത്മജ്ഞാനം അസാധാരണമായ അനുഭവത്തെ ഉണ്ടാക്കുന്നതുകൊണ്ടു് അത്ഭുതവസ്തു പോലെ ഇരിക്കുന്നു.

31) സ്വാഭാവികമായും സാഹചര്യം നിമിത്തവും കർത്തവ്യമായ കർമ്മമാണ് ധർമ്മം.

32) ലോഭാദികൾ നിമിത്തം യുദ്ധത്തിനു പുറപ്പെടരുതെന്നല്ലാതെ യദൃച്ഛയാ വന്നു ചേരുന്ന ധർമ്മയുദ്ധത്തിൽ നിന്നു പിൻവാങ്ങരുതു്. ധർമ്മലോപം പാപത്തിനു കാരണമാകും. ആക്കു് ഒക്കും = ആക്കു [illegible]

ധമ്മത്തിനൊത്തൊരീ യുദ്ധം
ചെയ്യാതെയിരിയ്ക്കിലോ
യശസ്സും ധർമ്മവും വിട്ടു
നേടും നീ പാപമജ്ജുന 33

എന്നെന്നും നിന്നെ നിന്ദിച്ചു
ദുർയ്യശസ്സോതുമേവരും
മാന്യനായോന്നു ചീത്തപ്പേ-
രസഹ്യം മരണത്തിലും 34

പേടിച്ചുടർ വെടിഞ്ഞെന്നും
നിന്നെയോക്കും മഹാരഥർ
നിന്നെ മാനിച്ചിരുന്നോരും
തീരെ നിസ്സാരമാക്കിടും 35

നിൻെറ ശത്രുക്കളും ചൊല്ലാൻ
വയ്യാത്തുള്ളതു ചൊല്ലിടും
നിന്ദിയ്ക്കും നിൻെറ സാമത്ഥ്യ-
മതിലും ദുഃഖമെന്തുവാൻ 36

സ്വർഗ്ഗം പൂകാം മരിച്ചെങ്കിൽ
ജയിച്ചാൽ രാജ്യമാണ്ടിടാം
അതിനാൽ പാത്ഥ പോരിന്നു
നിശ്ചയിച്ചെഴുന്നേല്ക്കുക 37

ലാഭം നഷ്ടം സുഖം ദുഃഖം
ജയം തോൽവി സമങ്ങളായ്
ഓത്തൊരുങ്ങുക യുദ്ധത്തി-
ന്നതാൽ പാപം വരില്ല തേ 38

സാംഖ്യത്തിലോതിനേനിമ്മ-
ട്ടിനി യോഗത്തിലജ്ജ്ഞന
ജ്ഞാനം നീ കേൾക്ക, നീക്കീടാ-
മതിനാൽ കമ്മബന്ധനം 39

പ്രാരംഭം പാഴിലാവില്ല
പാപശങ്കയുമില്ലിതിൽ
വൻഭയം നീക്കി രക്ഷിയ്ക്കു-
മീ ധർമ്മത്തിൻെറ ലേശവും 40

നിശ്ചയാത്മികയാം ബുദ്ധി
യൊന്നിലൂന്നിയതജ്ജ്ഞന
അവിവേകികൾ തൻ ബുദ്ധി
യളവററു പടന്നതാം. 41

---

38) പാമരദൃഷ്ടിയിൽപ്പോലും ജയിച്ചാലും തോററാലും വിശേഷമൊന്നുമില്ലെങ്കിലും, യഥാർത്ഥത്തിൽ ഫലത്തില്ല ദ്ദേശം കൂടാതെ തന്നെ കമ്മം ചെയ്യുകയാണ വേണ്ടതു്.

39) സാംഖ്യം = പരമാത്മവസ്തുവിവേകരൂപമായ ആത്മതത്വം. യോഗം=നിഷ്ക്കാമകമ്മാനുഷ്ഠാനം.

40) നിഷ്ക്കാമകമ്മം ചിത്തശുദ്ധിക്കും ജ്ഞാനാധികാരത്തിനും കാരണമാകയാൽ നിഷ്ഫലമല്ല. ഫലോദ്ദേശമില്ലാതെ നിസ്സംഗമാകയാൽ അററകുററങ്ങൾ ഉണ്ടെങ്കിൽ കൂടി അനർത്ഥകരമാവുകയുമില്ല. പ്രാരംഭം = നിഷ്ക്കാമകമ്മാനുഷ്ഠാനം.

41) നിശ്ചയാത്മിക = തത്വനിശ്ചയമാകുന്ന സ്വഭാവത്തോടുകൂടിയതു്. അളവററ പടന്നതു് = അവസാനമില്ലാത്തതും പലേ പിരിവുകളോടുകൂടിയതും.

വേദം പിടിച്ചു വാദിപ്പോർ
വേറൊന്നില്ലെന്നു ചൊല്ലുവോർ
കാമം നിറഞ്ഞോർ, വിണ്ണിങ്ക-
ലാശിപ്പോരറിവററവർ 42

ഭോഗൈശ്വര്യങ്ങൾ നേടീടാൻ
പലേ മാർഗ്ഗങ്ങൾ ചൊൽവതാം
ജന്മകർമ്മഫലം നല്കു-
ന്നൊരു പൂവൊത്ത വാക്കിനെ 43

ഓതുന്നിതതിലുള്ളാൻ
ഭോഗൈശ്വര്യങ്ങൾ നേടുവാൻ
ആശിപ്പോർക്കുള്ളിലില്ലേതും
നിശ്ചയജ്ഞാനമർജ്ജുന 44

ത്രിഗുണങ്ങളെ വർണ്ണിപ്പൂ
മറ, നിർഗ്ഗുണനാക നീ,
ധീരനായ്, ദ്വന്ദ്വബോധം വി-
ട്ടുള്ളൂ ണന്നാശയെന്നിയേ 45

---

42) സ്വർഗ്ഗാദിഫലകങ്ങളായ കർമ്മങ്ങളേയും മാർഗ്ഗങ്ങളേയും വിവരിക്കുന്ന കർമ്മകാണ്ഡത്തെയാണ് വേദം എന്നു പറഞ്ഞിരിക്കുന്നതു്. കർമ്മം തന്നെയാണ് പുരുഷാർത്ഥസാധനമെന്നും സ്വർഗ്ഗം തന്നെയാണ് പരമപുരുഷാർത്ഥമെന്നും വാദിക്കുന്ന കർമ്മശൂരന്മാരുടെ വലയിൽപ്പെട്ടരുതു്. ഫലാസക്തിയോടുകൂടിയ കർമ്മം നിമിത്തം വാസനയും ജന്മവും കർമ്മവും എന്ന പര്യായദൂഷകമായ ദോഷചക്രത്തിൽ കിടന്നു കറങ്ങേണ്ടതായി വരുകയല്ലാതെ ഐകാന്തികവും ആത്യന്തികവും ആയ സുഖം നേടുവാൻ സാധ്യമാവുകയില്ല.

45) മറ = വേദം (കർമ്മകാണ്ഡം) സത്വം, രജസ്സ്, തമസ്സ് എന്ന മൂന്നു ഗുണങ്ങളുടെ പരിണാമമായ പ്രപഞ്ച

എന്തു കാര്യം കിണററിനാ-
ലെങ്ങും വെള്ളം പെരുക്കവേ
അതുതാനീ മറകളാ-
ലറിയും ബ്രാഹ്മണന്നുമേ 46

കർമ്മാധികാരി നീ പാർത്ഥ
ഫലമേതും നിനയ്ക്കൊല
ഫലപ്രേരിതനാകൊല്ല
ചെയ്യാതൊന്നുമിരിയ്ക്കൊല 47

പാർത്ഥ! യോഗത്തിൽ നിന്നൊ,പ്പ
മേററു ലാഭമലാഭവും,
സംഗം കൈവിട്ടു, കർമ്മങ്ങൾ
ചെയ്ക, യോഗം സമത്വമാം 48

---

ത്തെ വിഷയമാക്കിക്കൊണ്ടുള്ളതാണ് കർമ്മകാണ്ഡം. ഈ ഗുണങ്ങൾക്കും അപ്പുറത്തുള്ള അവസ്ഥയാണ് ലക്ഷ്യം. ആ അവസ്ഥയിൽ സുഖദുഃഖങ്ങൾ മുതലായ ദ്വന്ദ്വങ്ങൾ വ്യത്യസ്തമായ മനോഭാവത്തെ ഉണ്ടാക്കുകയില്ല. യാതൊരു ചാഞ്ചല്യവുമില്ലാതെ ധീരനായി ആത്മസാക്ഷാൽക്കാരത്തിൽ ഉള്ളനന്നു്, ആശ (കിട്ടാത്തതു് നേടാനും കിട്ടിയതു രക്ഷിക്കാനുമുള്ള ആഗ്രഹം) ഇല്ലാതെയും ഇരിക്കും.

46) ബ്രാഹ്മണൻ = ബ്രഹ്മജ്ഞാനമുള്ളവൻ.

47) കർത്തവ്യത്തെ കർത്തവ്യമെന്നു വിചാരിച്ചു മാത്രം ചെയ്യണം.

48) ഒപ്പമേററു് = വികാരം കൂടാതെ കൈക്കൊണ്ടു്. യോഗത്തിനു ഇവിടെ സമഭാവന എന്നർത്ഥം.

സാമ്യബുദ്ധിയിൽ നിന്നേറെ
ക്കാമ്യകർമ്മം നികൃഷ്ടമാം
ബുദ്ധിയിൽശ്ശരണം പൂക
ശോച്യരേ ഫലകാംക്ഷികൾ 49

കൈവിടും പുണ്യപാപങ്ങ-
ളിവിടെസ്സാമ്യബുദ്ധികൾ
യോഗത്തിനായ്ത്തുനിക നീ
യോഗമേ കർമ്മകൌശലം 50

പാർത്ഥ കർമ്മഫലം വിട്ടു
ബുദ്ധിമാന്മാർ മനീഷികൾ
ജന്മബന്ധമൊഴിഞ്ഞെത്തു-
മല്ലലില്ലാത്തൊരാസ്പദം 51

മോഹമായ കലക്കത്തെ
ബ്ബുദ്ധിയെന്നു കടക്കുമോ
കേൾക്കേണ്ടതിൽ ക്കേട്ടതിലു-
മുണ്ടാം വൈരാഗ്യമന്നു തേ 52

---

49) ബുദ്ധി=നിർദ്വന്ദ്വതാലക്ഷണമായ സാമ്യബുദ്ധി. യോഗത്തിനും സാംഖ്യത്തിനും അടിസ്ഥാനം അതാകുന്നു.

50) ബന്ധഹേതുവായ കർമ്മത്തെത്തന്നെ ബന്ധമോക്ഷത്തിനുപകരണമാക്കാനുള്ള കൌശലമാണ് നിഷ്കാമകർമ്മയോഗം.

51) ഫലത്തെ ഉദ്ദേശിക്കാതെ സാമ്യബുദ്ധിയോടുകൂടി കർമ്മത്തെ അനുഷ്ഠിച്ച് അധികാരം നേടി ജ്ഞാനം സമ്പാദിച്ച് ക്രമേണ ദുഃഖനിവൃത്തിരൂപമായ മോക്ഷമാകുന്ന പദത്തെ പ്രാപിക്കുന്നു. മനീഷികൾ = ജ്ഞാനികൾ.

52) മോഹം = അവിവേകം. മോഹംകൊണ്ടുള്ള കലക്കം തീർന്നു തെളിവ് (പ്രസാദം) ഉണ്ടായാൽ പിന്നെ യാതൊന്നി[illegible] [illegible] ആവശ്യമോ ഉണ്ടാവുകയില്ല.

12594



വേദവാദങ്ങളാൽ മാഴ്കും
ബുദ്ധിയെന്നിളകാതെയാം
ഉറച്ചാത്മാവിൽ നിന്നീടു-
മപ്പൊഴേ യോഗമാന്നിട്ടു 53

**അജ്ജുനൻ പറഞ്ഞു:**

ആത്മാവിൽത്തന്നെ നിന്നീടും
സ്ഥിതപ്രജ്ഞൻെറ ലക്ഷണം
എന്തവൻ ചൊൽവതെന്തെന്തു
ചെയ്യുമെങ്ങനെ പോയിടും 54

**ശ്രീഭഗവാൻ പറഞ്ഞു:**

ഉള്ളിലുള്ളഭിലാഷങ്ങ-
ളൊക്കെവിട്ടു ധനഞ്ജയ
തന്നിൽത്തന്നാൽ പരം തുഷ്ടൻ
സ്ഥിതപ്രജ്ഞനവൻ ദൃഢം 55

ദുഃഖത്തിലുലയാതുള്ളം
സുഖത്തിൽക്കൊതിയെന്നിയേ
രാഗം ഭയം ക്രോധമെല്ലാ-
മററവൻ സ്ഥിതധീ മുനി 56

---

53) സ്ഥിതപ്രജ്ഞൻെറ അവസ്ഥയാണ് ഈ യോഗം. ഇളകാതെ = വിക്ഷേപം (ഭ്രമം) കൂടാതെ, ഉറച്ച് = വികല്പം (സംശയം) ഇല്ലാതെ.

56) രാഗം=പ്രാപഞ്ചികസുഖത്തിലുള്ള ആസക്തി. ഭയം=അപായശങ്കയിൽനിന്നുള്ള മനോവികാരം, ക്രോധം= രാഗവിഷയത്തിനു നാശം വരുമ്പോഴു തടുക്കാൻ സാമത്ഥ്യമുണ്ടെന്ന ഭാവത്തോടെ ജ്വലി

എങ്ങും താല്പര്യമില്ലാതെ-
യോരോന്നാന്നു ഹിതാഹിതം
സന്തോഷമോ സങ്കടമോ
കൂടാത്തോൻ പ്രജ്ഞവായ്ച്ചവൻ 57

വിഷയങ്ങളിൽ നിന്നെല്ലാ-
മാമയംഗങ്ങളെന്നപോൽ
ഇന്ദ്രിയങ്ങളെയെമ്പാടു-
മുൾക്കൊൾവോൻ പ്രജ്ഞവായ്ച്ചവൻ 58

ഊണപേക്ഷിച്ച യോഗിയ്ക്കു
വിഷയങ്ങളൊഴിഞ്ഞുപോം
രസം നില്ക്കുന്നു, തത്വം ക-
ണ്ടതും തീരെയൊഴിഞ്ഞിടും 59

പാർത്ഥ പാരം പ്രയത്നിയ്ക്കു-
മറിവുള്ള നരന്റെയും
ഇന്ദ്രിയങ്ങൾ വലിയ്ക്കുന്നി-
താഞ്ഞുലച്ചു മനസ്സിനെ 60

---

57) ഹിതത്തിൽ സന്തോഷമോ അഹിതത്തിൽ സങ്കടമോ കൂടാതെ.

59) ഊണ്=ഇന്ദ്രിയങ്ങളുടെ ഊണ് വിഷയങ്ങളാണ്. (ഉൾക്കൊള്ളുന്നതു് ഊണ്) ആത്മജ്ഞാനം കൊണ്ടു മാത്രമെ വിഷയാസക്തി നശിക്കുകയുള്ളു. ആത്മാനന്ദത്തിന്റെ അനുഭവം വിഷയങ്ങളിലുള്ള രാഗത്തെ ഇല്ലാതാക്കുന്നു. രസം=ആസക്തി; വാസന. തത്വം=ആത്മജ്ഞാനം.

ഒതുക്കിയവയെപ്പേർത്തു
മെനിക്കായ് വാഴ്ക യോഗിയായ്
ഇന്ദ്രിയങ്ങൾ വശത്തായോ-
നറച്ചൂ ബുദ്ധി പാണ്ഡവ 61

വിഷയം തന്നെയോർക്കുന്നോ-
നാസക്തിയുളവാമതിൽ
ഉണ്ടാമാസക്തിയാൽക്കാമം
കാമത്താൽക്കാണ്മു കോപവും 62

കോപത്താലവിവേകം താ-
നതാലോർമ്മ നശിച്ചിടും
ബുദ്ധിപോമോർമ്മ പോയീടിൽ
ബുദ്ധിപോയാൽ നശിയ്ക്കുമേ 63

രാഗദ്വേഷങ്ങളില്ലാത്തോ-
രാത്മാധീനേന്ദ്രിയങ്ങളാൽ
വിഷയങ്ങൾ ജിതാത്മാവാ-
യാളുവോൻ താൻ പ്രസന്നനാം 64

---

61) യോഗി=സ്ഥിരമായ അഭ്യാസമുള്ളവൻ.

62) ആസക്തി=താല്പര്യം. കാമം=ശക്തിയായ ആഗ്രഹം. കാമത്തിനു തടസ്സം നേരിടുമ്പോൾ ഉണ്ടാവുന്ന മനോവികാരമാണു കോപം.

63) നശിയ്ക്കുമേ=പുരുഷാർത്ഥയോഗ്യതയററു അധോഗതി പ്രാപിക്കും.

64) ഇഷ്ടവസ്തുക്കളിൽ രാഗമോ (ആസക്തി) അനിഷ്ടവസ്തുക്കളിൽ ദ്വേഷമോ (വെറുപ്പ്) കൂടാതെ ജീവിതത്തിനാവശ്യമുള്ള വിഷയങ്ങളെ ഇന്ദ്രിയങ്ങളേയും അവയുടെ പ്രേരകമായ മനസ്സിനേയും നിയന്ത്രണത്തിൽ വെച്ചുകൊണ്ടു് അനുഭവിയ്ക്കുന്നവനു പ്രസാദമുണ്ടാവുന്നു.

പ്രസാദമുളവാകുമ്പോൾ
പൊയ്പ്പോകും ദുഃഖമൊക്കെയും
മനം പ്രസന്നമായോന്റെ
ബുദ്ധി വേഗമുറച്ചിടും 65

യോഗം കൂടാതെഴാ ബുദ്ധി
യില്ലല്ലാതാത്മചിന്തയും
ശാന്തി ചിന്തയെഴാതില്ലി-
ങ്ങശാന്തന്നെങ്ങുവാൻ സുഖം 66

പിൻപററുന്ന മനസ്സിഷ്ടം
പോലെ പോമിന്ദ്രിയങ്ങളെ
നീരിൽക്കാറേറാടിയെപ്പോലെ
യതാകർഷിപ്പു ബുദ്ധിയെ 67

ആർ നിയന്ത്രിപ്പിതെമ്പാടും
വീര തന്നിന്ദ്രിയങ്ങളെ
വിഷയങ്ങളിൽ നിന്നെല്ലാ-
മവൻ പ്രജ്ഞയുറച്ചവൻ 68

രാവേവർക്കുമെതാണപ്പോ-
ളുണർന്നീടുന്നു സംയമി
മററുപേരുണരും നേരം
രാവാം, കാണും മുനിയ്ക്കതു് 69

---

66) യോഗം=പ്രസാദത്തിനു കാരണമായ സാമ്യബുദ്ധി
67) പിൻപററുന്നു=പിൻതുടരുന്നു. ഓടി=തോണി.
68) വിഷയങ്ങളിൽ ലമ്പടങ്ങളായ ഇന്ദ്രിയങ്ങളെ അനുസരിയ്ക്കുന്ന മനസ്സ് ബുദ്ധി (പ്രജ്ഞ) യേയും വിഷയങ്ങളിലേയ്ക്കാകർഷിക്കുന്നതുകൊണ്ട് ആത്മജ്ഞാനത്തിലേക്കുള്ള ആദ്യത്തെ പടി ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുകയാകുന്നു.

നിറഞ്ഞിട്ടന്നെങ്കിലുമീട്ടുതെററാ-
ത്തൊരാഴിയിൽപ്പൂകുമൊഴുക്കുപോലെ
കാമങ്ങൾ ചേരുന്നവനുണ്ടു ശാന്തി;
കാമങ്ങളെത്തേടിടുവോനതില്ല. 70

കാമങ്ങളെല്ലാം വിട്ടു,ററി-
ട്ടഹങ്കാരവുമാശയും,
എൻെറയെന്നൊന്നിയേ, വാഴ്-
ന്നാവനേ ശാന്തിയാന്നിട്ടു 71

ബ്രഹ്മനിഷ്ഠയിതേ പാത്ഥ
ഇതാന്നാൽ മോഹമാണ്ടിടാ
ഇതു പൂണ്ടൊടുവിൽപ്പോലും
ബ്രഹ്മാനന്ദമിയന്നിടാം 72

---

69) ജ്ഞാനം സിദ്ധിക്കാത്തവന് വാസ്തവമെന്നും അവാസ്തവമെന്നും ബോധമുണ്ടാക്കുന്നവ ജ്ഞാനിയ്ക്കു മറിച്ചാകുന്നു.

70) ഈട്=നില, പ്രതിഷ്ഠ.

71) അഹങ്കാരം=ഞാനാണ് ചെയ്യുന്നവൻ എന്ന വിചാരം

72) മോഹം=ധർമ്മസംശയം. എന്നെങ്കിലും ജ്ഞാനം സിദ്ധിച്ചാൽ അന്നു മോക്ഷം സാധിതമായി.

# ൩

# കർമ്മയോഗം.

**അജ്ജുനൻ പറഞ്ഞു:**

ജ്ഞാനം കമ്മത്തിലും നല്ല-
തെന്നാണെങ്കിൽജ്ജനാൎദ്ദന
നിയോഗിയ്ക്കുന്നതെന്തിന്നീ
ഘോരകമ്മത്തിലെന്നെ നീ 1

തമ്മിൽച്ചേരാത്തപോലുള്ള
ചൊല്ലാലുള്ളുഴലുന്നപോൽ
തോന്നുന്നു, നിശ്ചയിച്ചൊന്നു
ചൊൽകെൻ ശ്രേയസ്സിനൊത്തതായി 2

**ശ്രീഭഗവാൻ പറഞ്ഞു:**

രണ്ടുമട്ടോതിനേൻ നിഷ്ഠ
പണ്ടു പാരിതിലജ്ജുന
കർമ്മയോഗം യോഗികൾക്കും
സാംഖ്യക്കാ ജ്ഞാനയോഗവും 3

---

1) കാമ്യകമ്മങ്ങളെ നിന്ദിക്കുകയും, സാമ്യബുദ്ധിയെ ഉപപാദിക്കുകയും, സാമ്യബുദ്ധിമൂലം വന്നുചേരുന്ന ജ്ഞാനത്തെ അടിസ്ഥാനമാക്കി സ്ഥിതപ്രജ്ഞന്റെ ലക്ഷണത്തെ വിവരിക്കുകയും ചെയ്തപ്പോൾ കമ്മത്തെ ആകമാനം നിന്ദിക്കുകയാണെന്നു അർജ്ജുനൻ കരുതുന്നു.

3) നിഷ്ഠ=അനുഷ്ഠാനക്രമം. യോഗികൾ=സാധകന്മാർ സാംഖ്യർ-ജ്ഞാനികൾ. കമ്മയോഗംകൊണ്ടു് ചിത്തശുദ്ധി വന്നു് [illegible]ിയുന്നതിനുശേഷം ജ്ഞാനയോഗം.

ഒന്നും ചെയ്യായ്കയാൽ മാത്രം
കർമ്മമില്ലായ്ക വന്നിടാ
കർമ്മം ത്യജിയ്ക്കയാൽത്തന്നെ
മോക്ഷവും സാധ്യമായിടാ 4

ക്ഷണംപോലുമിരിയ്ക്കുന്നി-
ല്ലൊന്നും ചെയ്യാതൊരുത്തനും
ചെയ്തുപോം കർമ്മ,മവശൻ
സ്വാഭാവികഗുണങ്ങളാൽ 5

കർമ്മേന്ദ്രിയങ്ങളെപ്പേർത്തു-
മമർത്തി, വിഷയങ്ങളെ
ഉള്ളിലോർത്തമരും മൂഢൻ
കള്ളസ്സന്യാസിതന്നെയാം 6

സംഗമററു, നിയന്ത്രിച്ചു
മനം കൊണ്ടിന്ദ്രിയങ്ങളെ
കർമ്മേന്ദ്രിയങ്ങളാൽക്കർമ്മം
ചെയ്യുവോൻ മേന്മയുററവൻ 7

---

4) ജ്ഞാനംകൂടാതെ കർമ്മം ത്യജിക്കമാത്രംകൊണ്ടു് മോക്ഷം കിട്ടുകയില്ല.

5) ചിത്തശുദ്ധി വരുന്നതുവരെ, വിഹിതകർമ്മങ്ങളെ ത്യജിക്കുന്നപക്ഷം, നിഷിദ്ധകർമ്മങ്ങളിൽ പ്രവൃത്തിയുണ്ടാവാനിടയുണ്ടു്. പൂർവ്വജന്മകർമ്മങ്ങൾമൂലമുണ്ടാകുന്ന സംസ്കാരമനുസരിച്ചുണ്ടാവുന്ന വാസനയെ സ്വഭാവം അല്ലെങ്കിൽ പ്രകൃതി എന്നുപറയുന്നു. ഈ സ്വഭാവത്തിന്നനുസരിച്ചു സത്വരജസ്തമസ്സുകളായ ഗുണങ്ങളുടെ വികാരങ്ങളും രാഗദ്വേഷാദികളും ഉണ്ടാവുകയും അവയ്ക്കധീനനായി പ്രവൃത്തി[illegible]ചെയ്യുന്നു.

തൻകർമ്മം ചെയ്ക, ചെയ്യായ്ക-
യല്ല മേന്മയ്ക്കു, ചെയ്യതേ
ആകാ കർമ്മങ്ങൾക്കൂടാതെ
നിൻെറ ജീവിതയാത്രയും 8

യജ്ഞത്തിനുള്ളതല്ലാത്ത
കർമ്മം ബന്ധത്തിനായ് വരും
ചെയ്ക യജ്ഞത്തിനായ് പാർത്ഥ
കർമ്മം നീ സംഗമെന്നിയേ 9

യജ്ഞത്തോടി പ്രജകളെ
സൃഷ്ടിച്ചോതി പിതാമഹൻ
നേടുവിൻ മേന്മയിതിനാ-
ലേക നിങ്ങൾക്കിതീപ്സിതം 10

പൂജിപ്പിനുമ്പരെയിതാ-
ലുമ്പർ മാനിയ്ക്കു നിങ്ങളെ
അന്യോന്യം തൃപ്തിയുണ്ടാക്കി
ശ്രേയസ്സേററവുമേലുവിൻ 11

---

9) യജ്ഞം=വിഷ്ണു, പ്രപഞ്ചംമുഴുവനും വ്യാപിച്ചിരിക്കുന്ന ഈശ്വരൻ. വിഷ്ണുവെന്ന ശബ്ദത്തിൻെറ ശക്തി ആലോചിച്ചാൽ ലോകസേവനം എന്നു് അർത്ഥം ലഭിക്കുന്നു. നിസ്സംഗമായ സേവനം ചിത്തശുദ്ധിദ്വാരാ ജ്ഞാനത്തിനു് അധികാരം നൽകി കർത്താവിനുതന്നെ ആത്മസേവനമായി പ്രയോജനപ്പെടുന്നു. ബന്ധം വാസനാരൂപമാണു്.

10) യജ്ഞമാണു് മനുഷ്യനു് സഹജവും സ്വാഭാവികവും ആയ കർമ്മം. ഈപ്സിതം=ആഗ്രഹിക്കപ്പെട്ടതു്.

11) പ്രപഞ്ചം കേവലം സ്വാശ്രയതയിലല്ല, പരസ്പരാശ്രയതയിലാണു് അധിഷ്ഠിതമായിരിക്കുന്നതു്. ഉമ്പർ = ദേവ[illegible]

യജ്ഞത്താൽ പ്രീതരാമുമ്പ-
രിഷ്ടഭോഗങ്ങളേകിടും
കള്ളനാണവർ നല്കുന്ന-
തവർക്കേകാതെ തിന്നവൻ 12

യജ്ഞശേഷമശിക്കുന്ന
നല്ലവർക്കില്ല പാതകം
തങ്ങൾക്കായ് വെച്ചുതിന്നുന്നോർ
പാപംതിന്നുന്ന പാപികൾ 13

അന്നത്തിൽ നിന്നു ജന്തുക്ക-
ളന്നം മേഘത്തിൽ നിന്നുമാം
ഉണ്ടാം യജ്ഞത്തിനാൽ മേഘം
യജ്ഞം കർമ്മത്തിൽ നിന്നുമാം 14

കർമ്മത്തിൻമൂലമോ വേദം
വേദം ബ്രഹ്മത്തിൽ നിന്നുമാം
ആദ്യന്തമറ്റെങ്ങുമുള്ളൊ-
രീവേദം യജ്ഞനിഷ്ഠമാം 15

ഈ മട്ടു തിരിയും ചക്ര-
മനുവർത്തിച്ചിടാത്തവൻ
സുഖൈകസക്തനാം പാപി
വാണിടുന്നതു നിഷ്ഫലം 16

---

14) മേഘം=വർഷം. ബ്രഹ്മത്തിന്റെ (പ്രപഞ്ചാത്മാവിന്റെ) സാക്ഷാൽക്കാരരൂപമായ ജ്ഞാനം നിഷ്ക്കാമകർമ്മത്തിൽക്കൂടെ യജ്ഞമായി (സേവനമായി) പ്രായോഗികമാകുന്നതിലാണ് ലോകത്തിന്റെ യോ[illegible]ള്ളുന്നതു്.

ആത്മാവിൽത്തന്നെയാസക്ത-
നാത്മാവിൽത്തൃപ്തനാം പുമാൻ
ആത്മാവിൽത്തന്നെ സന്തുഷ്ട-
നവനില്ലൊരു കാർയ്യവും 17

ചെയ്താലും ചെയ്തിടാഞ്ഞാലു-
മൊന്നുമില്ലവനജ്ജന
യാതൊന്നിലുമവന്നില്ല
യാതൊന്നും നേടിടേണ്ടതായ് 18

അതിനാൽ സംഗമറെറന്നും
വേണ്ട കർമ്മങ്ങൾ ചെയ്ക നീ
കർമ്മമാസക്തി കൂടാതെ
ചെയ്വോൻ നേടുന്നു മുക്തിയെ 19

കർമ്മം വിടാതെ സംസിദ്ധി
നേടിനാർ ജനകാദികൾ
ലോകസംഗ്രഹമോർത്താലു-
മതു നീ ചെയ്തിടേണ്ടതാം 20

---

17) കാർയ്യം = കർത്തവ്യം. ഈ കർമ്മയോഗത്തിന്റെ ഫലമായി ജ്ഞാനം വന്ന് ആത്മാരാമന്മാരായിത്തീർന്നവർക്ക് കർമ്മത്തിന്റെ അപേക്ഷയേ ഇല്ല.

19) ലക്ഷ്യമായ പരമാനന്ദരൂപമായ മോക്ഷത്തിന് സന്നികൃഷ്ടകാരണമായ ജ്ഞാനം നേടുന്നതിന് കർമ്മയോഗത്തെ സാധനയായനുഷ്ഠിക്കണം.

20) ലോകസംഗ്രഹം = ലോകത്തിനു മാർഗ്ഗദർശനം. ജനകാദികൾ ജ്ഞാനം കൈവന്ന ശേഷവും മററുള്ളവർക്ക് മാതൃകയായി കർമ്മയോഗത്തെ അനുഷ്ഠിച്ചുകൊണ്ട് കർമ്മത്തെ [illegible]ന്ന സിദ്ധരായവരാണ്.

യോഗ്യനെന്തൊന്നു ചെയ്യുന്നി-
തതേ മററു ജനങ്ങളും;
അവൻ പ്രമാണമാക്കുന്ന-
തനുവർത്തിപ്പു ലോകരും 21

ഇല്ല, ഞാൻ പാർത്ഥ ചെയ്യേണ്ട-
തൊന്നു മൂന്നുലകങ്ങളിൽ
നേടിടാത്തതു നേടാനു-
മെങ്കിലും ചെയ്വു കർമ്മമേ 22

മടികൂടാതെ ഞാനെന്നും
കർമ്മംചെയ്യാതിരിയ്ക്കിലോ
പാർത്ഥ മാനുഷരെമ്പാടു
മെന്നെയേ പിന്തുടർന്നിടും 23

കർമ്മം ഞാൻ ചെയ്തിടാഞ്ഞാലീ
ലോകമാകെ നശിച്ചിടും
സങ്കരത്തിന്റെ കർത്താവായ്
നശിപ്പിപ്പേൻ ജനങ്ങളെ 24

അജ്ഞരാമവർ കർമ്മത്തിൽ
സക്തരായ്ച്ചെയ്തിടുന്നതേ
ലോകസംഗ്രഹമാശിച്ചു
ചെയ്വു വിദ്വാനസക്തനായ് 25

---

22) ജ്ഞാനിയുടെ കർമ്മാനുഷ്ഠാനത്തിനു ഭഗവാൻ തന്നെ ഉദാഹരണം.

കർമ്മസംഗികളാമജ്ഞ-
ർക്കുളവാക്കൊല്ല സംശയം
ചെയ്തു ചെയ്യിക്ക കർമ്മങ്ങൾ
യോഗമാർന്നറിവുള്ളവൻ 26

സ്വാഭാവികഗുണം കൊണ്ടു
കർമ്മം ചെയ്യപ്പെടുന്നതു്
ഞാൻ ചെയ്യുതെന്നുമാനിപ്പൂ
ഞാനെന്നു മതികെട്ടവൻ 27

---

26) കർമ്മസംഗികൾ=ഫലമാശിച്ചു കർമ്മത്തിൽ സക്തരായിട്ടുള്ളവർ. യോഗം = നിഷ്ക്കാമത്വം.

27) സ്വഭാവം (പ്രകൃതി, പ്രാചീനകർമ്മസംസ്കാരാധീനമായ വാസന) നിമിത്തം ഉള്ള സത്വാദിഗുണങ്ങൾ കൊണ്ടു് യഥാർത്ഥജ്ഞാനം മറഞ്ഞവർ, ആ ഗുണങ്ങൾ വഴിമിത്തം തന്നെ വന്നു ചേരുന്ന കർമ്മങ്ങളിൽ, തങ്ങൾ ചെയ്യുന്നുവെന്ന ബോധത്തോടെ ആസക്തരായിത്തീരുന്നു. നിരന്തരമായ നിഷ്ക്കാമകർമ്മാനുഷ്ഠാനമാകുന്ന സാധനകൊണ്ടു് ജ്ഞാനയോഗ്യത സമ്പാദിച്ചുകഴിയുന്നതുവരെ അവർക്കു സംശയമുണ്ടാക്കുമാറു് 'കർമ്മങ്ങളിൽ നിന്നുമിളക്കരുതു്', അങ്ങനെ ചെയ്താൽ അവർ കർമ്മവും ജ്ഞാനവും ഇല്ലാതെ രണ്ടും കെട്ടവരായിത്തീരും.

പൂർവ്വകൃതധർമ്മാധർമ്മാദിസംസ്കാരോ വർത്തമാനജന്മാദാവഭിവ്യക്തഃ സാ പ്രകൃതിഃ (ഭാഷ്യം) പ്രകൃതിഃ പ്രാചീനകർമ്മസംസ്കാരാധീനഃ സ്വഭാവഃ (ശ്രീധരി)

ഗുണകമ്മവിഭാഗങ്ങൾ-
ക്കുള്ള തത്വമറിഞ്ഞവൻ
അത്ഥത്തിലിന്ദ്രിയം വത്തി-
യ്ക്കുന്നുവെന്നോത്തസക്തനാം 28

മുങ്ങുന്നു ഗുണകമ്മത്തിൽ
സ്വഭാവഗുണമോഹിതർ
ഇളക്കൊല്ലൊക്കെയറിവോൻ
ജ്ഞാനം പോരാത്ത മൂഢരെ 29

വിവേകമോട്ടുകമ്മങ്ങ-
ളെന്നിലപ്പിച്ചു സവ്വവും
ആശവിട്ടെൻെറയെന്നില്ലാ-
തിടരററടരാട്ടുക 30

ആരസൂയ പെടാതെന്നും
ശ്രദ്ധയാന്നാചരിയ്ക്കുമോ
എൻെറയീമതമാ മത്ത്യർ
കമ്മത്താൽ മുക്തരായിടും 31

---

28) അർത്ഥം=ഇന്ദ്രിയങ്ങളുടെ വിഷയം.

29) ഗുണകമ്മം = ഗുണംകൊണ്ടുള്ള കമ്മം

30) ഇടർ=ഭയം, ശോകം. വിവേകം=ഈശ്വരപ്രീതിക്കായി അന്തര്യാമിയായ "അദ്ദേഹ" ത്തിൻെറ പ്രേരണയാൽ മാത്രം ചെയ്യുന്നുവെന്ന ബോധം.

31) സ്വയം അനുഭവമില്ലെങ്കിലും അനുഭവമുള്ളവർ ഉപദേശിക്കുന്ന വസ്തുക്കളിലുള്ള വിശ്വാസമാണ് ശ്രദ്ധ. അസൂയ എന്നതു് ഗുണത്തിലും ദോഷത്തെ ആരോപിക്കുക എന്ന ശീലമാണ്. കമ്മത്താൽ മുക്തരായിടും=കമ്മം സത്വശുദ്ധിക്കും ജ്ഞാനത്തിനും ഹേതുവായി മോക്ഷത്തെ നൽക

ആരസൂയയിയന്നോതു-
മാചരിപ്പീല മന്മതം
അറിവററു നശിയ്ക്കുന്നി-
തവിവേകികളാമവർ 32

തൻെറ വാസന പോലാണു
ചെയ്യുന്നതറിവോനുമേ
വാസനയ്ക്കൊത്തുതാനാരും
പോ, മെന്താംശാസനത്തിനാൽ 33

ഓരോരോ ഇന്ദ്രിയത്തിന്നു
മതാതിലുളവായിടും
രാഗദ്വേഷങ്ങ, ളവതൻ
കീഴാകൊല്ലവ വൈരികൾ 34

ശരിയ്ക്കാം പരധർമ്മത്തിൽ
മീതേ തൻധർമ്മമൂനവും
മരിയ്ക്കാം തൻെറ ധർമ്മംചെ-
യ്തന്യധർമ്മം ഭയാവഹം 35

---

അഥവാ പഴുത്ത ഇല എന്നപോലെ കർമ്മം സ്വയമേവ വിട്ടുപൊയ്ക്കൊള്ളും.

32) മന്മതം = എൻെറ അഭിപ്രായം. തൻെറയെന്നും താനെന്നും ഉള്ള സങ്കല്പം കൂടാതെ ഈശ്വരാർപ്പണമായി കർത്തവ്യമെന്ന ബോധംകൊണ്ടു മാത്രം കർമ്മം ചെയ്യണമെന്ന ഉപദേശം.

33) വാസനയുടെ പ്രാബല്യം നിമിത്തം ശാസിച്ചിട്ടു കാര്യമില്ലെന്നർത്ഥം.

പ്രകൃതേ: പ്രാബല്യാൽ നാസ്മദാദിശാസനാത്സംബിഭ്യതീത്യർത്ഥ: (മധുസൂദനൻ)

**അർജ്ജുനൻ പറഞ്ഞു:**

പ്രേരിപ്പിയ്ക്കുന്നതെന്താണു
പാപം ചെയ്യാൻ മനുഷ്യരെ
മനസ്സില്ലെങ്കിലും കൃഷ്ണ
പിടിച്ചേല്പിച്ചിടുന്നപോൽ 36

**ശ്രീഭഗവാൻ പറഞ്ഞു:**

രജോഗുണത്തിൽ നിന്നുണ്ടാ-
മക്കാമം കോപമാമതും
തൃപ്തിയാവാത്ത വൻപാപ-
മതുതാൻ ശത്രുവോൎക്കുക 37

പുകയാലഗ്നി, കണ്ണാടി
ചളിയാൽ, ഗർഭമാടയാൽ
എന്നപോലതിനാൽ ജ്ഞാനം
പാർത്ഥ മൂടിയിരിപ്പതേ 38

---

35) ശരിയ്ക്കാം = ശരിക്കാകുന്ന; വേണ്ടപോലെ അനുഷ്ഠിക്കപ്പെടുന്ന ഊനം = കുറവുള്ളതു്, എന്തെങ്കിലും പോരായ്മയുള്ളതു്. മീതെ = ഉൽകൃഷ്ടം, അന്യധർമ്മം ചെയ്തു ജീവിക്കുന്നതിലും ശ്ലാഘ്യതരം തന്റെ ധർമ്മം ചെയ്തുകൊണ്ടു വേണ്ടിവന്നാൽ മരിക്കുന്നതു തന്നെയാണു്.

36) മനസ്സില്ലെങ്കിലും = മനസ്സാക്ഷിക്കു വിരോധമായിട്ടു പോലും. പിടിച്ചേല്പിച്ചിടുന്നപോൽ = തടുക്കാനാവാത്തവണ്ണം നിർബന്ധിക്കുന്നതുപോലെ.

37) കാമം എന്നതു തടുക്കാനാവാത്ത ആഗ്രഹം. കോപം അതിനു തടസ്സം നേരിടുമ്പോളുണ്ടാവുന്ന മനോഭാവം. കാമത്തെ അനുഭവിച്ചു തൃപ്തിയാക്കുവാനൊക്കാത്തതുകൊണ്ടു് ഒതുക്കുകയേ നിവൃത്തിയു

തീപോലെ തൃപ്തിയാവാതെ
യെന്നും ജ്ഞാനിയ്ക്കുശത്രുവായ്
കാമരൂപത്തിലതിനാൽ
ജ്ഞാനം പാർത്ഥ പൊതിഞ്ഞതാം 39

ഇന്ദ്രിയങ്ങൾ മനം ബുദ്ധി
യിവ താനതിനാശ്രയം
മൂടിജ്ഞാനത്തെ, യിവയാൽ
മോഹിപ്പിക്കുന്നു ദേഹിയെ 40

ഒതുക്കിയതിനാലാദ്യ
മിന്ദ്രിയങ്ങളെയജ്ഞന
വെടികി,ജ്ഞാന വിജ്ഞാന-
നാശിയാം പാതകത്തിനെ 41

ശ്രേഷ്ഠങ്ങളാണിന്ദ്രിയങ്ങ-
ളിന്ദ്രിയങ്ങളിലും മനം
മനസ്സിൽ മീതെ താൻ ബുദ്ധി
യാത്മാവാ ബുദ്ധിതന്നിലും 42

---

38) കാമം ജ്ഞാനത്തിൻെറ പ്രകാശത്തേയും വേർതിരിച്ചറിയാനുള്ള ശക്തിയേയും സ്വാതന്ത്ര്യമായ വ്യാപാരത്തേയും തടയുന്നു.

39) കാമരൂപമെന്നതിന് കാമം (തടുക്കാനാവാത്ത ആഗ്രഹം) ആകുന്ന രൂപത്തോടുകൂടിയത് എന്നും, കാമം (ഇഷ്ടം)പോലെയുള്ള രൂപത്തോടുകൂടിയത് എന്നും അർത്ഥമുണ്ട്.

40) ദേഹി = ആത്മാവ്.

41) ജ്ഞാനം ശാസ്ത്രാദികളിൽനിന്നു ലഭിക്കുന്ന അറിവ്. വിജ്ഞാനം ആ അറിവിൻെറ അനുഭവം. കാമം ജ്ഞാനത്തേയും വിജ്ഞാനത്തേയും നശിപ്പിക്കുന്നു. വെടികു =

ബുദ്ധിയെക്കാളുമാത്മാവെ
ക്കണ്ടു താൻതാനുറച്ചു നീ
പിടിനല്കാത്ത കാമത്തെ
വീര വെല്ലുക വൈരിയെ 43

---

42) കാമം പലേ രൂപങ്ങളും ഭാവങ്ങളും കൈക്കൊണ്ടു് നമ്മുടെ പിടിയിൽ നിന്നു വഴുതിപ്പോകും. അതുകൊണ്ടു് അതിനെ ഒതുക്കുവാൻ ആത്മനിയന്ത്രണം ഒന്നു മാത്രമേ മാർഗ്ഗമുള്ളു.

# 4

# ജ്ഞാനകർമ്മസന്യാസയോഗം

**ശ്രീഭഗവാൻ പറഞ്ഞു:**

ഈയ്യൊരവ്യയമാം യോഗം
സൂര്യനോതിക്കൊടുത്തു ഞാൻ
മനുവോടോതിനാൻ സൂര്യൻ
മനുവിക്ഷ്വാകുവോടുമേ 1

പാരമ്പര്യത്തിലീ മട്ടു
രാജർഷികളറിഞ്ഞുതേ
പൊയ്യോയി വളരെക്കാലം
കൊണ്ടു യോഗമിതർജ്ജുന 2

രഹസ്യം ശ്രേഷ്ഠമീയോഗം
പണ്ടിനാലുള്ളതോതിനേൻ
ഭക്തനാണു സഖാവാണു
നീയെനിയ്ക്കെന്നുവെച്ചു ഞാൻ 3

**അർജ്ജുനൻ പറഞ്ഞു:**

ആദിത്യനെത്രയോ മുമ്പു-
ണ്ടങ്ങിയ്യിടെ ജനിച്ചവൻ
അങ്ങാദ്യമുപദേശിച്ചെ-
ന്നെമ്മട്ടു കരുതേണ്ടു ഞാൻ 4

---

1) അവ്യയം = മോക്ഷരൂപമായ അവ്യയഫലത്തെ നൽകുന്ന[illegible]

**ശ്രീഭഗവാൻ പറഞ്ഞു:**

എത്രയോ പാർത്ഥ ജന്മങ്ങ-
ളെനിയ്ക്കുണ്ടായ് നിനക്കുമേ
അതെല്ലാമോർപ്പൂ ഞാനേതു-
മറിയുന്നില്ല വീര നീ 5

ജന്മനാശങ്ങളില്ലാത്ത
സർവ്വേശൻ തന്നെയെങ്കിലും
ആശ്രയിച്ചെൻ പ്രകൃതിയെ
മായകൊണ്ടു പിറപ്പൂ ഞാൻ 6

ഉണ്ടാം തളർച്ച ധർമ്മത്തി-
നധർമ്മത്തിന്നുയർച്ചയും
എന്നെന്നാണൊക്കെ ഞാൻ ജന്മം
സ്വയമേല്ക്കുന്നു ഭാരത 7

സജ്ജനങ്ങളെ രക്ഷിപ്പാൻ
ശിക്ഷിപ്പാൻ ദുർജ്ജനങ്ങളെ
ധർമ്മത്തെ നിലനിർത്തീടാൻ
യുഗം തോറും ജനിപ്പൂ ഞാൻ 8

ദിവ്യമെൻ ജന്മകർമ്മങ്ങൾ
സൂക്ഷ്മമായറിയുന്നവൻ
ദേഹം വെടിഞ്ഞു പിന്നേതും
ജനിയ്ക്കില്ലെന്നെയാർന്നിടും 9

---

6) ജന്മവും മരണവും കർമ്മപാരതന്ത്ര്യവുമില്ലാത്ത ഈശ്വരൻ.

രാഗം ഭയം ക്രോധമിവ
വിട്ടെന്നോത്തേടിയോട്ടുപേർ
ശുദ്ധരായ് ജ്ഞാനതപമാ-
ന്നെന്നെയോത്തൈക്യമാന്നുതേ 10

എന്നെയെങ്ങനെ തേടുന്നി-
തമ്മട്ടേ ഞാനുമെത്തിടും
പാർത്ഥ മാനുഷരെല്ലാരു-
മെൻവഴിയ്ക്കു വരുന്നവർ 11

ദേവന്മാരെബ് ഭജിയ്ക്കുന്നു
കർമ്മസിദ്ധി കൊതിയ്ക്കുവോർ
വേഗം മനുഷ്യലോകത്തു
കർമ്മസിദ്ധി ഭവിച്ചിടും 12

---

10) സുഖത്തിലും ഐശ്വര്യത്തിലുമുള്ള തൃഷ്ണ (രാഗം) ജ്ഞാനമാർഗ്ഗത്തെ ആശ്രയിച്ചാലുള്ള ഭവിഷ്യത്തുകളേയും ബുദ്ധിമുട്ടുകളേയും കുറിച്ചുള്ള ഭയം, വിഘ്നങ്ങൾ നേരിടുമ്പോൾ പരിതഃസ്ഥിതിയോടോ ജ്ഞാനമാർഗ്ഗത്തോടോ ഉണ്ടാവുന്ന ദ്വേഷം (ക്രോധം) ഇവ കൂടാതെ.

11) ഏതെങ്കിലും ഇഷ്ടസിദ്ധി ഉണ്ടാവുന്നുവെങ്കിൽ അതെല്ലാം 'ഞാൻ' മൂലമാകയാൽ, ഇഷ്ടസിദ്ധിക്കുവേണ്ടി ഏതെങ്കിലും വിധത്തിൽ ശ്രമിക്കുന്നവർ, പ്രകാരാന്തരേണ, എന്നെത്തന്നെയാണാശ്രയിക്കുന്നതു്.

12) കർമ്മസിദ്ധി = ഫലപ്രാപ്തി. പശുപുത്രാദികളായ ഉദ്ദേശത്തിനു്, മോക്ഷത്തിനു് എന്നപോലെ, നിസ്സംഗതാദികൾ ആവശ്യമില്ലായ്കയാൽ കാമ്യകർമ്മം ക്ഷിപ്രസാദ്ധ്യമാകുന്നു.

ഗുണവും കർമ്മവും നോക്കി
നാലായ് വർണ്ണം തിരിച്ചു ഞാൻ
ഞാനവ്യയനെനിയ്ക്കില്ല
കർത്തൃത്വമതു ചെയ്കിലും 13

കറ പററില്ല കർമ്മത്താൽ
ഫലത്തിൽക്കൊതിയില്ല മേ
എന്നെയിങ്ങനെ കാണ്മോനും
കർമ്മത്താൽ കെട്ടിയന്നിടാ 14

ചെയ്തു കർമ്മം മുമുക്ഷുക്കൾ
പണ്ടുമീ മട്ടറിഞ്ഞവർ
പണ്ടേയ്ക്കു പണ്ടേ പണ്ടുള്ളോർ
ചെയ്ത കർമ്മങ്ങൾ ചെയ്ക നീ 15

എന്താവാമെന്തുവയ്യെന്നു
സംശയം പണ്ഡിതർക്കുമേ
ഓതിടാം നിന്നൊടാത്തത്വ-
മറിഞ്ഞാലുളവാം ശുഭം 16

ചെയ്യേണ്ടതറിയേണം നീ
ധരിയ്ക്കുകരുതാത്തതും
കർമ്മമല്ലാത്തതും കാൺക
കർമ്മത്തിൻ വഴി ഗൂഢമാം 17

---

14) അഹങ്കാരവും ഫലേച്ഛയുമാണു് കർമ്മത്തെ ബന്ധഹേതുവാക്കുന്നതു്. കർമ്മത്തിൻെറ കറയായ വാസനയ്ക്കും അതുതന്നെയാണല്ലോ ഹേതു.

15) മുമുക്ഷുക്കൾ = മോക്ഷത്തെ ആഗ്രഹിക്കുന്നവർ.

16) ശുഭം = മോക്ഷം. അശുഭമായ സംസാരത്തിൽനിന്നു മോചനം.

കർമ്മത്തിൽക്കർമ്മമില്ലായ്ക
യതില്ലായ്കയിലായതും
കാണ്മോൻതാൻ യോഗി, കർമ്മങ്ങൾ
ചെയ്തു തീർത്തോരു ബുദ്ധിമാൻ 18

കർമ്മത്തിലാരു കൈക്കൊൾവീ-
ലഭിമാനവുമാശയും
ചൊൽവൂ, വിദ്വാനവൻ കർമ്മം
ജ്ഞാനത്തീയ്യിലെരിച്ചവൻ 19

ഫലത്തിൽസ്സക്തി കൈവിട്ടി-
ട്ടാശ്രയിയ്ക്കാതെ തൃപ്തനായ്
കർമ്മം ചെയ്യുന്നതായാലു-
മൊന്നും ചെയ്യുന്നതില്ലവൻ 20

---

17) കർമ്മമല്ലാത്തതു് = ബന്ധകാരണമല്ലാത്ത കർമ്മം (അകർമ്മം)

18) കർമ്മം ചെയ്തുവെന്നതുകൊണ്ടുമാത്രം സംസാരഹേതുവായ ബന്ധമുണ്ടാവുകയില്ലെന്നും, ചെയ്യാതിരുന്നുവെന്നതുകൊണ്ടുമാത്രം ബന്ധമില്ലാതിരിക്കുമെന്നും അർത്ഥമില്ലെന്നു താല്പര്യം.

19) അഭിമാനം = ഞാൻ ഇന്നതിനായി ഇന്നകർമ്മം ചെയ്യുന്നുവെന്ന സങ്കൽപം.

20) തൃപ്തൻ = ലാഭത്തിൽ സന്തോഷമോ നഷ്ടത്തിൽ സങ്കടമോ ഇല്ലാത്തവൻ. ആശ്രയിക്കാതെ, തൃപ്തിനിമിത്തം ഇഷ്ടസിദ്ധിക്കുപായങ്ങളെ ആശ്രയിക്കാതെ. ഇതു് അകർമ്മത്തിനുദാഹരണം.

തന്റെയെന്നൊന്നുമില്ലാതെ
യാശിയ്ക്കാതുള്ളൊതുക്കിയോൻ
ദേഹത്താൽ മാത്രമായ് ച്ചെയ്യും
കർമ്മത്താൽ പാപമാർന്നിടാ 21

ദ്വന്ദ്വങ്ങളറ്റെതിർപ്പെന്ന്യേ
തൃപ്തൻ താനേ വരുന്നതാൽ
ലാഭനഷ്ടങ്ങളിൽത്തുല്യൻ
ചെയ്താലും ബന്ധമാർന്നിടാ 22

വിട്ടു സംഗ,മഹങ്കാരം പോ-
യുള്ളറിവിലുറന്നിയോൻ
യജ്ഞാർത്ഥം ചെയ്തിടും കർമ്മം
ഫലമൊത്തു നശിച്ചുപോം 23

കർത്താവും ഹവ്യവും ബ്രഹ്മം
ബ്രഹ്മം കരണമഗ്നിയും
ബ്രഹ്മം താൻ ലക്ഷ്യവും, കർമ്മം
ബ്രഹ്മം താനെന്ന ബുദ്ധിയാൽ 24

---

21) പാപം = മോക്ഷത്തിനു തടസ്സം. പുണ്യവും അതിനനുഗുണമായ വാസനയെ ഉണ്ടാക്കുക നിമിത്തം ബന്ധഹേതുവാകയാൽ പാപമാകുന്നു.

22) ദ്വന്ദ്വങ്ങൾ അറ്റ് = സുഖദുഃഖങ്ങൾ മുതലായ ഇണകൾ കൊണ്ടു ഭാവഭേദമില്ലാതെ. എതിർപ്പ്=മത്സരം.

23) യജ്ഞാർത്ഥം = ഈശ്വരാർപ്പണമായി, നിസ്വാർത്ഥമായി. ഫലമൊത്തു നശിച്ചുപോം = വാസനയ്ക്കു കാരണമാവില്ല.

ചിലയോഗികൾ ദേവന്മാ-
ക്കായിച്ചെയ്യുന്ന യജ്ഞവും
യജ്ഞമായ് ജീവനെച്ചെയ്വൂ
ബ്രഹ്മമാമഗ്നിയിൽച്ചിലർ 25

ചിലർ കണ്ണാദീന്ദ്രിയങ്ങൾ
ഹോമിപ്പൂ സംയമാഗ്നിയിൽ
ചിലരിന്ദ്രിയമാം തീയിൽ
ശബ്ദാദിവിഷയങ്ങളും 26

പ്രാണനുമിന്ദ്രിയങ്ങൾക്കു
മുള്ള കർമ്മം യജിപ്പതേ
ജ്ഞാനം കത്തിയ്ക്കുമാത്മാവിൻ-
യമമാം തീയിലന്യരും 27

---

24) ചെയ്യുന്ന താനും (കർത്താവു്) ഹോമിക്കപ്പെടുന്ന ഹവ്യവും, ഉപകരണങ്ങളും (കരണം) ഹവ്യത്തെ സ്വീകരിക്കുന്ന അഗ്നിയും, ലക്ഷ്യവും, ആ കർമ്മം തന്നെയും ബ്രഹ്മമയമായിക്കാണുന്നവൻ ജ്ഞാനിയാണു്. അങ്ങിനെയുള്ള ജ്ഞാനിയുടെ കർമ്മം ഫലത്തെ (വാസനയെ) ജനിപ്പിക്കുന്നില്ല. ഏതു പ്രവൃത്തിയേയും സാംഗോപാംഗമായി ഇങ്ങനെ നിരൂപണം ചെയ്യാം.

25: ചില യോഗികൾ=ഫലേച്ഛ കൂടാതെ കർമ്മം ചെയ്യുന്നവർ. ജീവാത്മാവിനെ പരമാത്മാവിൽ ലയിപ്പിച്ചു് അഭേദത്തെ സാക്ഷാൽക്കരിക്കുന്ന ജ്ഞാനികളാണു് പിന്നത്തേവർ

26. പാതഞ്ജലയോഗപ്രകാരവും മററും ചെയ്യപ്പെടുന്ന ഇന്ദ്രിയനിഗ്രഹവും മററും യജ്ഞമായി പറയപ്പെട്ടിരിക്കുന്നു. വിഷയങ്ങളെ അനുഭവിക്കുന്നവരുടെ നിഷിദ്ധങ്ങളല്ലാത്ത കർമ്മങ്ങളും യജ്ഞംതന്നെ ആകുന്നു.

ദ്രവ്യം തപസ്സതും യോഗം
ജ്ഞാനമോത്തിവയാൽച്ചിലർ
യജ്ഞം ചെയ്യുന്നു യതികൾ
തീവ്രനിഷ്ഠയെഴുന്നവർ 28

പ്രാണായാമം ചെയ്തൊതുക്കി
പ്രാണാപാനങ്ങൾ തൻഗതി
ഹോമിപ്പൂ ചിലരപ്രാണ-
നപാനനിൽ, മറിച്ചുമേ 29

ഊൺ നിയന്ത്രിച്ചു ഹോമിപ്പൂ
പ്രാണനിൽ പ്രാണനെച്ചിലർ
യജ്ഞത്തെയറിവോരെല്ലാം
യജ്ഞത്താൽ പാപമററവർ 30

---

27) ഇന്ദ്രിയങ്ങളേയും പ്രാണനേയും സ്വ സ്വകർമ്മങ്ങളിൽ നിന്നു് പിൻവലിച്ചു അന്തഃകരണത്തെ ആത്മാവിൽ സ്ഥിരപ്പെടുത്തി സാധിക്കേണ്ട ധ്യാനയോഗം.

28) ഓത്തു്=വേദാധ്യയനം

29. പ്രാണനെ അപാനനിൽത്തടഞ്ഞു പൂരകമെന്നും, അപാനനെ പ്രാണനിൽ (മറിച്ചുമേ) ഒതുക്കി രേചകമെന്നും, പ്രാണനേയും അപാനനേയും ഒരുപോൽ നിയന്ത്രിച്ചു കുംഭകമെന്നും ഉള്ളവ പ്രാണായാമഭേദങ്ങളാകുന്നു.

30) ഓരോ വായുവിൻെറയും (ശാരീരികമായ എല്ലാ ചേഷ്ടകളുടെയും) വ്യാപാരത്തെ നിയന്ത്രിച്ചു പൂർണ്ണമായ നിയന്ത്രണം സമ്പാദിക്കുന്നതിനേയാണു് പ്രാണനിൽ പ്രാണനെ ഹോമിക്കുക എന്നതുകൊണ്ടു പറയുന്നതു്.

അമൃതാം യജ്ഞശേഷംകൊ-
ണ്ടനാദിബ്രഹ്മമാർന്നിടാം
പാർത്ഥ യജ്ഞമെഴാത്തോർക്കി-
ല്ലീലോകം പിന്നടുത്തതോ? 31

വേദത്തിൽ വിവരിച്ചിട്ടു-
ണ്ടേറെ യജ്ഞങ്ങളീവിധം
ഇവ കർമ്മത്തിൽ നിന്നുണ്ടാ-
മിതറിഞ്ഞാൽ വിമുക്തനാം 32

ദ്രവ്യയജ്ഞത്തിനെക്കാളും
ജ്ഞാനയജ്ഞം പ്രശസ്തമാം
ജ്ഞാനത്തിൽച്ചെന്നുചേരുന്നു
പാർത്ഥ കർമ്മങ്ങളൊക്കെയും 33

ചെന്നുകുമ്പിട്ടു ശുശ്രൂഷി-
ച്ചപേക്ഷിച്ചു ധരിയ്ക്കുക
ചൊല്ലിത്തന്നീടുമീജ്ഞാനം
ജ്ഞാനിമാർ തത്വദർശികൾ 34

പാർത്ഥ യാതൊന്നറിഞ്ഞീടി-
ലിതുപോൽ സംശയിച്ചിടാ
കാണാമതാൽ പ്രപഞ്ചത്തെ
ത്തന്നിലും പിന്നെയെന്നിലും 35

---

31) പിന്നിലുള്ള മനോഭാവത്തെ മുൻനിർത്തി ഏതു കർമ്മത്തേയും യജ്ഞമാക്കാം. യജ്ഞമായ കർമ്മത്തിൽ ആത്മാവിനു് കർത്തൃത്വാഭിമാനമില്ല എന്നതാണു് വിശിഷ്ടത.

33) മറ്റെല്ലായജ്ഞങ്ങളും ജ്ഞാനത്തിനുപായങ്ങളാകുന്നു

പാപിമാർകളിൽ വെച്ചെല്ലാം
നീ മഹാപാപിയാകിലും
ജ്ഞാനമാം തോണിയിൽക്കേറി
പ്പാപക്കടൽ കടന്നിടാം 36

കത്തുന്ന തീ വിറകിനെ
ച്ചാരമാക്കുന്നപോലവേ
ജ്ഞാനാഗ്നി ചാമ്പലാക്കുന്നു
പാർത്ഥ കർമ്മങ്ങളൊക്കെയും 37

ഇല്ലൊന്നുമിവിടെജ്ഞാനം
പോലെ ശുദ്ധി വരുത്തുവാൻ
താൻതന്നെ തന്നിൽക്കാലത്താൽ
യോഗസിദ്ധനതാന്നിടും 38

ശ്രദ്ധയാന്തിനായുററി
ട്ടിന്ദ്രിയങ്ങളൊതുക്കിയോൻ
ജ്ഞാനം നേടുമതാന്നെന്നാൽ
വേഗം ശാന്തിയുമാന്നിടും 39

---

37) ചാമ്പലാക്കുന്നു=സംസാരകാരണമായ വാസന യെ ജനിപ്പിക്കാതെ നശിപ്പിക്കുന്നു.

38) യോഗസിദ്ധൻ=യോഗങ്ങളെക്കൊണ്ടു് സിദ്ധൻ. യോഗങ്ങൾ=നിഷ്കാമവും നിസ്സംഗവുമായി കർമ്മത്തെ അനുഷ്ഠിയ്ക്കുലാകുന്ന കർമ്മയോഗവും യമനിയമാദികളെക്കൊണ്ടു് സാധിക്കേണ്ട സമാധി (ധ്യാന) യോഗവും. സിദ്ധൻ = അർഹൻ, യോഗ്യൻ. അതു് = ജ്ഞാനസാക്ഷാൽക്കാരം.

39) ശ്രദ്ധ = ശാസ്ത്രവിശ്വാസം. ഉററു് = ഏകാഗ്രമായ പരിശ്രമത്തോടുകൂടി.

നശിയ്ക്കും സംശയിപ്പോനും
ശ്രദ്ധിയ്ക്കാത്തോനമജ്ഞനും
ഇഹമോ പരമോ നേടാ
സുഖമോ സംശയിപ്പവൻ 40

യോഗത്താൽ വിട്ട കർമ്മങ്ങ—
ളറിവാൽത്തീർന്ന സംശയം
സംയമം പൂണ്ടവൻ പാർത്ഥ
കർമ്മത്താൽ ബന്ധമാർന്നിടാ 41

അജ്ഞാനംകൊണ്ടു തന്നുള്ളി-
ലുള്ള സംശയമജ്ഞ്ന
അറിവാം വാളിനാൽ വെട്ടി
യോഗം പൂണ്ടെഴുന്നേൽക്കുക 42

---

40) അറിഞ്ഞു്, വിശ്വസിച്ചു്, ഉറച്ചു പ്രയത്നിച്ചാലെ കാര്യസിദ്ധി ഉണ്ടാവുകയുള്ളു.

41) കർമ്മങ്ങളെ വിടാനുള്ള മാർഗ്ഗം ആശയും അഭിമാനവും കൂടാതെയുള്ള കർമ്മാനുഷ്ഠാനമാണല്ലോ. അതാണു് യോഗം. കർമ്മയോഗാനുഷ്ഠാനം കൊണ്ടു് ജ്ഞാനം ഉണ്ടായി സംശയംതീർന്നവനു് സംസാരഹേതുവായ കർമ്മബന്ധം ഉണ്ടാവുന്നില്ല

# 5

# കർമ്മസന്യാസയോഗം.

**അർജ്ജുനൻ പറഞ്ഞു:**

കൃഷ്ണ കർമ്മം ത്യജിയ്ക്കാനും
പിന്നെക്കൈക്കൊൾവതിന്നുമേ
ചൊൽവു നീ, മേന്മയിവയി-
ലേതുറച്ചുരചെയ്യുക. 1

**ശ്രീഭഗവാൻ പറഞ്ഞു:**

രണ്ടും കൈവല്യമേകുന്നു
സന്യാസം കർമ്മയോഗവും
അവയിൽ കർമ്മയോഗം താൻ
മീതേ കർമ്മം ത്യജിപ്പതിൽ 2

---

1) കർമ്മത്തിന്റെ അനുഷ്ഠേയതയെ വിവരിച്ചുശേഷം അതുകൊണ്ടു സ്വയം വന്നുചേരുന്ന നൈഷ്കർമ്മ്യത്തെ പ്രശംസിച്ചപ്പോൾ, അധികാരിഭേദം മനസ്സിലാവാതെ, സ്വേച്ഛയാ സ്വീകരിക്കാവുന്നതാണു് രണ്ടിലേതെങ്കിലും ഒന്നെന്നു കരുതിക്കൊണ്ടു്, താരതമ്യം അറിയുവാനാഗ്രഹിക്കുന്നു.

2) ജ്ഞാനത്തിനുപായമെന്ന നിലയിൽ സന്യാസമോ കർമ്മമോ അധികം സൗകര്യമെന്ന ശങ്കയിൽ, കർമ്മമാണു് ക്ലേശം കുറഞ്ഞതു്. ജ്ഞാനിക്കു സ്വയം വന്നുചേരുന്ന വിദ്വത്സന്യാസത്തെയല്ല., ജ്ഞാനത്തിനുവേണ്ടി സാധനയായി

ദ്വേഷവും കാംക്ഷയും വിട്ടോൻ
നിത്യസന്യാസിയോർക്കുക
വിരുദ്ധങ്ങൾ വെടിഞ്ഞുള്ളോൻ
വേഗം വീര വിമുക്തനാം 3

സാംഖ്യവും യോഗവും വേറാ-
യോതുവോരവിവേകികൾ,
ബുധരല്ല; ശരിയ്ക്കൊന്നാൽ
നേടാം രണ്ടിൻെറയും ഫലം 4

സാംഖ്യരെത്തുമിടം തന്നെ
യോഗികൾക്കുമിയന്നിടും
സാംഖ്യയോഗങ്ങളൊന്നെന്നു
കാണ്മോൻ താൻ കണ്ടിടുന്നവൻ 5

പ്രയാസം വീര സന്യാസം
യോഗം കൂടാതെ നേടുവാൻ
യോഗമാർന്ന മുനിയ്ക്കെത്തും
വേഗം ബ്രഹ്മത്തിലെത്തിടാം 6

---

കൈക്കൊള്ളാവുന്ന വിവിദിഷാസന്യാസത്തെയാണ് ഇവിടെ സന്യാസം എന്നു പറഞ്ഞിരിക്കുന്നത്. വിവിദിഷ=അറിയാനുള്ള ആഗ്രഹം.

3) കർമ്മങ്ങളുടെ കേവലമായ ത്യാഗമല്ല, കർമ്മങ്ങൾക്കു പ്രേരകമായ ഇച്ഛയും ദ്വേഷവും വെടിയുകയാണ്. യാഥാർത്ഥമായ സന്യാസം. പ്രീതി, വെറുപ്പ് മുതലായ വിരുദ്ധധർമ്മങ്ങളാണ് വിരുദ്ധങ്ങൾ.

4) സാംഖ്യം=ജ്ഞാനനിഷ്ഠ. യോഗം-കർമ്മനിഷ്ഠ രണ്ടിലും നിസ്സംഗത്വാദികൾ വേണ്ടതുകൊണ്ടു് അവ തമ്മിലുള്ള വ്യത്യാസം കേവലം ബാഹ്യമാണെന്നു സാരം:

പ്രപഞ്ചാത്മാവു തന്നാത്മാ-
വെന്നോർത്തുള്ളം തെളിഞ്ഞവൻ
വിജിതാത്മേന്ദ്രിയൻ യോഗി
കർമ്മത്താൽക്കറയാന്നിടാ 7

കണ്ടും കേട്ടും തൊട്ടുമുണ്ടും
പോയ്മണത്തുമുറങ്ങിയും
ശ്വസിച്ചോതി വെടിഞ്ഞാന്നു
മിമക്കൂട്ടിത്തുറന്നുമേ 8

ഓക്കും, താൻചെയ്യതില്ലെന്നു
യോഗി തത്വമറിഞ്ഞവൻ
ഇന്ദ്രിയങ്ങളിരിയ്ക്കുന്നു
വിഷയങ്ങളിലെന്നുതാൻ 9

---

6) സന്ന്യാസം (ആത്മജ്ഞാനം കൊണ്ടു സ്വയം വന്നുചേരുന്ന നൈഷ്ക്കമ്മ്യം) യോഗം (നിഷ്കാമ കമ്മാനുഷ്ഠാനം)കൊണ്ടല്ലാതെ നേടുക വയ്യാ. ജ്ഞാനം വരാത്തവർ ചിത്തശുദ്ധിയില്ലാതെ ആശ്രമസ്വീകാരരൂപമായി ചെയ്യുന്ന കമ്മസന്ന്യാസത്തെക്കാൾ, സമത്വബുദ്ധിയോടുകൂടിയ കമ്മയോഗമാണ് ചിത്തശുദ്ധി നേടി ആത്മജ്ഞാനം വഴി മോക്ഷം നേടുവാൻ സുകരമായ മാഗ്ഗം.

7) കമ്മയോഗി ശരീരത്തേയും ഇന്ദ്രിയങ്ങളേയും ജയിച്ച് (വിജിതാത്മേന്ദ്രിയനായി) ഉള്ളം തെളിഞ്ഞു് (ചിത്തശുദ്ധി വന്നു്) തന്റെ ആത്മാവു തന്നെയാണ് പ്രപഞ്ചത്തിലെ സവ്വ ചരാചരങ്ങളുടേയും ആത്മാവ് എന്ന ജ്ഞാനത്തോടു കൂടി ചെയ്യുന്ന കമ്മങ്ങൾ വാസന എന്ന കറ പറ്റുന്നതിന് കാരണമാകുകയില്ല.

9) ഇന്ദ്രിയങ്ങളിരിക്കുന്നു വിഷയങ്ങളിലെന്നു താൻ ഓക്കും = സർവ്വ കരണങ്ങളുടേയും വ്യാപാരങ്ങൾ നടന്നുകൊ

ബ്രഹ്മത്തിങ്കൽസ്സമർപ്പിച്ചു
കർമ്മം ചെയ്യുമസക്തനെ
നീർ ചെന്താരിലയെപ്പോലെ
പാപം പററിപ്പിടിച്ചിടാ 10

കേവലം മെയ്യിനാലുള്ളാൽ
ബുദ്ധിയാലിന്ദ്രിയങ്ങളാൽ
സംഗമററാത്മശുദ്ധിയ്ക്കായ്
കർമ്മം ചെയ്യുന്ന യോഗികൾ 11

യോഗി കർമ്മഫലം വിട്ടു
നേടിടും നിഷ്ഠയാൽ ശമം
ബദ്ധനാം ഫലമാശിച്ചി-
ട്ടയുക്തൻ കാമചേഷ്ടയാൽ 12

വശിയാം ദേഹി വാഴുന്നു
വാതിലൊമ്പതെഴും പുരം
പുക്ക, ചെയ്യാതെ ചെയ്യിയ്ക്കാ-
തുള്ളാൽക്കർമ്മങ്ങൾ വിട്ടുതാൻ 13

---

ണ്ടിരിക്കുമ്പോഴും ആത്മാവു കർമ്മരഹിതനാണെന്നു മനസ്സിലാക്കും.

10) അസക്തനെ=ഭൃത്യൻ യജമാനൻെറ കാര്യം യജമാനനുവേണ്ടി ചെയ്യുന്നതുപോലെ സ്വേച്ഛ കൂടാത്തവനെ.

11) കേവലം=മമത കൂടാതെ എന്നു താല്പര്യം

12) യോഗി=ഈശ്വരാർപ്പണബുദ്ധിയോടുകൂടി കർമ്മം ചെയ്തു് ശീലിക്കുന്നവൻ. അങ്ങനെ അല്ലാത്തവൻ അയുക്തൻ. നിഷ്ഠയാൽ=കർമ്മനിഷ്ഠകൊണ്ടു സത്വശുദ്ധി വന്നു ജ്ഞാനനിഷ്ഠയിൽക്കൂടെ എന്നർത്ഥം. കാമചേഷ്ടയാൽ=കാമത്തിനു അനുസരിച്ചുള്ള ചേഷ്ട (പ്രവൃത്തി) കൊണ്ടു്.

കർമ്മം കർത്തൃത്വമെന്നല്ല
കർമ്മത്തിൻ ഫലബന്ധവും
ലോകത്തിനീശൻ കല്പിച്ചി-
ല്ലെല്ലാം പ്രകൃതി ചെയ്യുതേ 14

ഈശ്വരൻ പാപപുണ്യങ്ങ-
ളേല്പതില്ലാരുടേയുമേ
മറഞ്ഞു മായയാൽ ജ്ഞാനം,
തെററിച്ചിന്തിപ്പിതേവരും. 15

---

13) വശി=ഇന്ദ്രിയങ്ങളെ വശത്താക്കിയവൻ. ദേഹി= പ്രാരബ്ധം നിമിത്തം ദേഹം സ്വീകരിക്കേണ്ടതായി വന്ന ആത്മാവ്. വാഴുന്നു=ജീവന്മുക്തസുഖത്തെ അനുഭവിക്കുന്നു. വാതിലൊമ്പതെഴും പുരം പുക്ക് = നവദ്വാരങ്ങളോടു കൂടിയ ശരീരത്തിൽ പ്രവേശിച്ച്. ചെയ്യാതെ = പ്രകൃതിയാണു ചെയ്യുന്നതു് എന്ന ബുദ്ധിയോടെ കർത്തൃത്വാഭിമാനമില്ലാതെ. ചെയ്യിക്കാതെ =ഫലത്തിൽ സങ്കല്പമില്ലാതെ ഇന്ദ്രിയങ്ങളെ പ്രേരിപ്പിക്കാതെ, ഉള്ളാൽ കർമ്മങ്ങൾ വിട്ട് = അന്തഃകരണാദികൾ പ്രവൃത്തിച്ചുകൊണ്ടിരുന്നാലും സർവ്വ കർമ്മങ്ങളേയും ആന്തരമായി ത്യജിച്ച് (ആത്മാവിൽ കർത്തൃത്വബുദ്ധിയില്ലാതെ എന്നു സാരം) അന്തഃകരണാദിവ്യാപാരങ്ങൾ ആത്മാവിൽ ആരോപിക്കപ്പെട്ടിരുന്നതു് ജ്ഞാനംകൊണ്ടു് നിവർത്തിപ്പിക്കുന്നതാണു് സൂക്ഷ്മത്തിൽ സന്ന്യാസം. അങ്ങനെയുള്ളവൻെറ ആത്മാവു് ശരീരത്തിൽനിന്നു ഭിന്നനാണെന്ന ബോധത്തോടുകൂടി ശരീരത്തിൻെറ പ്രവൃത്തികളാൽ ബാധിക്കപ്പെടാതെ ശരീരത്തിൽത്തന്നെ ശരീരനാശംവരെ ഇരിക്കുന്നു.

14) ഫലബന്ധം = ഇന്ന കർമ്മത്തിനു് ഇന്ന ഫലം എന്ന നിശ്ചയം. പ്രകൃതി=ഗുണവ്യക്തിരൂപമായ വാസന.

15) മായ = അജ്ഞാനം.

അജ്ഞാനം നശിയ്ക്കുന്നി-
താത്മജ്ഞാനത്തിനാൽ പരം
അവക്കറിവു സത്യത്തെ
യക്കൻ പോൽ തെളിയിച്ചിടും 16

അതാത്തതിലുറച്ചേററം
ലയിച്ചായതു ലക്ഷ്യമായ്
അറിവാൽ പാപമററോക്ക
വേണ്ട വീണ്ടും പിറപ്പുകൾ 17

പഠിച്ചു വിനയം കൂടും
ബ്രാഹ്മണൻ പശുവാനയും
നായും നായാടിയും തുല്യം
പണ്ഡിതന്നാത്മദൃഷ്ടിയിൽ 18

ഇങ്ങേതാൻ വെന്നു സംസാരം
മനം സാമ്യത്തിലൂന്നിയോർ
നിർദ്ദോഷമാം സമം ബ്രഹ്മം
ബ്രഹ്മത്തിൽ സ്ഥിതരാണവർ 19

ബുദ്ധിയൂന്നി വിമോഹം പോയ്
ബ്രഹ്മം കണ്ടതിൽനില്പവൻ
സന്തുഷ്ടനാകാ പ്രിയമാ-
ന്നപ്രിയത്തെ വെറുത്തിടാ 20

---

17) അതു് = ജ്ഞാനത്താൽ പ്രകാശിതമായ ആത്മാവു്. ലയിച്ചു്=തന്മയത്വം പ്രാപിച്ചു്.

19) സാമ്യബുദ്ധി. ബ്രഹ്മത്തിൽ സ്ഥിതരായ അവക്കും ബ്രഹ്മത്തിൻെറ ധമ്മങ്ങളായ നിർദ്ദോഷത്വവും സാമ്യവും ലഭിക്കുന്നു.

അർത്ഥങ്ങളിലസക്തൻ താ-
നാത്മശാന്തി ലഭിച്ചിടും
ബ്രഹ്മത്തിലുള്ളുറയ്ക്കുമ്പോൾ
കൈവരും നിത്യമാം സുഖം. 21

ഇന്ദ്രിയങ്ങൾ തരും സൗഖ്യം
ദുഃഖത്തിൻ പൂർവ്വരൂപമാം
ഉണ്ടായ്നശിച്ചിടുമതിൽ
പ്പററിടാ പാർത്ഥ പണ്ഡിതൻ 22

ജീവിച്ചിരിയ്ക്കെയുലയാ
കാമക്രോധങ്ങളാലെവൻ
യോഗം കൈവന്നൊരവനേ
യഥാർത്ഥസുഖമാളുവോൻ 23

സുഖം പ്രകാശം രതിയു-
മാത്മാവിൽത്തന്നെയാർന്നവൻ
ഭേദബുദ്ധി വെടിഞ്ഞോനാ
യോഗി മോക്ഷമിയന്നിടും 24

---

20) ബുദ്ധിയുന്നി = ശാസ്ത്രം കൊണ്ടും യുക്തി കൊണ്ടും ബുദ്ധിക്കുറപ്പുനേടി. വിമോഹംപോയ് = അവിവേകവും സംശയവും തീർന്ന്

21) ദുഃഖത്തിൻ പൂർവ്വരൂപം = അടുത്തുതന്നെ ദുഃഖമായി പരിണമിക്കുന്നതു്.

24) പ്രകാശം=ജ്ഞാനപ്രകാശം. രതി=വിനോദം. സുഖാദികൾക്ക ബാഹ്യങ്ങളായ യാതൊന്നും വിഷയങ്ങളും ഉപായങ്ങളുമാകുന്നില്ല.

പാപം ക്ഷയിച്ച യതിക-
ളേവക്കും നന്മചെയ്യവർ
സംശയം തീൎന്ന ഋഷികൾ
കൈവല്യം നേടുമജ്ജുന 25

കാമക്രോധങ്ങൾ കൈവിട്ട
സന്യാസികൾ ജിതേന്ദ്രിയർ
ആനന്ദിയ്ക്കുന്നിതാത്മാവേ
യറിവോരിങ്ങുമങ്ങുമേ 26

വിഷയത്തെപ്പുറം തള്ളി
ക്കണ്ണാഭ്രൂക്കൾക്കിടയ്ക്കു താൻ
നിൎത്തി, മൂക്കിൽ നിയന്ത്രിച്ചാ-
പ്രാണാപാനങ്ങളേയുമേ 27

മോക്ഷമേ ലക്ഷ്യമായ്വെന്നു
ബുദ്ധീന്ദ്രിയമനങ്ങളെ
ഏതുമാശ ഭയം ക്രോധ-
മററവൻ മുനി മുക്തനാം 28

---

25) യതികൾ = ഇന്ദ്രിയങ്ങളെ നിയന്ത്രിച്ചിട്ടുള്ളവർ. ഋഷികൾ = യാഥാൎത്ഥ്യത്തെ കണ്ടവർ. സംശയം തീൎന്നു ദ്വൈതബുദ്ധി ഇല്ലാതാവുമ്പോൾ സൎവ്വപ്രാണികളിലും സമ ഭാവനയും, ഹിതം ചെയ്വാനുള്ള താല്പൎയ്യവും ലഭിക്കുന്നു. വിഷമഭാവനയ്ക്കും അഹിതകരണത്തിനും അടിസ്ഥാനം യഥാൎത്ഥത്തിൽ ഞാൻ വേറെ താൻ വേറെ എന്ന ഭേദബുദ്ധിയാണല്ലോ. കൈവല്യം=മോക്ഷം.

യജ്ഞംതപസ്സുമേല്ക്കുന്നോൻ
ലോകങ്ങൾക്കൊക്കെയീശ്വരൻ
സുഹൃത്തേവക്കമേ ഞാനെ-
ന്നറിവോൻ ശമമാന്നിടും 29

---

27) ആത്മജ്ഞാനത്തിൻെറ ബഹിരംഗസാധനയാണ് കമ്മയോഗം. ധ്യാനം അന്തരംഗസാധനയും. അന്തരംഗങ്ങളെ (ഇന്ദ്രിയങ്ങൾ, പ്രാണങ്ങൾ, അന്തഃകരണം മുതലായവയെ) ആശ്രയിച്ചു നടത്തുന്നതു് അന്തരംഗസാധന. ശരീരത്തിൻെറ ബാഹ്യങ്ങളായ വസ്തുക്കളുമായി ബന്ധിപ്പിച്ചു നടത്തുന്നതു് ബഹിരംഗസാധന. ഇവ പരസ്പരം സഹായിക്കുന്നുവെന്നു മാത്രമല്ല, പൂണ്ണസിദ്ധിക്കു പരസ്പരം അപേക്ഷിക്കുന്നുമുണ്ടു്. ധ്യാനയോഗം അന്തഃകരണവൃത്തികളെ നിയന്ത്രിച്ചു വിധേയങ്ങളാക്കുന്നതിനുള്ള കഴിവുണ്ടാക്കുന്നു.

29) ഏല്ക്കുന്നോൻ = സ്വീകരിക്കുന്നവൻ.

# 6

# ആത്മസംയമയോഗം

**ശ്രീഭഗവാൻ പറഞ്ഞു:**

അഗ്നിയും ക്രിയയും വിട്ടോ-
നല്ല വേണ്ടതു ചെയ്യുവോൻ
ഫലമാശിച്ചിടാതുള്ളോൻ
തന്നെ സന്ന്യാസി, യോഗിയും 1

ഓക്ക സന്ന്യാസമെന്നോതു
മതേ യോഗവുമജ്ജ്ഞന
യോഗിയാവില്ല സങ്കല്പം
സന്ന്യസിയ്ക്കാതൊരുത്തനും 2

---

1) ചിത്തശുദ്ധി വരുന്നതിനു മുമ്പു കർമ്മങ്ങളെ (അഗ്നിയും ക്രിയയും = വർണ്ണാശ്രമ ധർമ്മങ്ങളെ) ത്യജിക്കകൊണ്ടു് ആരും സന്ന്യാസിയോ യോഗിയോ ആകുന്നില്ല. കർമ്മങ്ങളെ ഉപേക്ഷിച്ചില്ലെങ്കിൽത്തന്നെ ഫലത്തിലുള്ള ആസക്തിയെ വെടിഞ്ഞവൻ സന്ന്യാസിയായി, ധ്യാനാദികളെക്കൊണ്ടു ചിത്തനിരോധത്തെ ശീലിക്കുന്നവൻ മാത്രമല്ല ചിത്തത്തിൻെറ വിക്ഷേപത്തിന്നു കാരണമായ ഫലസങ്കല്പത്തെ ത്യജിച്ചവനും യോഗി തന്നെ.

2) സന്ന്യാസവും യോഗവും സങ്കല്പം ത്യജിക്കുക എന്ന അംശത്തിൽ മൌലികമായി ഒന്നാകുന്നു.

മുനിയ്ക്കു യോഗം നേടിടാ-
നൊരുപായം പ്രവൃത്തിയാം
യോഗം പൂകിയവന്നോത്താ-
ലൊരുപായം നിവൃത്തിയാം 3

ഇന്ദ്രിയാത്ഥങ്ങൾ കർമ്മങ്ങ-
ളിവയിൽ സംഗമെന്നിയേ
സങ്കല്പമൊക്കെയും വിട്ടോൻ
യോഗമാരൂഢനെന്നു ചൊല്ലിടാം 4

തന്നെത്തന്നാലുയത്തേണം
തന്നെത്താൻ തന്നെ വീഴ്ത്തൊല
താൻതാൻ തനിയ്ക്കുററവനും
താൻതാനേ തൻെറ ശത്രുവും 5

തന്നെത്തന്നാൽ ജയിച്ചുള്ള
താന്നേ തൻബന്ധുവജ്ജന
അജിതാത്മാവിനാപത്തായ്
തീരും താൻതന്നെ ശത്രുപോൽ 6

3) മുനി = അഭ്യാസത്തോടു കൂടിയവൻ. പ്രവൃത്തി = കർമ്മയോഗം. നിവൃത്തി = കർമ്മസന്ന്യാസം. യോഗം = ചിത്തവൃത്തിനിരോധരൂപമായ ധ്യാനയോഗം. ചിത്തവൃത്തികളുടെ നിരോധമാകുന്ന യോഗത്തിൽ ഉറച്ചു കഴിയുന്നതുവരെ കർമ്മാനുഷ്ഠാനം ആവശ്യമാണു്, സാധ്യമായ ജ്ഞാനനിഷ്ഠയിൽ. എത്തുന്നതോടു കൂടി, കർമ്മങ്ങളെ യഥാക്രമം സന്ന്യസിയ്ക്കാം.

തന്നെ വെന്നു ശമം പൂണ്ടോ-
ന്നേതുമാത്മാവുലഞ്ഞിടാ
സുഖം ദുഃഖം തണുപ്പുഷ്ണം
നിന്ദമാനമിവററയാൽ 7

ജ്ഞാനവിജ്ഞാനസന്തൃപ്ത-
നിന്ദ്രിയങ്ങളെ വെന്നവൻ
ധീരനാം യോഗി, യോഗിയ്ക്കു
പൊൻകൽക്കട്ടകളൊപ്പമാം 8

സുഹൃത്തരിയുദാസീനൻ
മദ്ധ്യസ്ഥൻ ബന്ധു മിത്രവും
ദ്വേഷ്യൻ സാധു മഹാപാപി-
നന്യോരേബുദ്ധിയാരിലും 9

---

6) തന്നെ = അന്തഃകരണം ഇന്ദ്രിയങ്ങൾ ശരീരം ഇവ ഉൾപ്പെട്ട ജ്ഞാനം വരാത്തവൻ "ഞാൻ" എന്നു കരുതുന്നതിനെ.

8) ധീരൻ = നിർവികാരൻ. ജ്ഞാനം = അറിവു വിജ്ഞാനം=സ്വാനുഭവം.

9) സുഹൃത്തു് = പ്രത്യുപകാരാപേക്ഷ കൂടാതെ ഉപകാരം ചെയ്യുന്നവൻ. അരി=ശത്രു. ഉദാസീനൻ=ഒരു പക്ഷത്തിലും ചേരാത്തവൻ. മദ്ധ്യസ്ഥൻ=വിരോധമുള്ള രണ്ടു പേരുടെ ഇടയിൽനിന്നു രണ്ടുപേർക്കും ഗുണം വരുവാൻ ആഗ്രഹിക്കുന്നവൻ. ബന്ധു=ചാർച്ചക്കാരൻ. മിത്രം=ചെങ്ങാതി ദ്വേഷ്യൻ=ഇഷ്ടമില്ലാത്തവൻ. സാധു=നല്ലവൻ. മഹാപാപി =പാപകർമ്മങ്ങളെ ചെയ്യുന്നവൻ. ഇവരിലൊക്കെ ഒരുപോലെ കരുതി എന്നത്ഥം.

ഏകാന്തത്തിലിരുന്നൊററ-
യ്ക്കാശ വിട്ടൊന്നുമെന്നിയേ
മെയ്യുമുള്ളും തടഞ്ഞേകാ-
ഗ്രത ശീലിയ്ക്കു യോഗി താൻ 10

പൊക്കവും താഴ്ചയും കൂടാ-
തുറപ്പുള്ളൊരിരിപ്പിടം
തുണിതോൽദർഭവിരിയാൽ
നല്ല ദിക്കിൽ ച്ചമയ്ക്കണം 11

അങ്ങിരുന്നാത്മശുദ്ധിയ്ക്കായ്
യോഗമുള്ളൊന്നിലൂന്നി നീ
ചിത്തേന്ദ്രിയക്രിയകളെ
സ്വാധീനിച്ചാചരിയ്ക്കണം 12

കഴുത്തു തല മെയ്യെല്ലാ-
മിളകാതൊപ്പമാക്കിയും
ചുററുംനോക്കാതെ തൻമൂക്കിൻ
മുനതാൻ പാർത്തുറപ്പോടെ 13

ശാന്തനായ് ഭയമില്ലാതെ
ബ്രഹ്മചര്യമുറച്ചവൻ
ഞാൻ ലക്ഷ്യമായ്ക്കൊൾക യോഗ-
മെന്നെയോർത്തുള്ളൊതുക്കിയോൻ 14

---

10) ഏകാന്തം = വിജനം. ഒന്നുമെന്നിയേ = തൻെറ എന്നു് ഒരു വസ്തുവുമില്ലാതെ, ഏകാഗ്രത = ധ്യാനം.

12) ചിത്തേന്ദ്രിയ ക്രിയകൾ = ചിത്തത്തിൻെറ വിഷയാഭിമുഖ്യവും, ഇന്ദ്രിയങ്ങളുടെ വിഷയ ഗ്രഹണവും. എപ്രകാരം കർമ്മം ആത്മശുദ്ധിദ്വാരാ ജ്ഞാനത്തിനു് ഉപായമാകുന്നുവോ അപ്രകാരം തന്നെ ധ്യാനവും.

ഈമട്ടു യോഗം ശീലിച്ചു-
ള്ളാത്രുക്കും യോഗി നേടിടും
എന്നിൽത്താനുള്ള മോക്ഷത്തി-
ലെത്തിയ്ക്കുന്നൊരു ശാന്തിയെ 15

അളവററുണ്ണുവോനില്ല
യോഗമുണ്ണാത്തവനുമേ
ഉറക്കമേറുവോനില്ല-
തുറങ്ങാത്തോനുമജ്ജുന 16

കർമ്മചേഷ്ടകളായാസ
മൂണുറക്കമുണർച്ചയും
വേണ്ടപോലാകിലുണ്ടാം മാ-
ലകററും യോഗമാക്കുമേ 17

അടക്കമിയലുന്നോരു-
ള്ളാത്മാവിങ്കലുറച്ചവൻ
യാതൊന്നുമാഗ്രഹിയ്ക്കാത്തോൻ
യോഗിയെന്നു വിളിപ്പെടും. 18

---

16) ആഹാരാദികളിൽ മദ്ധ്യമായ മാർഗ്ഗത്തെ-അത്യധികമോ അത്യല്പമോ ആവാതെ-സ്വീകരിക്കണം. വയറിൽ നാലിലൊരു ഭാഗം ഒഴിച്ചിട്ടു ശിഷ്ടത്തിന്റെ മൂന്നിൽ രണ്ടു ഭാഗം ഘനവും ഒരു ഭാഗം ദ്രവവും ആയ ആഹാരം കഴിക്കണം. രാത്രിയുടെ നടുവിലത്തെ പത്തു നാഴികയേ ഉറങ്ങേണ്ടൂ. ഇങ്ങനെ എല്ലാത്തിലും നിയമം വയ്ക്കണം.

18) ഉള്ള് = ചിത്തം, മനസ്സ്

യോഗം ശീലിയ്ക്കുമായോഗി-
യ്ക്കുള്ളൊതുങ്ങിയൊരുള്ളിനെ
ചൊല്ലാം, കാററിയലാത്തേടം
നിന്നു കത്തും വിളക്കുപോൽ 19

യോഗം ശീലിച്ചൊതുക്കീട്ട-
മുള്ളെങ്ങു ശമമേലുമോ
തന്നിൽത്തന്നാലവൻ തന്നെ
ക്കണ്ടെങ്ങാനന്ദമാളുമോ 20

എങ്ങതീന്ദ്രിയമായ് ബുദ്ധി-
യ്ക്കെത്തിടും നിത്യമാം സുഖം
അറിയാം, തത്ത്വവിഭ്രംശ-
മേല്ക്കയില്ലെങ്ങനില്പവൻ 21

ഏതൊന്നു കിട്ടിയാൽപ്പിന്നെ
വേറൊന്നു കരുതില്ലയോ
പെരുതാമാടലാലേതി-
ലിരിപ്പോനലയില്ലയോ 22

അതുതാൻ യോഗമെന്നുള്ള-
തല്ലലിൻ തീണ്ടലററതാം
പരിശീലിയ്ക്കുയീ യോഗം
മടുപ്പില്ലാതുറപ്പോടെ 23

സങ്കല്പമൂലമാം കാമ-
മെല്ലാം തീരെ വെടിഞ്ഞുടൻ
ഇന്ദ്രിയങ്ങളെയെമ്പാടും
നിയന്ത്രിച്ചു മനസ്സിനാൽ 24

---

21) അതീന്ദ്രിയം = ഇന്ദ്രിയവിഷയബന്ധം കൊണ്ടു ണ്ടാവാത്തതു്.

കുറേശ്ശെയായ് നിവർത്തിയ്ക്കു
ധൈര്യമാർന്നോരു ബുദ്ധിയാൽ
മനസ്സാത്മാവിലേ വെയ്ക്കു
മറ്റൊന്നും ചിന്ത ചെയ്യൊല 25

ഉറപ്പില്ലാതെ ചാഞ്ചാടും
മനമെങ്ങെങ്ങു ചാട്ടമോ
അങ്ങങ്ങൊതുക്കിയതിനെ
യാത്മാവിൻ പാട്ടിലാക്കുക. 26

മനസ്സൊതുങ്ങിപ്പാപംപോയ്
രജസ്സറ്റൊരു യോഗിയിൽ
ബ്രഹ്മമായ്ത്തന്നെ തീർന്നോനി-
ലുളവാം പരമാം സുഖം 27

ആത്മാവിലുള്ളു കൊള്ളിയ്ക്കും
യോഗി പാപങ്ങൾ പോയവൻ
നേടിടും ബ്രഹ്മമായ്ച്ചേർന്നു
നിത്യാനന്ദമെളുപ്പമായി 28

---

25) നിവർത്തിക്ക = പിൻവലിച്ചൊതുക്കുക. ഫലസിദ്ധിയെക്കുറിച്ചു സംശയം കൂടാതെ, കാലതാമസം കൊണ്ടോ വിഘ്നങ്ങൾ കൊണ്ടോ മടുപ്പു വരാതെ, നിരന്തരമായി പരിശ്രമിച്ചാൽ, കുറേശ്ശെ കുറേശ്ശെയായി മനസ്സ് ഒതുങ്ങാതിരിക്കയില്ല.

27) രജസ്സ് = രജോഗുണം. പാപത്തിനു പ്രേരകമാകുമാറ് ചിത്തവിക്ഷേപത്തിന് കാരണങ്ങളായ രാഗദ്വേഷങ്ങൾക്കു മൂലമാണ് രജോഗുണം.

28) പാപങ്ങൾ = യോഗത്തിനു വിഘ്നങ്ങൾ

തന്നെയെല്ലാത്തിലും കാണും
തന്നിലെല്ലാത്തിനേയുമേ
ഒന്നുതാനെങ്ങുമേകാണും
യോഗത്താലുള്ളുറച്ചവൻ 29

ആരേതുമെന്നിൽക്കാണുന്നി-
തെന്നെക്കാണുന്നിതേതിലും
ഞാനില്ലാതാവുകില്ലായാൾ-
ക്കില്ലാതാവില്ലെനിയ്ക്കുയാൾ 30

എല്ലാത്തിലുമിരുന്നീടു-
മെന്നെയൊന്നെന്നബുദ്ധിയാൽ
പൂജിപ്പോനെന്തുചെയ്താലു-
മെന്നിൽത്താൻ യോഗിയാമവൻ 31

സുഖമോ ദുഃഖമോ പാർത്ഥ
തനിയ്ക്കെന്നോണമേതിനും
ഒപ്പം കാണുന്നവൻ തന്നെ
യോഗികൾക്കൊക്കെ മുമ്പനാം. 32

---

31) ഏകത്വബുദ്ധി ഉണ്ടായിത്തീർന്ന ഒരാൾ, ബാഹ്യമായ ചില ചേഷ്ടകൾ, സാമാന്യജനത്തെപ്പോലെ ചെയ്യുന്നതായി തോന്നിയാൽകൂടെ, അവയൊന്നും മോക്ഷപ്രാപ്തിക്കു് പ്രതിബന്ധങ്ങളാകയില്ല.

32) സുഖവും ദുഃഖവും അവനവനു് എന്നപോലെ മററു ജന്തുക്കൾക്കും ഇഷ്ടവും ദ്വിഷ്ടവും ആണെന്നുള്ള സമദർശനവും, അതിനനുസരിച്ചു് ആക്കും ഏതിനും ഒരു തരത്തിലുള്ള ദുഃഖത്തിനും കാരണമാവാതെ, എല്ലാ വിധത്തിലുള്ള സുഖത്തിനും ഹേതുവാകുമാറുള്ള പ്രയത്നവും, ഉള്ളവനാണു് ഭഗവാനു് അഭിമതനും ഉത്തമനുമായ യോഗി.

**അജ്ജുനൻ പറഞ്ഞു:**

"ഒന്നുപോ"ലെന്നൊരീയോഗ-
മങ്ങോതിത്തന്നതേതുമേ
ഉറപ്പില്ലായ്കയാൽക്കൃഷ്ണ
നില്ക്കില്ലെന്നു നിനപ്പു ഞാൻ 33

കൃഷ്ണ കെല്പോടുലയ്ക്കുന്നു
മനസ്സു ചപലം ദൃഢം
കാററുപോലതു, തോന്നുന്നു,
പാട്ടിലാവില്ലെളുപ്പമായ് 34

**ശ്രീഭഗവാൻ പറഞ്ഞു:**

തക്കമില്ല, മനം പാടാ-
ണടങ്ങാൻ, വീര, ചഞ്ചലം.
അഭ്യാസത്താലൊതുക്കീടാം
വൈരാഗ്യത്താലുമജ്ജുന 35

---

33) ഉറപ്പില്ലായ്കയാൽ=മനസ്സിൻെറ ചഞ്ചലസ്വഭാവം കൊണ്ട്. നില്ക്കില്ലെന്ന്=പിന്നീട് ഇളക്കം വരാത്ത വണ്ണം സ്ഥിരമായിരിക്കയില്ലെന്ന്.

34) ദൃഢം=വാസനാബന്ധം നിമിത്തം സ്വഭാവഭേദം വരുവാൻ എളുപ്പമില്ലാത്തതു്.

35) പാടാണ് =ഞെരുക്കമാണ്, ബുദ്ധിമുട്ടാണ്. അഭ്യാസം = ഏകാഗ്രമായി തുടർച്ചയായുള്ള പരിശ്രമം. വൈരാഗ്യം=വിഷയങ്ങളിൽനിന്നു ലഭിക്കുന്ന സുഖമെല്ലാം അടുത്തുതന്നെ ദുഃഖമായി പരിണമിക്കുമെന്നറിഞ്ഞ് ആശയെ ഉപേക്ഷിക്കൽ.

ഉള്ളൊതുക്കാതെയോഗത്തി-
നെളുതല്ലെന്നതെൻ മതം
മനസ്സൊതുക്കിയത്തിച്ചാൽ
മാർഗ്ഗമുണ്ടതു നേടുവാൻ 36

**അർജ്ജുനൻ പറഞ്ഞു:**

യത്നംപോരാതെ യോഗത്തിൽ
നിന്നുള്ളം പതറീടുവോൻ
ശ്രദ്ധയുള്ളവനാ യോഗം
സിദ്ധിയ്ക്കാതെന്തു പററിടും 37

രണ്ടും തെററിച്ചിതറിടും
കൊണ്ടൽ പോലെ നശിയ്ക്കുമോ
പതറി ബ്രഹ്മമാർഗ്ഗത്തിൽ
സ്ഥിതികെട്ടവനച്യുത 38

ഇസ്സംശയം കൃഷ്ണ ഭവാൻ
തീരെത്തീർത്തുതരേണമേ
അങ്ങയല്ലാതെയില്ലാളി-
സ്സംശയംതീർത്തുരയ്ക്കുവാൻ 39

---

36) ഉള്ളൊതുക്കുവാനുള്ള മാർഗ്ഗമാണ് അഭ്യാസവും വൈരാഗ്യവും.

37) യത്നം=അഭ്യാസവും വൈരാഗ്യവും.

38) രണ്ടും തെററി = സങ്കല്പത്തെ സന്യസിക്ക മൂലം ലൌകികമായ സുഖത്തിന് അവകാശമില്ലാതാവും. യത്നം പോരായ്കയാൽ പരമമായ ആത്മസുഖത്തിലൊട്ട് എത്തുകയുമില്ല, അങ്ങനെയായിട്ട്. കൊണ്ടൽ = മേഘം.

**ശ്രീഭഗവാൻ പറഞ്ഞു:**

നാശമില്ലവനിങ്ങെന്നാ-
ല്ലങ്ങമജ്ജ്ഞന തെല്ലുമേ
നന്മ ചെയ്യുമൊരാൾക്കെങ്ങും
നാശമില്ലൊരുകാലവും 40

പുണ്യശാലികൾതൻ ലോകം
പുക്ക നീണാളിരുന്നു പിൻ
യോഗം തെററിയവൻ, സമ്പ-
ത്തുള്ള സത്ക്കുലമാർന്നിടും 41

അല്ലെങ്കിൽ ബുദ്ധിമാന്മാരാം
യോഗിമാർ തൻ കുലത്തിലാം
ഇപ്പാരിലിത്തരം ജന്മം
ലഭിപ്പാൻ പണി പാരമാം 42

മുൻപിറപ്പിൻെറ സംസ്കാര
മങ്ങവന്നിയലുന്നതേ
പ്രയത്നിയ്ക്കുകയും ചെയ്യും
സിദ്ധിയ്ക്കായവനജ്ജ്ഞന 43

---

41) വൈരാഗ്യം പോരാതെയാണ് യോഗഭ്രഷ്ടനായതെങ്കിൽ, വിഷയസുഖങ്ങളെ അനുഭവിക്കാനുള്ള സൌകര്യത്തോടുകൂടി ഐശ്വര്യമുള്ള നല്ല കുലത്തിൽ ജനിക്കും.

42) വൈരാഗ്യം വന്നിട്ട് അഭ്യാസം പോരാതെയാണ് എങ്കിൽ യോഗത്തെ തുടർന്നു പൂർത്തിയാക്കാനുള്ള സൌകര്യത്തോടുകൂടിയാവും ജന്മം. ബുദ്ധിമാന്മാർ = ജ്ഞാനികൾ.

വലിയ്ക്കുമവശൻതാനെ-
ന്നാലുമായാളെ വാസന
യോഗത്തിലറിവാശിപ്പോൻ
വേദങ്ങൾക്കപ്പുറത്തവൻ 44

അതിനായതിയത്നംചെ-
യ്തഴുക്കറെറാരു യോഗിതാൻ
പലജന്മങ്ങളാൽ സിദ്ധ-
നൽകൃഷ്ടഗതിയാന്നിടും 45

തപസ്സുള്ളോരിലും മീതെ
യറിവോരിലുമജ്ജ്ഞന
കർമ്മം ചെയ്യോരിലും മീതെ
യോഗി, നീ യോഗിയാവുക 46

ശ്രദ്ധയോടെന്നിലുള്ളാന്നി
ട്ടെന്നെപ്പൂജിച്ചിടുന്നവർ
യോഗിമാർകളിൽ വെച്ചെല്ലാം
യോഗിയാണെന്നാതെന്മതം 47

---

44) വിഷയങ്ങളിലോ വേറെ ദുരിതങ്ങളിലോ യദൃച്ഛ യാ പെട്ടുപോയാലും വാസന അയാളെ യോഗമാർഗ്ഗത്തിലേക്കു നയിക്കും. യോഗത്തിൻെറ ആരംഭത്തിൽ കേവലം ജിജ്ഞാസു മാത്രമാണെങ്കിലും കർമ്മപ്രതിപാദനങ്ങൾക്കു് (വേദങ്ങൾക്കു്) അപ്പുറത്തു് ജ്ഞാനത്തിനു് അധികാരിയുമാകുന്നു.

45) അഭ്യാസത്തിൻേറയും വൈരാഗ്യത്തിൻേറയും പൂത്തിക്കു് ചില ജന്മങ്ങൾ തന്നെ വേണ്ടിവന്നാലും പടിപ്പടിയായുയന്നു് മോക്ഷമാകുന്ന ലക്ഷ്യത്തിലെത്തും.

46) ആത്മസാക്ഷാൽക്കാരത്തിനുള്ള അന്തരംഗസാധനയായ ധ്യാനയോഗത്തിൻെറ പ്രാധാന്യം വെളിവാക്കുവാൻവേണ്ടി ഭഗവാൻ അതിനെ പ്രശംസിച്ചിരിക്കുന്നു.

# 7

# ജ്ഞാനവിജ്ഞാനയോഗം

**ശ്രീഭഗവാൻ പറഞ്ഞു:**

ഞാനേ ശരണമെന്നൊന്നി-
ലുള്ളൊടെന്നെത്തികച്ചുമേ
സംശയം തീൻ യോഗത്താ-
ലറിയും വഴി കേൾക്ക നീ 1

വിജ്ഞാനം ചേൎന്നൊരീജ്ഞാനം
വിടാതോതാം നിനക്ക ഞാൻ
അതൊന്നറിഞ്ഞാൽ ശേഷിയ്ക്കി-
ല്ലറിയാൻ പിന്നെയൊന്നുമേ 2

എണ്ണമററവരിൽ സിദ്ധി-
യ്ക്കൊരുവൻ താൻ ശ്രമിപ്പതേ
ശ്രമിയ്ക്കും സിദ്ധരിലൊരാ
ളെൻെറ തത്വമറിഞ്ഞിടും 3

---

2) സർവ്വജ്ഞാനങ്ങളുടേയും ലക്ഷ്യം ആത്മജ്ഞാനം— ഈശ്വരജ്ഞാനം— ആകയാൽ അതു ലഭിച്ചു കഴിഞ്ഞാൽ, അറിയാൻ പിന്നൊന്നുമുണ്ടാവുകയില്ല.

4) അഹമ്മതി= അഹം എന്ന വിചാരം, ഞാനെന്ന ഭാവം (അഹങ്കാരം). പലേ നാമരൂപങ്ങളോടുകൂടിയതും പ

മൺ,നീർ,തീ,കാററു,മാകാശം
മനം,ബുദ്ധി,യഹമ്മതി
എന്നെൻപ്രകൃതിയെട്ടായി
പ്പിരിവാൻുള്ള തജ്ജ്ഞന 4

താഴ്ന്നതാണിതു, ലോകത്തെ
ത്താങ്ങമൊന്നുണ്ടതജ്ജ്ഞന
ജീവനാകും പ്രകൃതി താ-
നറികായതു മീതെയാം 5

ഇവ താനിപ്രപഞ്ചത്തിൻ
മൂലമെന്നു ധരിയ്ക്കുക
പ്രപഞ്ചമെന്നിൽ നിന്നുണ്ടാ-
യെന്നിൽത്തന്നെ ലയിപ്പൂതേ 6

എന്നിലും സൂക്ഷ്മമാം മൂല-
മില്ലേതൊന്നും ധനഞ്ജയ
കോർത്തിരിയ്ക്കുന്നു,രത്നങ്ങൾ
നൂലിൽപ്പോലെന്നിലൊക്കെയും 7

രസം ഞാൻ പാർത്ഥ വെള്ളത്തിൽ,
പ്രഭ സൂര്യനു,ചന്ദ്രനും,
മറയിൽ പ്രണവം, ശബ്ദം
വാനി,ലാണത്തമാൾക്കളിൽ 8

---

രിണാമാത്മകവുമായ ഈ പ്രപഞ്ചവും അതിനെ ആ വി ധത്തിൽ അനുഭവിക്കുന്നതിനുള്ള ഉപാധികളും ഇതിൽ ഉൾ പ്പെടുന്നു.

5) പരമാത്മാവു തന്നെ ദേഹാഭിമാനംകൊണ്ടു് ജീവ നായിരിക്കുകയാണു്.

തീയ്യിൽക്കാണുന്നൊരൊളി ഞാൻ
മണ്ണിൽക്കാണുന്ന നന്മണം
ജീവികൾക്കൊക്കെ ജീവൻ ഞാൻ
തപമാൎന്നവർ തൻ തപം 9

പ്രപഞ്ചത്തിന്നു സത്തായ
വിത്തു ഞാനറികൎജ്ജുന
ബുദ്ധി ഞാൻ ബുദ്ധിമാന്മാരിൽ
തേജസ്സതെഴവോരിലും 10

ബലം ഞാൻ ബലവാന്മാരിൽ
കാമരാഗവിവൎജ്ജിതം
ധൎമ്മത്തിന്നെതിരല്ലാത്ത
കാമം ഞാൻ താൻ ജനങ്ങളിൽ 11

സത്വം രജസ്സൊട്ട തമ-
സ്സിവതൻ ഭാവമേതുമേ
എന്നിൽ നിന്നുളവാമെന്നി-
ലവ-ഞാനില്ലവററയിൽ 12

---

8) രസം (സ്വാദ്) എന്ന ഗുണത്തിനു് ആശ്രയമായ ദ്രവ്യം വെള്ളമാണു്. മറ=വേദം. എല്ലാ വസ്തുക്കളിലും സാരാംശമായിട്ടുള്ളതു് ഈശ്വരതത്വമാകുന്നു.

9) ഒളി = പ്രകാശം (രൂപം) രൂപം അഗ്നിയുടേയും· മണം (ഗന്ധം) മണ്ണിൻേറയും (ഭൂമിയുടേയും) ഗുണങ്ങളാകുന്നു.

11) അപ്രാപ്തവിഷയങ്ങളിലുള്ള ആഗ്രഹം കാമം പ്രാപ്തവിഷയങ്ങളിലുള്ള ആസക്തി രാഗം. ഇവ സംസാരബന്ധത്തിനു കാരണങ്ങളാകയാൽ നിന്ദ്യങ്ങളാകുന്നു. എന്നാൽ സ്വസ്വധൎമ്മങ്ങൾക്കു വിരുദ്ധമല്ലെങ്കിൽ നിന്ദ്യമല്ല.

12) എന്നിലവ=അവ എന്നെ ആശ്രയിച്ചിരിക്കുന്നു. ഞാനില്ലവററയിൽ=ഞാനവയെ ആശ്രയിച്ചിരിക്കുന്നില്ല.

ഗുണത്രയത്തിൻ ഭാവങ്ങൾ
കൊണ്ടു മൂഢം ജഗത്തിതു്
വികാരമററതിൽക്കൂടാ-
തുള്ളൊരെന്നെയറിഞ്ഞിടാ 13

ദൈവി ദുർല്ലംഘ്യതാനേററ-
മെൻെറ മായ ഗുണാത്മിക
ഈ മായയെക്കടന്നീടു-
മെന്നെ പ്രാപിച്ചിടുന്നവർ 14

മൂഢരാസുരഭാവന്മാർ
മായയാലറിവററവർ
ദുഷ്കൃതം പൂണ്ട നീചന്മാ-
രെന്നെത്തേടുവതില്ലവർ 15

എന്നെബ്ഭജിപ്പു സുകൃതം
ചെയ്ത നാലുവിധം ജനം
വലഞ്ഞോനറിവാശിപ്പോ-
നർത്ഥാർത്ഥിയറിവുള്ളവൻ 16

---

13) സത്വം, രജസ്സ്, തമസ്സ് ഇവയുടെ വികാരങ്ങൾ നിമിത്തം ഈ ഗുണങ്ങളാൽ വിശേഷിക്കപ്പെടാത്ത ഒന്നു് ജ്ഞാനഗോചരമാകുന്നില്ല. ത്രിഗുണാതീതനു മാത്രമേ നിർഗ്ഗുണനായ പരമാത്മാവിനെയറിയാനൊക്കൂ.

14) ദൈവി=ദേവനു (ഈശ്വരനു) അധീന ദുർലംഘ്യ = എളുപ്പത്തിൽ കടന്നു കൂടാനാകാത്തതു്. ത്രിഗുണാതീതനാകണമെങ്കിൽ, ഗുണാത്മികയായ മായയെ കടക്കുവാൻ, ഈശ്വരനെ ശരണം പ്രാപിക്കുകയേ ഗതിയുള്ളൂ.

15) ആസുരഭാവന്മാർ=ഡംഭാദിയായ ആസുരസ്വഭാവത്തോടുകൂടിയവർ.

16) അർത്ഥാർത്ഥി = പ്രയോജനത്തെ ഉദ്ദേശിക്കുന്നവൻ.

നിത്യയോഗിയൊരേഭക്തി
യുള്ളവൻ ജ്ഞാനിയുത്തമൻ
പ്രിയമെന്നിലെഴും ജ്ഞാനി-
യ്ക്കേനിയ്ക്കുമവനിഷ്ടനാം 17

ഇവരൽക്കൃഷ്ടരെല്ലാരും
ജ്ഞാനി ഞാൻ തന്നെ നിർണ്ണയം
ഏകമാമാശ്രയം ഞാനെ-
ന്നുള്ളുറപ്പിച്ചു പൂകിയോൻ 18

വാസുദേവനിതെല്ലാമെ-
ന്നറിഞ്ഞൊടുവിലെത്തിടും
പല ജന്മങ്ങൾ കൊണ്ടെന്നി-
ലാ മഹാത്മാവു ദുർല്ലഭം 19

ഓരോ കാമത്തിനാലജ്ഞർ
തേടുമന്യനിലിമ്പരെ
തങ്ങൾതൻ പ്രകൃതിയ്ക്കൊത്തും
വ്രതമോരോന്നൊടുത്തുമേ 20

ഓരോരോ ഭക്തനേതേതു
രൂപം ശ്രദ്ധയൊടോർക്കുമോ
കൃപ്പവാൻ, ഞാനതൊതാൾക്കാ
ശ്രദ്ധയെ ദൃഢമാക്കുവൻ 21

---

17) ഒരേ ഭക്തിയുള്ളവൻ = എന്നെ (പരമാത്മാവി
നെ) ത്തന്നെ ഭജിക്കുന്നവൻ.

19) വാസുദേവൻ = അന്തര്യാമിയായ ചൈതന്യസ്വ
രൂപൻ.

20) നിലിമ്പർ = ദേവന്മാർ

അവനാശ്രദ്ധ കൈക്കൊണ്ടാ
ദ്ദേവനെപ്പൂജചെയ്യുതേ
നേടുന്നു ഞാൻ താനരുള്ള-
മത്ഥങ്ങളെയതാലവൻ 22

ആ വിഡ്ഡികൾക്കു കിട്ടുന്നാ
ഫലമേതും നശിപ്പതാം
ദേവന്മാരെത്തൊഴുന്നോര-
ങ്ങെത്തുമെൻ ഭക്തരെന്നെയും 23

അവ്യക്തനായ ഞാൻ വ്യക്ത-
നായതായോപ്പു വിഡ്ഡികൾ
നിത്യം സർവ്വോത്തമം സൂക്ഷ്മ-
മെൻതത്വമറിയാതവർ 24

വെളിവല്ലേവനും യോഗ-
മായയാൽ മറവാന്ന ഞാൻ
ആദിഭേദങ്ങൾ കൂടാതു-
ള്ളെന്നെയോരില്ല വിഡ്ഡികൾ 25

---

23) ദേവന്മാരുടെ സ്ഥിതി തന്നെ ആപേക്ഷികമാക യാൽ, അവർമൂലം ലഭിക്കുന്ന ഫലവും ശാശ്വതമല്ല.

24) അവ്യക്തൻ=ഇത്രയെന്നും ഇന്നതെന്നും ആർക്കും വ്യക്തമല്ലാത്തവൻ വ്യക്തനായതായ്=ഓരോ അവതാര ത്തിലും മററും പ്രകടമാകുന്ന സ്വഭാവവിശേഷം കൊണ്ടു് ഇന്ന തരത്തിലെന്നറിയപ്പെട്ടവനായി.

25) യോഗമായ=ത്രിഗുണങ്ങളുടെ ഘടനാവിശേഷം യോഗം) കൊണ്ടുണ്ടായ മായ (മതിവിഭ്രമം) ആദിഭേദങ്ങൾ

കഴിഞ്ഞതെല്ലാമറിവേൻ
ഞാനജ്ഞ്ഞന നടപ്പതും
വരാനുള്ളതുമാമെല്ലാ-
മെന്നെയാരുമറിഞ്ഞിടാ 26

രാഗദ്വേഷങ്ങളാലുണ്ടാം
ദ്വന്ദ്വമോഹം നിമിത്തമായ്
മൂഢരായ്ത്തന്നെ ജന്തുക്കൾ
ജനിച്ചീടുന്നു ഭാരത 27

പുണ്യകർമ്മങ്ങളാൽ പാപം
തീരുമാറായൊരാളുകൾ
ദ്വന്ദ്വമോഹമൊഴിഞ്ഞെന്നെ
ബ്ഭജിപ്പൂ നിഷ്ഠപൂണ്ടവർ 28

സംസാരമൊഴിവാനെന്നെ
പ്പൂകി യത്നിച്ചിടുന്നവർ
ബ്രഹ്മത്തെയറിവൂ, പൂർണ്ണ
മദ്ധ്യാത്മം കർമ്മമൊക്കെയും 29

---

കൂടാത്ത=ജനനവും വികാരവും ഇല്ലാത്ത (അജനും അവ്യയനും ആയ) വെളിവല്ലേവനും=ചിലർക്ക് വെളിവാകയുള്ളു.

27) ദ്വന്ദ്വമോഹം = സുഖദുഃഖകാരണങ്ങളിൽ വിപരീതബുദ്ധി. സുഖത്തെ തരുന്നതിനെ ദുഃഖത്തെ തരുന്നതായും ദുഃഖഹേതുവായതിനെ സുഖഹേതുവായും തെററിദ്ധരിയ്ക്കൽ. പൂർവ്വവാസനയും കൊണ്ടാണ് ജനിക്കുന്നതു് എന്നു താല്പര്യം.

അധിഭൂതാധിദൈവങ്ങ-
ളധിയജ്ഞവുമാന്നതായ്
യോഗിമാരെന്നെയറിവോ-
രെന്നെയോക്കുമൊടുക്കവും 30

30) ഇപ്രകാരം എന്നെ സർവദാ കാണുന്ന യോഗികൾ (സമാഹിത ചിത്തന്മാർ, മനസ്സിനെ സമാധാനം ചെയ്തിട്ടുള്ളവർ) മരണസമയത്തും എന്നെ അങ്ങനെ തന്നെയോർമ്മിച്ച് ക്രമമുക്തിയിലേക്കു പ്രവേശിക്കുന്നു. ബ്രഹ്മം മുതലായവ അടുത്ത അദ്ധ്യായത്തിലെ പ്രതിപാദ്യങ്ങളാകുന്നു.

# ൮

# അക്ഷരബ്രഹ്മയോഗം

**അർജ്ജുനൻ പറഞ്ഞു:**

ബ്രഹ്മമെന്തെന്തദ്ധ്യാത്മം
കർമ്മമെന്തു ജനാർദ്ദന
എന്തുതാനധിഭൂതം പി-
ന്നധിദൈവവുമെന്തുവാൻ 1

ആരിദ്ദേഹത്തിലെമ്മട്ടി-
ലിരിപ്പിതധിയജ്ഞമായ്
യോഗിമാരവസാനത്തി-
ലെമ്മട്ടറിയുമങ്ങയെ 2

**ശ്രീഭഗവാൻ പറഞ്ഞു:**

ബ്രഹ്മം നശിയ്ക്കാത്തുള്ളൊന്നാ-
മദ്ധ്യാത്മം താനതിൻസ്ഥിതി
ഏതുമുണ്ടാകുവാൻ വേണ്ടും
ത്യാഗം താൻ കർമ്മമെന്നതും ൩

---

൩) നശിയ്ക്കാത്തുള്ള ഒന്നു് = നാശരഹിതവും അദ്വിതീയവും (അക്ഷരവും പരമവും) ആ ബ്രഹ്മത്തിന്റെ പ്രതിദേഹമുള്ള സ്ഥിതിയാണു്, ജീവത്വമാകുന്ന സ്വഭാവമാണു്, അദ്ധ്യാത്മം. സൃഷ്ടിപരമായ സകല വ്യാപാരവും കർമ്മത്തിലുൾപ്പെടുന്നു രാഗദ്വേഷങ്ങളല്ല പ്രേരകമെന്നു് ത്യാഗം എന്ന പദം സൂചിപ്പിക്കുന്നു.

അഴിവോന്നധിഭൂതം താൻ
ചൈതന്യമധിദൈവതം
ഞാൻ തന്നെയിശ്ശരീരത്തി-
ലധിയജ്ഞം നരോത്തമ 4

എന്നെയേ മരണത്തിങ്ക-
ലോർത്തുമെയ്ക് വിട്ടുപോകുവോർ
തീരുന്നു ഞാനായതിലി-
ല്ലൊരു സംശയമർജ്ജുന 5

ഒട്ടവേതേതുഭാവത്തെ
യോർത്തു മെയ്ക് വെടിയുന്നുവോ
അതാതുതന്നെ നേടുന്നി
താഭാവനയുറച്ചവൻ 6

അതുകൊണ്ടെന്നെയെപ്പോഴു-
മോർക്ക, പോരും നടത്തുക
എന്നെ നീയോർത്തു ചിന്തിയ്ക്കി-
ലില്ല കില്ലെത്തുമെന്നെയേ 7

---

4) അഴിവോന്നു് = നാശം ഉള്ളതു്. ഉല്പത്തിയും വിനാശവും ഉള്ള സകലവും അധിഭൂതമാകുന്നു. ചൈതന്യം= പ്രപഞ്ചമാകുന്ന ശരീരത്തിൽ. ചൈതന്യരൂപിയായിരിക്കുന്നതു് (ഹിരണ്യഗർഭരൂപനായ പുരുഷൻ) പരബ്രഹ്മത്തിൽനിന്നു് അത്യന്താഭിന്നനായ. പ്രത്യഗാത്മാവാണു് അധിയജ്ഞം. (യജ്ഞഫലത്തിൻെറ ഭോക്താവും ദാതാവും)

7) ശരീരധാരണത്തിനായും മററും സ്വധർമ്മമായ കർമ്മത്തെ ചെയ്യുമ്പോഴും ഈശ്വരനെത്തന്നെ സ്മരിച്ചുകൊണ്ടിരുന്നാൽ അന്ത്യകാലത്തും ഭഗവത്സ്മൃതിയും തന്മൂലം ഭഗവത്സായൂജ്യവും ലഭിക്കും

ശീലിച്ചുയോഗമാൎന്നെങ്ങും
തിരിയാതുള്ളൊരുള്ളിനാൽ
ദിവ്യനാം പരമാത്മാവെ
ധ്യാനിച്ചങ്ങെത്തുമർജ്ജുന 8

അനാദി,ധൎമ്മങ്ങൾ തെളിച്ചരപ്പോൻ,
സൂക്ഷ്മത്തിലും സൂക്ഷ്മ,നചിന്ത്യരൂപൻ
ഏതും വിധിപ്പോനിരുൾ തീണ്ടിടാത്തോ-
നാദിത്യതേജസ്സവനെ സ്മരിച്ചാൽ 9

മനസ്സുറച്ചുകൊട്ടുയോഗവാസ്സാൽ
ഭ്രൂമദ്ധ്യെയായ് പ്രാണനെയൂന്നിനിൎത്തി
അന്ത്യത്തിലാബ്ഭക്തിയിയന്നു നേടാ-
മദ്ദിവ്യമാകും പരമാത്മഭാവം 10

വേദജ്ഞരേതോതുവതന്തമറെറ-
ന്നോതെത്തിട്ടും യോഗികളാശയറേറാർ
സദ്ബ്രഹ്മചൎയ്യവ്രതമെന്തിനേല്പു,
ചുരുക്കമായപ്പദമോതിടാം ഞാൻ 11

ഇന്ദ്രിയങ്ങളെവെന്നുള്ളം
ഹൃദയത്തിൽത്തടഞ്ഞുമേ
മൂൎദ്ധാവിൽ പ്രാണനെച്ചേൎത്തു
യോഗത്തിങ്കലുറച്ചവൻ 12

---

8) ശീലിച്ച് = നിരന്തരമായി അഭ്യസിച്ച്, യോഗമാൎന്ന് = മനസ്സിനെ സമാഹിതമാക്കി.

10) ഭ്രൂമദ്ധ്യെയായ് = പുരികങ്ങൾക്ക രണ്ടിനും നടുവിലായ്.

12) യോഗാഭ്യാസവും പ്രണവോച്ചാരണസഹിതമാ

ഓമെന്നൊരക്ഷരം കൊണ്ടാ-
ബ്രഹ്മത്തെച്ചൊല്ലിയജ്ജ്ഞന
എന്നെയോർത്തുടൽ വിട്ടീടു-
ന്നവൻ നേടുന്നു മുക്തിയെ 13

മററൊന്നുമോർത്തിടാതെന്നു
മെന്നെയെപ്പൊഴുമോർക്കുവോൻ
സ്ഥിരശീലനവൻ യോഗി
യെളുതായെന്നിലെത്തിടും 14

എന്നെ പ്രാപിച്ചു മോക്ഷം പൂ-
ണ്ടാ മഹാത്മാക്കളജ്ജ്ഞന
ആടൽക്കൂടായുറപ്പററ
പുനർജ്ജന്മമിയന്നിടാ 15

ആ ബ്രഹ്മലോകവും കൂടെ
വീണ്ടുമാവൃത്തിയുള്ളതാം
വേണ്ട വീണ്ടും പിറപ്പേതു
മെന്നെ പ്രാപിയ്ക്കിലജ്ജ്ഞന 16

ആയിരം യുഗമുൾക്കൊണ്ട-
തത്രേ ബ്രഹ്മാവുതൻ പകൽ
യുഗമായിരമാം രാവും
ചൊൽവൂ രാപ്പകലോരുവോർ 17

---

യ ബ്രഹ്മധ്യാനവും ഉപദേശിച്ചുകൊണ്ടു്, "യോഗിമാരവസാനത്തിലെമ്മട്ടറിയുമങ്ങയെ" എന്ന ചോദ്യത്തിനുത്തരം പറയുന്നു.

15) ആടൽക്കൂടു് = ആടലുകൾക്കു് (ദുഃഖങ്ങൾക്കു്) കൂടു് (ഇരിപ്പിടം)

16) ആവൃത്തി = വീണ്ടും നാശവും വീണ്ടും ഉത്ഭവവും.

ഉണ്ടാം പ്രപഞ്ചം കാലത്ത-
ങ്ങവ്യക്തത്തിങ്കൽ നിന്നുമേ
സന്ധ്യയ്ക്കൂത്ത ലയിയ്ക്കുന്നി-
തവ്യക്തത്തിങ്കലായതിൽ 18

ഇക്കണ്ടിടുന്നതെല്ലാം താ-
നുണ്ടായുണ്ടായൊതുങ്ങിടും
കഴിവററു സന്ധ്യയ്ക്കു
കാണാതായ്ക്കാണ്മു രാവിലെ 19

ഈ അവ്യക്തത്തിനെക്കാള-
മവ്യക്തം വേറെ നിത്യമായ്
കാണ്മതെല്ലാം നശിച്ചാലും
നശിയ്ക്കാതുള്ള തുത്തമം 20

ആ നശിയ്ക്കാത്തൊരവ്യക്തം
താനത്രേ ലക്ഷ്യമുത്തമം
വീണ്ടും വരേണ്ട കൈവന്നാ-
ലതെന്നൽക്കൃഷ്ണമാംപദം 21

---

17) ബ്രഹ്മാവു് ദീർഘായുസ്സാണെങ്കിലും നിത്യനല്ല.

18) കാലത്തു് = പ്രളയമാകുന്ന രാത്രിയുടെ അവസാനത്തിൽ

19) കഴിവററു് = കർമ്മാധീനമാകയാൽ അവശമായി

20) നിത്യമായി = നശിക്കാതെ, അനാദി. പരമാത്മാവിൻെറ സ്വരൂപമാണതു്.

21) വീണ്ടും വരേണ്ട = പുനർജ്ജന്മം വേണ്ടിവരികയില്ല.

പരംപുമാനെ പ്രാപിയ്ക്കാ-
മൊന്നാലേകാഗ്രഭക്തിയാൽ
അവനിൽത്തന്നെ ലോകങ്ങ-
ളവനാൽ വ്യാപ്തമൊക്കെയും 22

യോഗികൾക്ക മടങ്ങേണ-
മെക്കാലത്തു മരിയ്ക്കുകിൽ
മടങ്ങീടേണ്ടയെക്കാല-
ത്തക്കാലം പാൎത്ഥ ചൊല്ലിടാം 23

തീ ശോഭ പകൽ വെൺപക്ഷം
മാസമാറുത്തരായണം
ബ്രഹ്മത്തിലെത്തുമക്കാലം
പോവോർ ബ്രഹ്മമറിഞ്ഞവർ 24

പുക രാവു കറുംപക്ഷം
ദക്ഷിണായനകാലമാം
മാസമാറന്നു പോയ്യോരും
ചന്ദ്രലോകത്തു യോഗികൾ 25

---

22) പരമാത്മാവു് ഏകാഗ്രമായ ഭക്തിയൊന്നു കൊണ്ടു മാത്രമേ പ്രാപിക്കപ്പെടുന്നുള്ളു. ഭക്തി = ഈശ്വരപ്രാപ്തി കൊണ്ടു മാത്രം തൃപ്തിയാവുന്ന അനുരാഗം—ജ്ഞാനരൂപമാണെന്നു പക്ഷം.

23) ജ്ഞാനികൾ പ്രകാശമയമായ മാൎഗ്ഗത്തിൽക്കൂടെ അഗ്നി മുതലായവയുടെ അധിഷ്ഠാനദേവതമാരാൽ നയിക്കപ്പെട്ടു് ബ്രഹ്മത്തെ പ്രാപിക്കുന്നു. അവൎക്കു് ആവൃത്തിയില്ല.

25) യോഗികൾ = ഫലേച്ഛയോടെ കൎമ്മം ചെയ്യുക എന്ന യോഗത്തോടു് (അഭ്യാസത്തോടു്) കൂടിയവർ. പോരും=സംസാരത്തിലേക്ക തിരിച്ചുപോരും.

വഴി രണ്ടു വെളുത്തൊന്നും
കറുത്തൊന്നും സ്ഥിരങ്ങളായ്
ഒന്നിനാൽ പോയ്മടങ്ങേണ്ട
മററതാൽ പോയ് മടങ്ങണം 26

മാർഗ്ഗങ്ങൾ രണ്ടുമറിയും
യോഗി മോഹമിയന്നിടാ
അതിനാൽ പാർത്ഥ ശീലിയ്ക്കൂ
യോഗമെല്ലായ്പ്പൊഴും ഭവാൻ 27

വേദങ്ങൾ യജ്ഞങ്ങൾ തപസ്സു പിന്നെ
ദാനങ്ങളെന്നുള്ളതിലുള്ള പുണ്യം
കടന്നുചെല്ലുന്നിതറിഞ്ഞു യോഗി
സർവ്വോത്തമം സ്ഥാനമതാദിഭൂതം 28

# ൯

# രാജവിദ്യാരാജഗുഹ്യയോഗം

**ശ്രീഭഗവാൻ പറഞ്ഞു:**

അസൂയയററ നിന്നോടി-
തതിഗൂഢമുരച്ചിടാം
ജ്ഞാനംവിജ്ഞാനമോടൊത്ത-
തറിഞ്ഞാലഘമററുപോം 1

രഹസ്യമിതു മാൺപുററ-
തേററം പാവനമുത്തമം
അറിയാം നേരിലെളുതായ്
സാധിയ്ക്കാം ധർമ്മ്യാവ്യയം 2

---

1) വിജ്ഞാനം = അനുഭവജ്ഞാനം. അഘം=പാപം, അശുഭരൂപമായ സംസാരം.

2) മാൺപുററതു് = മികച്ചതു് (രാജവിദ്യ = വിദ്യകളിൽ വെച്ചു് രാജാവു്) രഹസ്യം = ശ്രദ്ധയും ഭക്തിയും ഇല്ലാത്തവക്കു് സുലഭമല്ലാത്തതു്. പാവനം = പുണ്യപാപങ്ങളെ ഭസ്മീകരിച്ചു് വാസനയാകുന്ന അഴുക്കിനെ കഴുകിക്കളയുന്നതു്. അറിയാം നേരിൽ = സ്വാനുഭവം തികഞ്ഞതു് എളുതായ് സാധിക്കാം = ഭക്തിയും ശ്രദ്ധയും ഉള്ളവർക്കു് വേദാന്തവിചാരം കൊണ്ടു് എളുപ്പത്തിൽ നേടാം. ധർമ്മ്യം= ധർമ്മത്തിനൊത്തതു്. അവ്യയം = അഴിവററതു്.

ഈ ധർമ്മത്തിങ്കലിന്നേതും
ശ്രദ്ധവെയ്ക്കാത്ത മാനുഷർ
മൃത്യുസംസാരമാർഗ്ഗത്തി-
ലെന്നിലെത്താതുഴന്നിടും 3

വ്യാപിച്ചിരിപ്പിതെപ്പേരും
വേർതിരിഞ്ഞറിയാതെ ഞാൻ
ഇക്കാണ്മതൊക്കെയെന്നിൽത്താ-
നില്ല ഞാനവയൊന്നിലും 4

എന്നാകിലൊന്നുമില്ലെന്നിൽ
കാൺകെൻയോഗമിതൈശ്വരം
സൃഷ്ടിച്ചിവ ഭരിയ്ക്കും ഞാ-
നിരിപ്പീലിവയൊന്നിലും 5

എങ്ങും നിറഞ്ഞളവെഴാ-
തെപ്പൊഴും വായുവാനിതിൽ
എന്നപോലെന്നിലിക്കാണ്മ-
തെല്ലാം നില്പതു കാണുക 6

---

3) മൃത്യുസംസാരമാർഗ്ഗം = ജനനമരണങ്ങളോടു കൂടിയതും നാനാതരം പക്ഷിമൃഗാദിജന്മങ്ങൾ സ്വീകരിക്കേണ്ടതായിവരുന്നതുമായ മാർഗ്ഗം. പരമാത്മാവാണല്ലോ ജീവിതമാർഗ്ഗത്തിൻെറ അവസാനം. വഴി തെററി ജീവിത ലക്ഷ്യത്തിലെത്താതെ ചുററിത്തിരിയും.

4) എന്നിൽത്താൻ = എന്നെത്തന്നെ മൗലികമായി ആശ്രയിച്ചിരിക്കുന്നു.

5) ഒന്നുമില്ലെന്നിൽ = വെള്ളം കുടത്തിലിരിക്കും പോലെ ഒന്നും ആത്മാവിലിരിക്കുന്നില്ല. ഐശ്വരം യോഗം = സർവ്വ നിയാമകമായ ഘടനാവിശേഷം.

കാൺകെൻ പ്രകൃതിയിൽപ്പാർത്ഥ
ലയിയ്ക്കുന്നിതു സവ്വം
പ്രളയത്തിൽ, പിന്നെയെല്ലാം
വീണ്ടും സൃഷ്ടിച്ചിടുന്നു ഞാൻ 7

പ്രകൃതിയ്ക്കു വശപ്പെട്ടു
വശംകെട്ട ജഗത്തിനെ
വീണ്ടുംവീണ്ടും ചമയ്ക്കുന്നു
ഞാനെൻ പ്രകൃതിയൊന്നിനാൽ 8

കർമ്മങ്ങളിലുദാസീന-
നെന്നപോലെയസംഗനാം
എന്നെബ്ബന്ധിപ്പതില്ലേതു-
മക്കർമ്മങ്ങൾ ധനഞ്ജയ 9

ഞാൻ സാക്ഷിയാകെ, പ്രകൃതി
സൃഷ്ടിക്കുന്നു ചരാചരം
ഈ ലോകചക്രം തിരിവ
തതുകാരണമജ്ജുന 10

---

6) വാൻ (ആകാശം) സൂക്ഷ്മമാണ്. വായു സർവ്വവ്യാപകവും മഹാപരിമാണവുമാകുന്നു. ഈ വായുവും ആകാശവും തമ്മിൽ സംബന്ധമൊന്നുമില്ലെങ്കിലും വായു ആകാശത്തിലിരിക്കുന്നുവെന്നു പറയുന്നതുപോലെയാണ് "എല്ലാം എന്നിൽ ഇരിയ്ക്കുന്നു" എന്നു പറയുന്നതു്.

8) പ്രകൃതി = സ്വഭാവം. പ്രകൃതി = ത്രിഗുണാത്മികയും അവിദ്യാലക്ഷണയുമായ മായ.

9) ഉദാസീനൻ = ഉപേക്ഷാബുദ്ധിയുള്ളവൻ.

ഇപ്രപഞ്ചം നിയന്ത്രിയ്ക്കു-
മെന്നുൽക്കൃഷ്ടതയേതുമേ
ഓരാതെ നരനായ്ക്കാണു
മെന്നെ നിന്ദിപ്പു വിഡ്ഢികൾ 11

ആശയാചാരമറിവും
പാഴിലാമവിവേകികൾ
അരക്കരസുരക്കൊക്കും
തെററിയ്ക്കും ഭാവമാർന്നവർ 12

ഒരുള്ളോടു മഹാത്മാക്കൾ
ദേവപ്രകൃതിയാർന്നവർ
അഴിവേററതിനും മൂല-
മെന്നെന്നെക്കൈതൊഴുന്നതേ 13

എന്നെക്കീർത്തിച്ചു യതിച്ചു
നിഷ്ഠയോടു നമിച്ചുമേ
എന്നും വിടാതെ യോഗംപൂ-
ണ്ടുപാസിയ്ക്കുന്നു ഭക്തരായ് 14

സർവസ്വരൂപനാമെന്നെ
ജ്ഞാനയജ്ഞത്തിനാൽച്ചിലർ
ഒന്നായ്, വേറായ്,പലതുമാ-
യാരാധിച്ചാദരിപ്പൂതേ 15

---

12) തെററിക്കും – മോഹിപ്പിക്കുന്ന

13) അഴിവററ് (അവ്യയം) ഏതിനും മൂലം=ഭൂതാദി.

15) സാക്ഷാൽക്കരിക്കപ്പെട്ട അദ്വൈതഭാവനയോടുകൂടി ചിലർ, പ്രതീകോപാസനത്തിൽ ശക്തി സിദ്ധിച്ച ചിലർ, പലേ രൂപഭേദങ്ങൾ കല്പിച്ച് വേറെ ചിലർ, എന്നി

യജ്ഞം ഞാൻ,ക്രതു ഞാൻ, ഞാൻതാൻ
സ്വധ,ഞാൻതന്നെയൌഷധം,
മന്ത്രം ഞാൻ, നെയ്യു ഞാൻ, തീ ഞാൻ,
ഞാൻ താനീ ഹോമകർമ്മവും 16

ലോകത്തിന്നമ്മ ഞാനച്ഛൻ
മുത്തച്ഛൻ ഫലമേകുവോൻ
പ്രണവം, പാവനം, വേദ്യം
ഋക്കു, സാമം, യജുസ്സുമേ 17

ലാക്കീശൻ സാക്ഷി രക്ഷിപ്പോൻ
ചെങ്ങാതി തുണയാശ്രയം
ഉണ്ടായ് നിന്നഴിയാൻമൂലം
നിധി വിത്തഴിവററതും 18

വെയിലേകുന്ന കാലം പോൽ
മഴനിർത്തിക്കൊടുപ്പു ഞാൻ
അമൃതം മൃതിയും പാർത്ഥ
ഞാനാണില്ലാത്തതുള്ളതും 19

ങ്ങനെ അവസ്ഥാഭേദവും അധികാരഭേദവും അനുസരിച്ച് ഈശ്വരനെആരാധിക്കുന്നതു് ജ്ഞാനയജ്ഞഭേദങ്ങളാകുന്നു.

16) യജ്ഞം = പഞ്ചമഹായജ്ഞാദി. ക്രതു = വേദവിഹിതമായ യാഗാദി, പിതൃക്കൾക്കായി സമർപ്പിക്കുന്നതു സ്വധശരീരികളെല്ലാം സ്വാഭാവികമായി ഭക്ഷിക്കുന്ന അന്നം ഔഷധം=ഔഷധികളാണല്ലോ അന്നത്തിനുമൂലം.

17) പാവനം = പുണ്യകർമ്മം. വേദ്യം = അറിയപ്പെടേണ്ടതു്.

18) ലാക്ക് = ലക്ഷ്യം. ഉണ്ടായ്നിന്നഴിയാൻ മൂലം =ഉൽപ്പത്തിക്കും നിലനില്പിനും നാശത്തിനും ആശ്രയം

യാഗങ്ങളിൽസ്സോമപർ പാപമററോർ
വിണ്ണെന്നൊടത്ഥിപ്പിതു വേദിയന്മാർ
കൈക്കൊൾവു പുണ്യം സുരലോകമാന്നു
ദിവ്യങ്ങളാമങ്ങിയലും സുഖങ്ങൾ 20

ആ സ്വർഗ്ഗസൌഖ്യങ്ങൾ തികച്ചുമുണ്ടു
പുണ്യം ക്ഷയിച്ചാൽ വരുമിങ്ങു തന്നെ
ഭോഗേച്ഛയാലിങ്ങനെ വേദധർമ്മം
കൈക്കൊണ്ടു പോയ്‌വന്നു കഴിഞ്ഞിടുന്നു 21

മററുള്ളതൊക്കെ വിട്ടെന്നെ
ത്തന്നെയോത്തു ഭജിയ്ക്കുവോർ
നിത്യയുക്തരവർക്കുള്ള
യോഗക്ഷേമം വഹിപ്പു ഞാൻ 22

---

19) ഉള്ളതായ തന്നിൽക്കല്പിയ്ക്കപ്പെട്ടിരിക്കുന്നതാക കൊണ്ടും സ്വതന്ത്രമായനിലനില്പില്ലാത്തതുകൊണ്ടും കാര്യങ്ങളായ വസ്തുക്കളും (സവികാരമായ പ്രപഞ്ചം) താനാണെന്നു കല്പിക്കപ്പെട്ടിരിക്കുന്നു

20) സോമപർ = സോമത്തെ പാനം ചെയ്യുന്നവർ. വേദിയന്മാർ = വേദത്തെ അറിയുന്നവർ.

21) പാപംപോലെ പുണ്യവും വാസനയ്ക്കും ബന്ധത്തിനും കാരണമാണെന്നും പുണ്യം കൊണ്ടു ലഭിക്കുന്ന സ്വർഗ്ഗാദിസുഖങ്ങൾ നശ്വരങ്ങളാണെന്നും ഭോഗേച്ഛയാണിതിനെല്ലാം അടിസ്ഥാനമെന്നും താല്പര്യം.

22) നിത്യയുക്തർ = എല്ലായ്പോഴും മനസ്സിനെ സമാഹിതമാക്കി വെച്ചിട്ടുള്ളവർ. യോഗക്ഷേമം = യോഗവും (കിട്ടാത്തതുകിട്ടൽ) ക്ഷേമവും (കിട്ടിയതു രക്ഷിക്കൽ), അഥവാ യോഗമാർഗ്ഗത്തിൽ നിന്നു തെററിപ്പോകാതെ അതിൽത്തന്നെ പുരോഗമിക്കൽ.

ശ്രദ്ധിച്ചു ഭക്തിപൂണ്ടന്യ
ദേവന്മാരെബ്ഭജിയ്ക്കുവോർ
വഴിതെററുകിലും പാർത്ഥ
പൂജിച്ചീടുവതെന്നെയേ 23

യജ്ഞങ്ങളെല്ലാം കൈക്കൊണ്ടു
ഞാനാണു ഫലമേകുവോൻ
ശരിയ്ക്കെന്നെയറിഞ്ഞീടാ-
തവരർജ്ജുന വീണുപോം

ദേവന്മാരിൽദ്ദേവഭക്തർ
പിതൃഭക്തർ പിതൃക്കളിൽ
ഭൂതങ്ങളിൽബ്ഭൂതഭക്ത-
രെത്തുമെൻഭക്തരെന്നിലും. 25

ഇല പൂ കായ വെള്ളംതാ-
നിങ്ങാർ ഭക്തിയോടേകുമോ
ഭക്തിയാൽ പരിശുദ്ധാത്മാ-
വവനേകുന്നതേല്ക്കുവൻ 26

ചെയ്വതെന്തെന്തു കൈക്കൊൾവ-
തെന്തു ഹോമിപ്പതർജ്ജുന
തപസ്സെന്തെന്തുതാൻദാന-
മെല്ലാമർപ്പിയ്ക്കുകെന്നിലേ 27

---

24) ഭാവനാധീനമാണു ഫലം ക്ഷുദ്രങ്ങളായ വിഷയസുഖങ്ങൾക്കുമാത്രമാഗ്രഹിയ്ക്കുന്നവക്കു് അതു കിട്ടുന്നു. വീണുപോം = അധഃപതനത്തെ അനുഭവിക്കും.

27) ഭഗവദർപ്പണമായി (ബ്രഹ്മാർപ്പണമായി) ചെയ്യപ്പെടുന്നതൊന്നുമേ ബന്ധത്തിനു കാരണമാവില്ലല്ലോ.

നന്മതിന്മകളേകുന്ന
കർമ്മബന്ധമൊഴിച്ചിടാം
ഇമ്മട്ടു മുക്തൻ സന്ന്യാസ-
യോഗം പൂണ്ടെന്നിലെത്തിടും 28

ഒരുപോലാണു ഞാനാർക്കും
ശത്രുമിത്രങ്ങളില്ല മേ
ഭക്തിയാൽ ഭജിപ്പോരി-
ലുണ്ടു ഞാനവരെന്നിലും 29

ദുരാചാരനായാലു-
മെന്നെത്തന്നെ ഭജിക്കുകിൽ
കാൺക നല്ലവനായെന്നു;
ചെന്നല്ലോ ബുദ്ധി നല്ലതിൽ 30

---

28) സന്ന്യാസയോഗം = സർവ്വകർമ്മങ്ങളേയും ത്യജിക്കുക എന്ന യോഗം കർമ്മത്തെ ഈശ്വരാർപ്പണമായി ചെയ്യുക എന്ന ഫലത്യാഗം നിമിത്തം സത്വശുദ്ധിയും ജ്ഞാനവും വന്നു്, കർമ്മങ്ങളെത്തന്നെ സന്ന്യസിച്ചു് മോക്ഷം നേടാറാവും.

29) മേ = എനിക്കു്.

29) ഭഗവൽഭക്തി പ്രായശ്ചിത്തം വിധിക്കാത്ത പാപങ്ങളെ നശിപ്പിക്കുന്നു. പാപവാസന നശിക്കാതെ ഭക്തിയുണ്ടാവുകയില്ല. അതുകൊണ്ടു് അത്രവരെ ദുരാചാരനായിരുന്നാലും (വളരെ നികൃഷ്ടമായ ആചാരത്തോടുകൂടിയവനായിരുന്നാലും) ഭഗവാനെബ്ഭജിച്ചു തുടങ്ങുന്ന ആ നിമിഷം മുതൽ ഒരുവനെ നല്ലവനായിത്തന്നെ കരുതാം.

ധർമ്മാത്മാവായ് വരും വേഗം
നിത്യശാന്തിയുമാർന്നിടും
പാർത്ഥ ചെയ്യുക സത്യം നീ
യെൻെറ ഭക്തൻ നശിച്ചിടാ 31

ഹീനജന്മമിയന്നോരാ
സ്ത്രീകൾ വൈശ്യരു ശൂദ്രരും
മോക്ഷമർജ്ജന നേടുന്നി-
തെന്നെത്താനാശ്രയിപ്പവർ 32

പിന്നെന്തു പുണ്യരാം വിപ്ര-
രാ രാജർഷികൾ ഭക്തരും
അഴലാർന്നഴിയും ലോക-
മാർന്നോനെന്നെബ് ഭജിയ്ക്കു നീ 33

എന്നെയോർക്കെൻ ഭക്തനാക
പൂജിയ്ക്കെന്നെ നമിയ്ക്കുക
ഗതിയായെന്നെയിമ്മട്ടോ-
ർത്തുള്ളുറച്ചെന്നിലെത്തിടാം. 34

---

32) ഹീനജന്മമിയന്നോർ = ബ്രാഹ്മണരേയും മററും പോലെ ആദ്ധ്യാത്മികചിന്തയ്ക്കു സൌകര്യമുള്ള പരിതസ്ഥിതിയോടുകൂടി ജനിയ്ക്കാത്തവർ.

33) പുണ്യർ = പരിശുദ്ധർ. അഴൽ=സുഖഹാനി. അഴിയും=നശിക്കുന്ന

# 10

# വിഭൂതിയോഗം

**ശ്രീഭഗവാൻ പറഞ്ഞു:**

ഇനിയും പാൎത്ഥ കേട്ടാലും
തത്വമാമെൻെറ വാക്കു നീ
സന്തോഷത്തോടു കേൾക്കും നിൻ-
നന്മയാശിച്ചു ചൊൽവൂ ഞാൻ 1

ദേവന്മാരോ മുനികളോ
കാണ്മീലെൻ പ്രഭവത്തിനെ
ദേവന്മാൎക്കും മുനീന്ദ്രൎക്കും
ഞാൻ താനാണാദികാരണം 2

ആദിയും ജന്മവും കൂടാ-
തിപ്പാരിന്നേകനാഥനായ്
മോഹമറെറന്നെയറിവോ-
നൊഴിയും പാപമൊക്കെയും 3

---

1) സന്തോഷം = തൃപ്തി (കേട്ടതു മതി എന്ന തോന്നലി ല്ലാതെ)

2) പ്രഭവം = മൂലം.

3) കേവലം സത്താകയാൽ ആദിയില്ലായ്ക. കൎമ്മവാസന ഇല്ലായ്കയാൽ ജന്മമില്ലായ്ക. (അനാദിയും അജനും)

വിവേകം ബുദ്ധിയറിവു
നേരൊതുക്കം ശമം ക്ഷമ
ഇന്മ,ഉണ്മ,സുഖം, ദുഃഖം
പേടിച്ചീടായ്ക, പേടിയും 4

അഹിംസ തുഷ്ടി സമത
ദാനം കീർത്തിയകീർത്തിയും
തപമിപ്പലഭാവങ്ങ-
ളെന്നാലുണ്ടാകുമേതിനും 4

ഋഷിമാരേഴുപേർ, നാലപർ,
മനുക്കളിവരാദിമർ
ജഗത്പിതാക്കളുണ്ടായി-
ട്ടുള്ളാലെൻഭാവമാർന്നവർ 6

---

4) തിരിച്ചറിയാനുള്ള കഴിവുവിവേകം. സൂക്ഷ്മസംഗതികളെ ഗ്രഹിക്കാനുള്ള കഴിവു ബുദ്ധി. യഥാർത്ഥജ്ഞാനം അറിവു്. അനുഭവത്തിൽ നിന്നു വ്യത്യാസം കൂടാത്ത വാക്കു് നേരു് (സത്യം), കൈകാൽ തുടങ്ങിയ ബാഹ്യേന്ദ്രിയങ്ങളുടെ അടക്കം ഒതുക്കം (ദമം), അന്തഃക്കരണങ്ങളുടെ അടക്കം ശമം, അനിഷ്ടം അനുഭവിക്കേണ്ടിവന്നാലും മനസ്സു ക്ഷോഭിയ്ക്കായ്ക ക്ഷമ. ഇന്മ = ഇല്ല എന്ന ഭാവം. ഉണ്മ = ഉണ്ടു് എന്നതു്.

5) വിചാരം, വാക്കു്, പ്രവൃത്തി ഇവകൊണ്ടു് ഉപദ്രവം ചെയ്യാതിരിക്കൽ അഹിംസ. കിട്ടുന്നതുകൊണ്ടു തൃപ്തിപ്പെടൽ തുഷ്ടി. എല്ലാത്തിലും ഒരുപോലെയുള്ള മനോഭാവം സമത. ധർമ്മാചരണത്തിനു വേണ്ടി ക്ലേശം സഹിക്കൽ തപസ്സ് ഇങ്ങനെ ആശാസ്യങ്ങളും വർജ്ജനീയങ്ങളുമായ സകല ഭാവങ്ങളും ദേഹികൾക്കു് അവരുടെ കർമ്മത്തെ അനുസരിച്ചു് എന്നിൽ നിന്നുണ്ടാവുന്നു.

ആരെൻവിഭൂതിയോഗങ്ങൾ
സൂക്ഷ്മമായറിയുന്നവോ
ചേരുമീട്ടററ യോഗത്തിൽ
സംശയിയ്ക്കേണ്ടതില്ലവൻ 7

ഹേതുവെല്ലാത്തിനും ഞാനാ-
ണെല്ലാമെന്നാൽ നടപ്പതേ
എന്നുവെച്ചെന്നിലുള്ളുന്നി-
ബ് ഭജിപ്പിതറിവുള്ളവർ 8

എന്നിലുള്ളാന്നേനിയ്ക്കായി
ജ്ജീവിച്ചന്യോന്യമെപ്പോഴും
എന്നെക്കുറിച്ചുരച്ചോതി
സ്സന്തോഷിച്ചു രസിപ്പവർ 9

എന്നുമുദ്യുക്തരായെന്നെ
പ്രീതരായ്പ്പണിവോൾക്കു ഞാൻ
എന്നിലെത്തുവതിന്നുള്ളൊ-
രറിവിൻ വഴി നല്കുവൻ 10

---

6) എൻഭാവമാന്നവർ=എന്റെ ഭാവം (ഭാവന—ധ്യാനം) കൊണ്ടു ജ്ഞാനം സിദ്ധിച്ചവർ.

7) വിവേകം മുതലായവയാണ് വിഭൂതികൾ.

8) ഇപ്പാരിന്നേകനാഥൻ എന്നു പറയപ്പെട്ട ഐശ്വര്യം യോഗം.

9) ഉരച്ച്ഓതി = ഉപപാദിക്കുകയും ഉപദേശിക്കയും ചെയ്തുകൊണ്ട്.

10) പ്രീതരായ്=പ്രീതി (ഭക്തി, പ്രേമം) യോടെ, വേറെ ഉദ്ദേശമൊന്നുമില്ലാതെ എന്നത്ഥം. പണിവോൾക്ക് = ഭജിക്കു

അൻപാന്നകററുമവർ ത-
ന്നറിവില്ലായ്മതന്നിരുഠം
അകത്തിരുന്നു ഞാൻ മിന്നു-
മറിവാകും വിളക്കിനാൽ 11

**അജ്ജ്ജനൻ പറഞ്ഞു:**

പരബ്രഹ്മം പരംതേജ-
സ്സുങ്ങതാൻ ശുദ്ധവസ്തുവും
ആദിദേവനജൻ ദിവ്യൻ
പുരുഷൻ ശാശ്വതൻ വിഭു 12

അങ്ങെന്നു ചൊൽവൂ ഋഷിമാ-
രൊക്കെ, ദേവർഷി നാരദൻ
അസിതൻ, ദേവലൻ, വ്യാസൻ
ചൊൽവിതങ്ങന്നു നേരിലും 13

എന്നൊടോതുവതെല്ലാം ഞാ-
നുള്ളതെന്നോർപ്പു കേശവ
വ്യക്തനല്ലങ്ങ വാനോർക്കും
ഭഗവൻ ദാനവർക്കുമേ 14

---

നവക്ക്. ഭഗവാനെ ഭജിക്കുവാൻ സംഗതി വന്നതുകൊണ്ടു
ള്ള പ്രീതിയും ആവാം.

11) ആത്മനോഭാവോന്തഃകരണാശയസ്തസ്മിന്നവസ്ഥിതഃസൻ

12) പരം = സർവോൽകൃഷ്ടം. ആദിദേവൻ = ദേവന്മാ
ക്കുമാദിമൻ. അജൻ = ജനനമരണങ്ങളില്ലാത്തവൻ. ദി
വ്യൻ = പ്രകാശാത്മകൻ. വിഭു = സർവ്വവ്യാപി.

തന്നെത്തന്നാലെതന്നെത്താ-
നറിവൂ പുരുഷോത്തമ
വിശ്വം സൃഷ്ടിച്ചു കാക്കുന്ന
ദേവദേവ ജഗത്പ്രഭോ 15

എവകൊണ്ടിപ്രപഞ്ചത്തെ
ച്ചുഴന്നങ്ങുന്നു നില്പിതോ
വിടാതെ ചൊൽക, ദിവ്യങ്ങ-
ളവയാത്മവിഭൂതികൾ 16

എവ്വിധം ധ്യാനമാർന്നങ്ങെ-
യറിവേൻ യോഗിവര്യ ഞാൻ
ഏതേതു ഭാവങ്ങളിലാ-
യീശ ചിന്തിച്ചിടേണ്ടു ഞാൻ 17

വിസ്തരിച്ചു പറഞ്ഞാലും
തന്റെ യോഗം വിഭൂതിയും
അമൃതത്തെക്കേട്ടുകേട്ടു
തൃപ്തി വന്നില മാധവ 18

---

15) വിശ്വം = പ്രപഞ്ചമെല്ലാം.

16) ചുഴന്നു് = വ്യാപിച്ചു്

17) നിർവികൽപ്പസമാധിയിൽ സ്ഥിതിലഭിക്കുന്നതിനു മുമ്പു് ധ്യാനത്തിനു വിഷയമായി എന്തെങ്കിലും ഒന്നു വേണമല്ലൊ.

18) അമൃതം=പദംതോറും മധുരവും അമൃതത്വത്തിനു് (മോക്ഷത്തിനു്) ഹേതുവും ആകയാൽ വാക്യവും അമൃതം.

ശ്രീഭഗവാൻ പറഞ്ഞു:

ഓതാം നിന്നോടു ദിവ്യങ്ങ-
ളെൻ വിഭൂതികളുജ്ജ്വന
പ്രാധാന്യംപോലെ-യില്ലേത്തും
വിസ്തരിച്ചാലൊരററവും 19

പ്രാണികൾക്കൊക്കെയുൾപ്പൂക്ക
വാഴമാത്മാവു കാൺക ഞാൻ
പ്രാണികൾക്കു ഗുഡാകേശ
ഞാനാദിനടുവന്തവും 20

വിഷ്ണുവാദിത്യരിൽ, ശോഭി-
പ്പവയിൽ രവിയംശുമാൻ
മരീചി വായുക്കളിലും
നക്ഷത്രങ്ങൾക്കു ചന്ദ്രനും 21

വേദങ്ങളിൽസ്സാമവേദം
ദേവന്മാരിൽസ്സുരേന്ദ്രനും
ഭൂതങ്ങളിൽച്ചേതന ഞാൻ
മനസ്സാണിന്ദ്രിയങ്ങളിൽ 22

യക്ഷരക്ഷസ്സുകളിലാ-
ക്കുബേരൻ, രുദ്രരിൽശ്ശിവൻ
പർവ്വതങ്ങളിലോ മേരു
പാവകൻ ഞാൻ വസുക്കളിൽ 23

---

20) ആദിനടുവന്തം = സൃഷ്ടിസ്ഥിതിസംഹാരഹേതു
22) ചേതന = ചൈതന്യഹേതുവായ ബുദ്ധി.
24) സരസ്സുകൾ=ജലാശയങ്ങൾ. ആഴി = സമുദ്രം.

പുരോഹിതരിലൊന്നാമൻ
പാർത്ഥ ഞാൻ താൻ ബൃഹസ്പതി
സേനാപതികളിൽ സ്കന്ദൻ
സരസ്സുകളിലാഴി ഞാൻ 24

മഹർഷിമാരിൽ ബ്ഭൃഗു ഞാൻ
പ്രണവം വചനങ്ങളിൽ
യജ്ഞങ്ങളിൽജ്ജപവുമാം
ഹിമവാനചലങ്ങളിൽ 25

അരയാൽ വൃക്ഷങ്ങളിലും
ദേവർഷികളിൽ നാരദൻ
ഗന്ധർവരിൽച്ചിത്രരഥൻ
കപിലൻ മുനിസിദ്ധരിൽ 26

പാലാഴിപെററതാമുച്ചൈ:-
ശ്രവസ്സാണശ്വജാതിയിൽ
നാല്ക്കൊമ്പനാനകളിലും
ഞാൻ രാജാവു മൻഷ്യരിൽ 27

ആയുധങ്ങളിലോ വജ്രം
കാമധേനു പശുക്കളിൽ
ഉൽപ്പത്തിഹേതുവാം കാമൻ
ഞാൻ സർപ്പങ്ങളിൽ വാസുകി 28

വരുണൻ ജലജന്തുക്കൾ-
ക്കനന്തൻ നാഗജാതിയിൽ
യമൻ സംയമനം ചെയ്വോ-
ർക്ക്യമാവു പിതൃക്കളിൽ 29

---

25) അചലങ്ങൾ = പർവ്വതങ്ങൾ
27) നാല്ക്കൊമ്പൻ = ഐരാവതം

പ്രഹ്ലാദൻ ദൈത്യരിൽ, കാലം
കണക്കാക്കുന്നവററയിൽ
ഗരുഡൻ പക്ഷിവർഗ്ഗത്തിൽ
സിംഹം ഞാൻ മൃഗജാതിയിൽ 30

പാവനങ്ങളിലോ വായു
ശസ്ത്രവാന്മാരിൽ രാമനും
ഒഴുകുന്നവയിൽഗ്ഗംഗ
മകരം മത്സ്യജാതിയിൽ 31

തുടക്കം ഞാൻ സൃഷ്ടികളിൽ
നടുവും ഞാനൊടുക്കവും
വാദിയ്ക്കുവോരിൽ ഞാൻ വാദം
വിദ്യകൾക്കാത്മവിദ്യയും 32

സമാസങ്ങളിലോ ദ്വന്ദ്വം
വർണ്ണങ്ങളിലകാരവും
അന്തമില്ലാത്ത കാലം ഞാൻ
ധാതാവെല്ലാവിധത്തിലും 33

മൃത്യുവെല്ലാമൊടുക്കുന്ന-
തുൽഭവം ഭാവികൾക്കു ഞാൻ
സ്ത്രീകളിൽ കീർത്തി വാക്കോർമ്മ
ശ്രീ ധൃതി ക്ഷമ മേധയും 34

---

29) സംയമനം ചെയ്‌വോർ =ധർമ്മാധർമ്മഫലം നിശ്ചയിക്കുന്നവർ.

33) ധാതാവ് = കർമ്മഫലധാതാവ്.

34) ഉൽഭവം = ആവിർഭാവം. ഭാവികൾ = വരുവാനുള്ളവ. കീർത്തി = പ്രസിദ്ധി. ശ്രീ = സമ്പത്ത്. മേധ= ധാരണാശക്തി. ധൃതി=ധൈര്യം(ചാപല്യത്തെ തടുക്കുന്നതു്)

സാമങ്ങളിൽ ബൃഹത്സാമം
ഋക്കിൽ ഗ്ഗായത്രിയർജ്ജുന
മാസങ്ങൾക്കോ മാർഗ്ഗശീഷം
വസന്തം ഞാൻ ഋതുക്കളിൽ 35

തേജസ്സുള്ളോർക്കു തേജസ്സു
വഞ്ചനക്കാർക്കു ചൂതു ഞാൻ
ജയം ഞാനുദ്യമം ഞാൻ താൻ
സത്വമുള്ളോർക്കു സത്വവും 36

വാസുദേവൻ യാദവരിൽ
ഞാൻ പാണ്ഡവരിലർജ്ജുനൻ
ക്രാന്തദർശികളിൽ ശുക്രൻ
വ്യാസൻ ഞാൻ മുനിമാരിലും 37

ശിക്ഷിക്കുന്നവർ തൻ ശിക്ഷ
ജയമോർപ്പോർക്കു നീതിയും
രഹസ്യങ്ങളിലോ മൌനം
ജ്ഞാനം ഞാൻ ജ്ഞാനിമാരിലും 38

ഇക്കാണ്മതേതിലും വിത്താ-
യുള്ളതർജ്ജുന ഞാനെടോ
എന്നെക്കൂടാതെയില്ലേതും
ചരങ്ങളചരങ്ങളും. 39

---

35) ഋക്ക് = വേദമന്ത്രം.

36) സത്വം - ധർമ്മജ്ഞാന വൈരാഗ്യാദി.

37) ക്രാന്തദർശി – കവി. സാധാരണക്കാർക്കു കാണാൻ കഴിയാത്തതു കാണുന്നവൻ.

39) ചരങ്ങൾ = ഇളകുന്നവ. അചരങ്ങൾ – ഇളകാ

അന്തമററവയാണെൻെറ
യിട്ടിവ്യങ്ങൾ വിഭൂതികൾ
വിസ്തരിച്ച വിഭൂതിയ്ക്കു-
ള്ളേ താണ്ടൊന്നോതി വീര ഞാൻ. 40

ഐശ്വര്യമൊത്തൂർജ്ജിതമാ-
യെന്തെന്തെന്തുന്ന കാന്തിയും
അതൊക്കെയറികെൻ തേജോ-
ലേശത്തിലുളവായതാം. 41

അല്ലെങ്കിലെന്തിനായ് പാർത്ഥ
വിസ്തരിച്ചറിയുന്ന നീ
ഈ ജഗത്താകെയേകാംശം
കൊണ്ടു ഞാൻ പൂണ്ടു നില്പയാം. 42

---

ത്തവ. സത്തുക്കളുടെ ജീവാംശമായ സത്തയെ കൊടുക്കുന്നതു് ഞാനാകയാൽ ഞാനില്ലാത്ത യാതൊന്നുമില്ല.

41) അസാധാരണമായ ഐശ്വര്യം, കാന്തി, സത്വം ഇവ കാണുന്നേടത്തു് ഈശ്വരാംശം പ്രത്യേകിച്ചും ഉണ്ടു്.

42) ഈശ്വരൻെറ ചൈതന്യത്തിൻെറ ഒരംശം മാത്രമാണ് ഈ പ്രപഞ്ചത്തിൻെറ ചൈതന്യത്തിനു് മൂലമായിരിക്കുന്നതു്

# 11

# വിശ്വരൂപദർശനം

**അർജ്ജുനൻ പറഞ്ഞു:**

സൂക്ഷ്മമായ് മേന്മയാർന്നോര-
മാത്മജ്ഞാനം തരുന്നതായ്
എന്നിൽക്കനിഞ്ഞരുളിയോ-
രീ വാക്കാൽത്തീർന്നു സംശയം. 1

അഴിവററ മഹത്വത്തെ
യങ്ങു വർണ്ണിച്ചുകേട്ടു ഞാൻ
കണ്ണ ജന്തുക്കളുണ്ടായി
നശിക്കും വിവരങ്ങളും. 2

അങ്ങയെപ്പററിയങ്ങുന്നു
ചൊൽവതങ്ങനെ താൻ പ്രഭോ
ആശയുണ്ടീശ കണ്ടീടാ-
നങ്ങതൻ രൂപമൈശ്വരം. 3

നിനയ്ക്കുന്നു ഭവാൻ കാണാ-
മെനിയ്ക്കെന്നെങ്കിലീശ്വര
അവ്യയാത്മസ്വരൂപത്തെ
യോഗനായക കാട്ടുക. 4

---

2) അഴിവററ = നാശമില്ലാത്ത, അവ്യയമായ.

3) ഐശ്വരം = ഐശ്വര്യങ്ങൾ തികഞ്ഞ, വിശ്വാ ത്മകമായ. 4) യോഗനായക = യോഗേശ്വര.

**ശ്രീഭഗവാൻ പറഞ്ഞു:**

പാർത്ഥ കാൺകററമില്ലാതു-
ള്ളെൻരൂപങ്ങൾ പലവിധം
നാനാവർണ്ണാകൃതികളായ്
ദിവ്യതേജസ്സിയന്നവ 5

വസുക്കൾ, രുദ്രരാദിത്യർ
രണ്ടശ്വികൾ മരുത്തുകൾ
കാൺകത്ഭുതങ്ങളിന്നോളം
കാണാതുള്ളവയജ്ജ്ജുന 6

ഒത്തിരിയ്ക്കുന്നിതെൻ മെയ്യിൽ
പ്രപഞ്ചം സചരാചരം
പാർത്ഥ കണ്ടാലുമിന്നിങ്ങു
കാണാനാശിപ്പതൊക്കെയും 7

സാദ്ധ്യമല്ലെന്നെയിക്കണ്ണു
കൊണ്ടു കാണ്മതിനജ്ജ്ജുന
ദിവ്യചക്ഷുസ്സു ഞാൻ നല്കാം
കാൺകെൻ യോഗമിതൈശ്വരം 8

**സഞ്ജയൻ പറഞ്ഞു:**

എന്നോതിപ്പിന്നെ രാജാവേ
മഹായോഗേശ്വരൻ ഹരി
കാട്ടിക്കൊടുത്തു പാർത്ഥന്നു
പരമം രൂപമൈശ്വരം 9

---

5) നാനാവർണ്ണാകൃതികൾ = പലേ നിറങ്ങളും ആകൃതികളും ഉള്ളവ

7) സചരാചരം = ഇളകുന്നവയും ഇളകാത്തവയുമായ സകല വസ്തുക്കളോടും കൂടിയതു്.

കണ്ണും വായുമനേകം പൂ-
ണ്ടതത്ഭുതങ്ങൾ നിറഞ്ഞതായ്
ദിവ്യഭൂഷകൾ പൂണ്ടേറെ
ദ്ദിവ്യാസ്ത്രങ്ങളുയർത്തിയും 10

ദിവ്യമാല്യാംബരം ചാർത്തി
ദിവ്യഗന്ധങ്ങൾ പൂശിയും
എങ്ങും തിങ്ങി വിളങ്ങീടു
മനന്താശ്ചര്യമൂർത്തിയെ 11

പലതായ്പ്പിരിവാർന്നുള്ളോ-
രീ ജഗത്താകെയർജ്ജുനൻ
ദേവദേവന്റെ ദേഹത്തി-
ലപ്പോഴൊന്നിച്ചു കണ്ടുതേ 12

വാനിലായിരമർക്കന്മാ-
രൊത്തുദിച്ചു വിളങ്ങുകിൽ
വിശ്വരൂപേശ്വരൻ തന്റെ
യാശോഭയ്ക്കൊത്തിടാമതു്. 13

അപ്പോഴത്യത്ഭുതം പൂണ്ടു
കോൾമയിർക്കൊണ്ടു ദേവനെ
നമിച്ചു തല ചാച്ചോതി
കൈകൾ കൂപ്പി ധനഞ്ജയൻ 14

---

11) അനന്താശ്ചര്യമൂർത്തിയെ = നാശമില്ലാത്തതും ആശ്ചര്യങ്ങൾ നിറഞ്ഞതുമായ രൂപത്തെ.

**അർജ്ജുനൻ പറഞ്ഞു:**

നിന്മെയ്യിൽ ഞാൻ കാണ്മിതു ദേവ, ദേവ
ന്മാരൊക്കെ, നാനാവിധ ജന്തുവർഗ്ഗം
സൃഷ്ടിയ്ക്കുമീശൻ കമലത്തിൽ വാഴ്വോൻ
മഹർഷിമാർ ദിവ്യമഹോരഗങ്ങൾ 15

കൺകൈവയർവായകളേറെയാന്നു
കാണ്മൂ നിറഞ്ഞൊക്കെയനന്തരൂപം
തുടക്കവും മദ്ധ്യവുമന്തവും ഞാൻ
കാണ്മീല വിശ്വേശ്വര വിശ്വരൂപ 16

ചക്രം കിരീടം ഗദയും ധരിച്ചി
ട്ടെങ്ങും തിളങ്ങുന്ന മഹസ്സമൂഹം
അമേയമായ്ക്കാണ്മിതു കാൺകവയ്യാ-
തുദ്ദീപ്തമായർക്കനുമഗ്നിയും പോൽ 17

ഓരേണ്ടതാം ബ്രഹ്മമതീവസൂക്ഷ്മം
നീയിപ്രപഞ്ചത്തിനൊരുററതാങ്ങും
രക്ഷിപ്പവൻ ശാശ്വതധർമ്മമേതും
നീ നിർവ്വികാരൻ പുരുഷൻ പുരാണൻ 18

വീര്യം തികഞ്ഞും കരമേറെയാന്നു-
മാദ്യന്തമദ്ധ്യങ്ങളെഴാതെ നിന്നെ
സൂര്യേന്ദുനേത്രങ്ങളൊടാകെ വാട്ടും
തേജസ്സൊടുദ്ദീപ്തഹുതാസ്യ കാണ്മൂ 19

---

17) മഹസ്സമൂഹം = തേജസ്സുകളുടെ കൂട്ടം, അമേയം = അളവററതു്. ഉദ്ദീപ്തം = ഉജ്ജ്വലിക്കുന്നതു്.

18) ഓരേണ്ടതു്=അറിയേണ്ടതു്. അമേയം=അളവററതു്.

19) ഉദ്ദീപ്തഹുതാസ്യ = ജ്വലിക്കുന്ന അഗ്നിയാകുന്ന മുഖത്തോടു കൂടിയവനേ.

വ്യാപിപ്പു വിൺപാരിടയേത്തുമെങ്ങും
ദിക്കൊക്കെയൊററയ്ക്കു ഭവാൻ മഹാത്മൻ
അത്യത്ഭുതം നിന്നുടെ രൂപമുഗ്രം
കണ്ടിട്ടു മൂപ്പാരു നടുങ്ങിടുന്നു 20

കടപ്പിതങ്ങിൽ സ്സുരസംഘമങ്ങെ
ശ്ശപ്പിസ്തുതിപ്പൂ ചിലരാടലോടെ
മഹർഷി സിദ്ധാദികൾ നന്മനേന്നു
വാഴ്ത്തുന്നു ചേണുററിന വാഴ്ത്തിനാലേ 21

ശ്രീരുദ്രരാദിത്യർ വസുക്കൾ സാദ്ധ്യർ
പിതൃക്കളൊത്തശ്വികൾ വിശ്വരുമ്പർ
ഗന്ധർവ്വയക്ഷാസുരസിദ്ധരെല്ലാം
നോക്കുന്നിതാശ്ചര്യമൊടങ്ങയെത്താൻ 22

കൈകാൽവയർവായ് തുടകൺകളേറെ
ഭയം തരും ദ്രംഷ്ട്രകളൊട്ടനേകം
ഈ മട്ടു വമ്പിച്ച വപുസ്സുകണ്ടു
പേടിപ്പിതെല്ലാവരുമീശ ഞാനും 23

നാനാനിറം പൂണ്ടു തിളങ്ങി വിൺതൊ-
ട്ടുദ്ദീപ്തമാം വൻനയനങ്ങളാന്നും
വിടർത്തി വായ്, നില്പതുകണ്ടു വിഷ്ണോ
പോയ് ശാന്തിയും ധൈര്യവുമുള്ളുലഞ്ഞു 24

---

21) ചേണുററിനവാഴ്ത്തിനാലെ = ഉചിതങ്ങളായ സ്തുതികൾ കൊണ്ട്.

ഭയം പരം ദംഷ്ട്രകളാൽ വളർത്തി-
ക്കാലാഗ്നി പോലുള്ളൊരു നിന്മുഖങ്ങൾ
കണ്ടിണ്ടലാർന്നേനറിവീല ദിക്കും
പ്രഭോ പ്രസാദിയ്ക്ക ജഗന്നിവാസ 25

ദുര്യോധനൻ തൊട്ടവർ മന്നവന്മാ-
രൊന്നിച്ചുചേർന്നേവരുമപ്രകാരം
ആ ഭീഷ്മരും ദ്രോണരുമൊത്തു കർണ്ണൻ
താനും നമുക്കുള്ള ഭടാഗ്ര്യരോടും 26

പരം ഭയം ദംഷ്ട്രകളാലിയററും
മുഖങ്ങളിൽപ്പാഞ്ഞുകടന്നിടുന്നു
കാണാമിതാ-പല്ലുകളിൽത്തടഞ്ഞു
ചിലർക്കഹോ മണ്ട പൊടിഞ്ഞിടുന്നു 27

ആററിന്നൊഴുക്കുകളാകെയൊന്നി-
ച്ചാഴിയ്ക്കു നേരിട്ടൊഴുകും പ്രകാരം
ജ്വലിച്ചിടും നിൻവദനങ്ങളുൾപ്പു-
ക്കിടുന്നിതീ മാനുഷവീരരെല്ലാം 28

കത്തുന്ന തീയ്യിൽപ്പരമാഞ്ഞു പാററ-
ക്കൂട്ടങ്ങൾ നാശത്തിനു പൂകിടും പോൽ
പരിഭ്രമിച്ചങ്ങനെ നിൻമുഖങ്ങ-
ളുൾപ്പുക്കുലോകങ്ങളടിഞ്ഞിടുന്നു 29

തിളങ്ങിടും വായകളാൽപ്പിടിച്ചു
തിന്നുന്നു ലോകങ്ങളെയാർത്തിയോടെ
തേജസ്സിനാലിബ്ഭുവനം ചുഴന്നു
വാട്ടുന്നു വിഷ്ണോ ഭവദുഗ്രദീപ്തി 30

25) ഇണ്ടൽ = സങ്കടം.

ചൊൽകെന്നോടാരുഗ്രശരീരനങ്ങ
തൊഴാം പ്രസാദിയ്ക്കുക ദേവദേവ
അറിഞ്ഞിടാനാശ ഭവാനെയാദ്യ
കാണ്മീല നിൻ വൃത്തികൾ സൂക്ഷ്മമായി 31

**ശ്രീഭഗവാൻ പറഞ്ഞു:**

ഞാൻ പാരൊടുക്കുന്നതിനായുയൎന്ന
കാലൻ തുടങ്ങുന്നിതൊതുക്കുവാനായ്
നീയില്ലയെന്നാലുമെതൃത്തിടുന്ന
യോദ്ധാക്കൾ ശേഷിക്കുകയില്ലൊരാളും 32

അതാലെഴുന്നേല്ക്കു, യശസ്സുമേല്ക്കു,
മാററാരെ വെന്നാളുക രാജ്യമൃദ്ധം,
എന്നാൽ മരിച്ചോരിവർ മുമ്പുതന്നെ
നിമിത്തമായ് നില്ക്കുക സവ്യസാചിൻ 33

ഗാംഗേയരാധേയജയദ്രഥന്മാ-
രാ ദ്രോണരും പററലർ മററുപേരും
മരിച്ചിതെന്നാ,ലടർ ചെയ്ക മാഴ്കാ-
യ്കേതും ജയിക്കാമെതിരാളിമാരെ 34

---

31) ആദ്യ = ഏതിനും ആദ്യം (കാരണം) ആയിട്ടുള്ള പ്രഭോ.

33) ഋദ്ധം രാജ്യം = സമ്പന്നമായ രാജ്യം. സവ്യസാചിൻ = ഇടത്തുകൈകൊണ്ടുപോലും അമ്പെയ്യുവാൻ സാമത്ഥ്യമുള്ളവനേ. എന്നാൽ മരിച്ചോർ = എന്നാൽ കൊല്ലപ്പെട്ടവർ.

34) ഗാംഗേയനും (ഭീഷ്മരും) രാധേയനും (കർണ്ണനും) ജയദ്രഥനും, പററലർ = ശത്രുക്കൾ

**സഞ്ജയൻ പറഞ്ഞു:**

കണ്ണന്റെ വാക്കിങ്ങനെ കേട്ടു പാർത്ഥൻ
കൈകൂപ്പിനാൻ പേടി പിടിച്ചു പാരം
വിറച്ചു കുമ്പിട്ടു നമസ്കരിച്ചു
ഗോവിന്ദനോടോതിയിടർച്ചയോടെ 35

**അർജ്ജുനൻ പറഞ്ഞു:**

യുക്തം ഹൃഷീകേശ, ഭവാനെ വാഴ്ത്തി
സ്സുഖിച്ചു പാരൊക്കെയിണങ്ങിടുന്നു.
ഭയന്നു രക്ഷസ്സുകൾ മണ്ടിടുന്നു.
വാഴ്ത്തുന്നു കുമ്പിട്ടിത സിദ്ധരെല്ലാം 36

ബ്രഹ്മാവിനീശൻ ഗുരു നീ ഗുരുക്കൾ-
ക്കെമ്മട്ടു കുമ്പിട്ടിടുകില്ല നിന്നെ
അനന്ത ദേവേശ ജഗന്നിവാസ
നീ സത്തസത്തക്ഷരമപ്പുറം നീ 37

നീയാദിദേവൻ പുരുഷൻ പുരാണൻ
നീയിപ്രപഞ്ചത്തിനൊരുററതാങ്ങും
നീ ലക്ഷ്യ,മോരേണ്ടതറിഞ്ഞിടുന്നോൻ,
വ്യാപിപ്പു നീ വിശ്വമനന്തരൂപ 38

നീയഗ്നി ചന്ദ്രൻ വരുണൻ മരുത്തു
യമൻ വിധാതാവവനും പിതാവും
തൊഴുന്നു വീണ്ടും തൊഴുതേനിതാ ഞാ-
നോരായിരം വട്ടമിതാ തൊഴുന്നോൻ 39

---

37) സത്തു്=ഉണ്ടെന്നു തോന്നുന്നതു് (കാര്യം) അസത്തു് ഇല്ലെന്നു തോന്നുന്നതു് (കാരണം) അക്ഷരം = നാശമില്ലാത്തതു്. അപ്പുറം = എല്ലാത്തിനുമപ്പുറത്തു് (ഉപരിയായി) യാതൊന്നുണ്ടോ അതു്.

മുമ്പും തൊഴുന്നേനിതാ പിമ്പുമെങ്ങു-
മങ്ങേയ്ക്കു സർവ്വാത്മക കുമ്പിടുന്നേൻ
നിൻ വിക്രമം വീര്യവുമന്തമററ-
തെങ്ങും നിറഞ്ഞുള്ളതുമൊക്കെയും നീ 40

ശരിക്കു നിൻ വമ്പുകളേതുമോരാ-
തയ്യോ പിഴച്ചോ പ്രണയത്തിനാലോ
ഹേ കൃഷ്ണ ഹേ യാദവ ഹേ സഖേയെ
ന്നെൻതോഴനെന്നോർത്തറിയാതെചൊന്നേൻ 41

നടപ്പിരിപ്പൂണുകിടപ്പിതിങ്കൽ
മററുള്ള.പേർ കാൺകയുമൊററയായും
കളിയ്ക്കു ഞാനച്യുത നിന്നെമാനി-
ച്ചിടാഞ്ഞതമ്പാൻ പൊറുത്തിടേണേ 42

ചരാചരപ്പാരിനു നീ പിതാവാ-
ണുല്ക്കർഷമേറും ഗുരു പൂജനീയൻ
മുപ്പാരിൽ നേരററ മഹത്വമാന്ന
നിന്നൊപ്പമില്ലേവനുമാരുമീതെ 43

കുമ്പിട്ടു വന്ദിച്ചിഹ വാഴ്ത്തിടേണ്ടും
സർവ്വേശനാമങ്ങു കനിഞ്ഞിടേണേ
തോഴന്നു തോഴൻ, തനയന്നു താതൻ,
പ്രേയാൻ പ്രിയയ്ക്കെന്നതുപോൽ ക്ഷമിയ്ക്കൂ 44

രോമാഞ്ചമാകുന്നിത കണ്ടു കാണാ-
തുള്ളൊന്നിതുള്ളാകുലമായ് ഭയത്താൽ
ആ രൂപമേ കേശവ കാട്ടിയാലും
പ്രഭോ പ്രസാദിക്ക ജഗന്നിവാസ 45

---

44) പ്രേയാൻ = ഭർത്താവ്.

ചക്രം കിരീടം ഗദയും ധരിയ്ക്കു-
മാ രൂപമേ കാണ്മതിനാഗ്രഹം മേ
ഓരായിരം കൈകളിയന്ന നീയാ-
ക്കൈനാലിയന്നാവുക വിശ്വമൂർത്തേ 46

**ശ്രീ ഭഗവാൻ പറഞ്ഞു:**

പ്രസന്നനായർജ്ജുന കാട്ടിനേനീ-
ന്രൂപം നിനക്കെന്നുടെ യോഗവായ്പാൽ
നീയെന്നിയേ കണ്ടവരില്ലതെങ്ങും
നിറഞ്ഞു മിന്നുന്നതനന്തമാദ്യം 47

നീയെന്നിയേ കാൺകയുമില്ലൊരാളു-
മീമട്ടിലെന്നെക്കുരുവീര പാരിൽ
വേദങ്ങൾ യജ്ഞങ്ങൾ കൊടുംതപങ്ങൾ
ദാനങ്ങൾ കർമ്മങ്ങളിതൊക്കെയാലും 48

ഈ ഘോരമാമെന്നുടൽ കണ്ടു വേണ്ട
തെല്ലോടലുള്ളിലുമലഞ്ഞിടേണ്ട
ഭയം വെടിഞ്ഞുള്ളു തെളിഞ്ഞുവീണ്ടും
കൌന്തേയ കണ്ടാലുമിതെന്റെ രൂപം 49

**സഞ്ജയൻ പറഞ്ഞു:**

ഈ മട്ടു കൌന്തേയനൊടോതി വീണ്ടും
കാണിച്ചു കണ്ണൻ പ്രഭു തന്റെ രൂപം
ആശ്വാസവും നൽകി ഭയന്നൊരായാൾ-
ക്കമ്പോടു സൗമ്യാകൃതി പൂണ്ടു ദേവൻ 50

**അജ്ജ്ജുനൻ പറഞ്ഞു:**

സൌമ്യമാമീമനുഷ്യൻെറ
രൂപം കണ്ടു ജനാർദ്ദന
പ്രസന്നമായിതാ ചിത്തം
മുൻപോലായ്ത്തീൻ ഞാൻ പ്രഭോ 51

**ശ്രീഭഗവാൻ പറഞ്ഞു:**

കാണാൻ പ്രയാസമാം നീയ്യി
കണ്ടോരെൻ രൂപമജ്ജ്ജുന
എന്നുമമ്പരുമീ രൂപം
കാണുവാനാഗ്രഹിക്കുവോർ 52

വേദത്താലോ തപസ്സാലോ
ദാനയജ്ഞങ്ങളാലുമോ
നീ കണ്ട പോലെ കണ്ടീടാ-
നെളുതല്ലെന്നെയജ്ജ്ജുന 53

മററൊക്കെവിട്ടൊരേഭക്തി
കൊണ്ടുതാനെന്നെയജ്ജ്ജുന
സാദ്ധ്യം ശരിയ്ക്കറിയുവാൻ,
കാണുവാനെന്നിലെത്തുവാൻ. 54

സംഗമററന്നെയേ ചിന്തി-
ച്ചെനിയ്ക്കായ് ച്ചെയ്യു കർമ്മവും
ഒന്നിലും വൈരമില്ലാത്തോ-
നെന്നിലെൻ ഭക്തനെത്തിടും 55

12

# ഭക്തിയോഗം

**അർജ്ജുനൻ പറഞ്ഞു:**

ഉള്ളൂന്നി നിന്നെയും നിത്യം,
ബ്രഹ്മമവ്യക്തമെന്നതും
സേവിയ്ക്കും ഭക്തരവരിൽ
ച്ചൊൽകാരുൽക്കൃഷ്ടയോഗികൾ 1

**ശ്രീ ഭഗവാൻ പറഞ്ഞു:**

എന്നിലുള്ളൂന്നിയഭ്യാസ-
ത്തികവോടെന്നെയെപ്പൊഴും
ശ്രദ്ധ കൈക്കൊണ്ടുപാസിപ്പോർ
മേന്മയോലുന്ന യോഗികൾ 2

ഓതവയ്യോക്കവയ്യെങ്ങും
വ്യാപ്തമവ്യക്തമവ്യയം
നിത്യം മായയ്ക്കൊരാധാര-
മീ ബ്രഹ്മത്തെബ് ഭജിയ്ക്കുവോർ 3

---

1) ഉൽക്കൃഷ്ടയോഗികൾ = ഉൽക്കൃഷ്ടമായ യോഗം (അഭ്യാസക്രമം) ഉള്ളവർ എന്നു താൽപര്യം,

3) വർണ്ണിക്കുവാനോ ചിന്തിക്കുവാനോ വിഷയമല്ലാതെ, എങ്ങും വ്യാപിച്ച്, യഥാർത്ഥസ്വഭാവത്തെക്കുറിച്ച് വ്യക്തമായ അറിവില്ലാതെ, മായയ്ക്ക് (പ്രപഞ്ചത്തെ നയി

ഇന്ദ്രിയങ്ങളെയെല്ലാം വെ-
ന്നൊന്നിലും ഭേദമെന്നിയേ
ഏതിനും നന്മതാൻ ചെയ്യോ-
രവരെത്തുവതെന്നിലേ 4

വ്യക്തമല്ലാത്തതിൽച്ചിത്തം
വെയ്യോക്കേറെ വലച്ചിലാം
മെയ്യുള്ളവക്ക് പണിയാ-
ണവ്യക്തത്തിൽച്ചരിയ്ക്കുവാൻ 5

കർമ്മങ്ങളെല്ലാമാരെന്നിൽ
ത്തന്നെ വിട്ടെന്നെയോക്കമോ
ഏകാഗ്രമായ യോഗത്താ-
ലെന്നെദ്ധ്യാനിച്ചു കൂപ്പുമോ 6

ഉള്ളെന്നിലുള്ളോരവരെ
പ്പാൎത്ഥ വേഗം കരേററുവൻ
മൃത്യുവുള്ളോരു സംസാര-
സമുദ്രത്തിങ്കൽ നിന്നു ഞാൻ 7

മനസ്സെന്നിലുറപ്പിയ്ക്കു
ബുദ്ധിയും വെയ്ക്കുകെന്നിലേ
വാഴാമെന്നാകിലെന്നിൽത്താൻ
പിന്നെ വേണ്ടൊരു സംശയം 8

---

ന്ദ്രിക്കുന്ന പ്രകൃതിക്ക്) ആധാരമായി എന്നും ഒരു പോലെയു ള്ള ബ്രഹ്മത്തെ ഭജിക്കുന്നവർ.

5) ചരിയ്ക്കുക = സഞ്ചരിക്കുക.

സ്ഥിരമായി മനസ്സെന്നി-
ലുറയ്ക്കുന്നില്ലയെങ്കിലോ
അഭ്യാസം കൊണ്ടു പിന്നെന്നെ
പ്രാപിയ്ക്കാൻ പാർത്ഥ നോക്കുക 9

എനിയ്ക്കായ് ചെയ്ക കർമ്മങ്ങ-
ളഭ്യാസം വയ്യ എങ്കിലോ
എനിയ്ക്കുവേണ്ടിക്കർമ്മങ്ങൾ
ചെയ്താലും മുക്തി നേടിടാം 10

ഇതിനും കഴിവില്ലെങ്കി-
ലിന്ദ്രിയങ്ങളൊതുക്കി നീ
എന്നിലർപ്പിച്ചു കർമ്മം ചെ-
യ്തുപേക്ഷിയ്ക്ക ഫലങ്ങളെ 11

ജ്ഞാനമഭ്യസനത്തേക്കാൾ
ധ്യാനം ജ്ഞാനത്തിലും വരം
ധ്യാനത്തിലും ഫലത്യാഗം
ത്യാഗത്താൽ ശാന്തി കൈവരും 12

---

9) അഭ്യാസം = പ്രതിമാദികളിലോ മററൊ ഉറപ്പിച്ച് മനസ്സിനെ ഏകാഗ്രമാക്കാൻ അഭ്യസിക്കൽ.

12) ആന്തരങ്ങളായ സാധനകളേക്കാൾ ബാഹ്യങ്ങളായ സാധനകൾ അധികം അധികം സുകരങ്ങളാകയാൽ അവയിലേതിലെങ്കിലും, പാകം പോലെ, പ്രവൃത്തിയുണ്ടാകുവാൻവേണ്ടി അവയേയും പ്രശംസിച്ചിരിക്കുന്നു. ആദ്യത്തെ പടി കയറിയാൽ അടുത്തതു സ്വാഭാവികമായി എളുപ്പമാകുമല്ലോ.

സ്നേഹവും ദയയും പൂണ്ടി-
ട്ടൊന്നിലും ദ്വേഷമെന്നിയേ
തൻെറ,താനെ,ന്നമററാ,പ്പം
സുഖദുഃഖങ്ങളേല്ക്കുവോൻ 13

നിത്യതൃപ്തൻ ജിതാത്മാവു-
ള്ളുറച്ചോൻ ക്ഷമി യോഗവാൻ
ചിത്തവും ബുദ്ധിയും വെച്ചോ-
നെന്നിലെൻഭക്തനെൻപ്രിയൻ 14

വെറുപ്പീലാരു ലോകത്തെ
ലോകമാരെ വെറുത്തിടാ
പ്രീതി കോപം പേടി വെറു-
പ്പിവ വിട്ടവനെൻപ്രിയൻ 15

അനപേക്ഷനുദാസീനൻ
സമർത്ഥൻ ശുചി നിർഭയൻ
കർമ്മമെല്ലാമുപേക്ഷിച്ചോ-
നാകുമെൻഭക്തനെൻപ്രിയൻ 16

---

14) ജിതാത്മാവ് = സ്വഭാവത്തെ നിയന്ത്രിച്ചവൻ. യോഗവാൻ = യോഗം (ചിത്തസമാധാനം) ഉള്ളവൻ. ക്ഷമി = ക്ഷമയുള്ളവൻ.

16) അനപേക്ഷൻ = പുറമെ നിന്ന് യാതൊരു കാര്യത്തിനും യാതൊന്നിലും അപേക്ഷയില്ലാത്തവൻ. ഉദാസീനൻ = സമചിത്തൻ. ശുചി = ഉള്ളും പുറവും മനസ്സും ശരീരവും നിർമ്മലമാക്കി വെച്ചിരിക്കുന്നവൻ.

സന്തോഷിയ്ക്കാ വെറുത്തീടാ
കാംക്ഷിയ്ക്കാ സങ്കടപ്പെടാ
നന്മതിന്മകൾ കൈക്കൊള്ളാ
ഭക്തനാമവനെൻപ്രിയൻ 17

മാനത്തെയവമാനത്തെ
മിത്രത്തെശ്ശത്രുവെസ്സമം
സംഗമറ്റേററു, ശീതോഷ്ണ-
സുഖദുഃഖങ്ങളേയുമേ 18

നിന്ദയും സ്തുതിയും തുല്യം
കൊണ്ടെന്താലും സുതൃപ്തനായ്
വീടുവിട്ടുള്ളുറപ്പിച്ച
മൗനിയാം ഭക്തനെൻ പ്രിയൻ 19

ശ്രദ്ധയോടെന്നിലുള്ളൊന്നി
ധർമ്മമാമമൃതത്തിനെ
ചൊന്നപോലാചരിയ്ക്കുന്ന
ഭക്തരേററവുമെൻപ്രിയർ 20

---

17) കാംക്ഷിക്കാ = ആഗ്രഹിക്കുകയില്ല.

18) സമംഏറ്റു് = ഒരുപോലെ കരുതി കൈക്കൊണ്ടു്.

19) കൊണ്ടു് = സ്വീകരിച്ചു്.

20) ധർമ്മമാം അമൃതം = സുഖ (മോക്ഷം) ത്തെത്തരുന്ന ധർമ്മത്തെ, പ്രാധാന്യം കൊണ്ടു് അമൃതശബ്ദത്തെ വിശേഷ്യമാക്കി പ്രയോഗിച്ചിരിക്കുന്നു.

13

# പ്രകൃതിപുരുഷവിവേകയോഗം

**ശ്രീഭഗവാൻ പറഞ്ഞു:**

ഈ ശരീരത്തിനെ ക്ഷേത്ര-
മെന്നു ചൊല്ലുന്നു ഭാരത
ക്ഷേത്രജ്ഞനെന്നു ചൊല്ലുന്നി-
തറിഞ്ഞോനെയറിഞ്ഞവർ 1

ക്ഷേത്രങ്ങളെല്ലാത്തിലുമേ
ക്ഷേത്രജ്ഞൻ ഞാൻ ധനഞ്ജയ
ക്ഷേത്രക്ഷേത്രജ്ഞസംബന്ധ-
ജ്ഞാനം താൻ ജ്ഞാനമുത്തമം 2

ക്ഷേത്രമെന്തെന്തതിൻ ധർമ്മം
മൂലമെന്തു വികാരവും
ക്ഷേത്രജ്ഞനാരു മാഹാത്മ്യ-
മെന്തെന്നും കേൾ ചുരുക്കമായ് 3

---

1) ക്ഷേത്രം = ശരീരം (കർമ്മഫലങ്ങൾ ശരീരത്തിൽ അനുഭാവ്യങ്ങളാകയാൽ) ക്ഷേത്രത്തെ തൻെറ എന്നറിയുന്ന ജീവൻ ക്ഷേത്രജ്ഞൻ.

2) സർവക്ഷേത്രങ്ങളിലും ഭിന്നഭിന്നന്മാരെന്നവണ്ണം തോന്നുന്ന ജീവാത്മാക്കൾ എല്ലാം ഏകനും ഈശ്വരാഭിന്നനുമായ "ഞാൻ" തന്നെയാണെന്നും ഈ തത്വത്തിൻെറ സാക്ഷാൽക്കാരരൂപമായ ജ്ഞാനമാണ് സർവോൽകൃഷ്ടമായ ജ്ഞാനമെന്നും താൽപര്യം.

പലതായ്പ്പാടി വെവ്വേറെ
വേദം കൊണ്ടൃഷീശ്വരർ
കാരണംചൊന്നുറപ്പിച്ചാ
ബ്രഹ്മസൂത്രപദങ്ങളാൽ 4

തന്മാത്രങ്ങളഹങ്കാരം
ബുദ്ധിയവ്യക്തമെന്നതും
പത്തിന്ദ്രിയങ്ങൾ പിന്നൊന്നു-
മിന്ദ്രിയാൎത്ഥങ്ങളഞ്ചുമേ 5

ഇച്ഛാ ദ്വേഷം സുഖം ദുഃഖം
ചൈതന്യം ധൃതി ദേഹവും
ഇവയ്ക്കുള്ള വികാരങ്ങ-
ളിതേ ക്ഷേത്രം ചുരുക്കമായ് 6

---

4) യോഗശാസ്ത്രാദികളിലും വേദഭാഗങ്ങളിലും അധികാരിഭേദമനുസരിച്ച് പ്രതിപാദിക്കപ്പെട്ടിരിക്കുന്നതെല്ലാം ഒരേ ജ്ഞാനമാകുന്നു.

5) പഞ്ചഭൂതങ്ങളുടെ സൂക്ഷ്മരൂപങ്ങളാണ് തന്മാത്രങ്ങൾ. അവ്യക്തം = മൂലപ്രകൃതി. പിന്നൊന്നു = മനസ്സാകുന്ന പതിനൊന്നാമത്തെ ഇന്ദ്രിയവും. ഇന്ദ്രിയാർത്ഥങ്ങൾ അഞ്ച് = ആകാശം തുടങ്ങി ശബ്ദാദികൾക്ക് ആശ്രയങ്ങളായ പഞ്ചഭൂതങ്ങൾ.

6) സുഖഹേതുവായിട്ട് മുമ്പു അനുഭവമുള്ളതിനെ വീണ്ടും സമ്പാദിക്കുവാനുള്ള മനോവ്യാപാരമാണ് ഇച്ഛ. ദുഃഖഹേതുവായിത്തോന്നിയിട്ടുള്ളതിനെ ത്യജിക്കുവാനുള്ള മനോവ്യാപാരമാണ് ദ്വേഷം. ചൈതന്യം = ആത്മയോഗത്തിൽ അന്തഃകരണത്തിനുണ്ടാവുന്ന അവബോധശക്തി ക്ഷീണിച്ചിരിക്കുന്ന ഇന്ദ്രിയാദികൾക്കു വീണ്ടും കർമ്മസാമ

വിനയം ഡംഭമില്ലായ്ക
ഹിംസിയ്ക്കായ്കാർജ്ജവം ക്ഷമ
ഗുരുശുശ്രൂഷ നൈർമ്മല്യ
മുറപ്പും തന്നൊതുക്കവും 7

വിഷയങ്ങളിലാശിയ്ക്കാ-
യ്കഹങ്കാരമെഴായ്കയും
ജനനം മൃതി വാർദ്ധക്യം
രോഗം മാലെന്നു കാൺകയും 8

കെട്ടുപ്പെടായ്ക, ചേരായ്ക
മകൻപെൺവീടുതൊട്ടതിൽ,
ഇഷ്ടാനിഷ്ടങ്ങളിൽച്ചിത്ത-
മൊരുപോലെന്നുമാകയും 9

---

ർത്ഥ്യം നൽകുന്ന ശക്തി ധൃതി, ഇവയെല്ലാം സാക്ഷിരൂപനായ ക്ഷേത്രജ്ഞന് ജ്ഞേയമായിരിക്കുന്നതുകൊണ്ടു ക്ഷേത്രപദാർത്ഥത്തിലുംപ്പെടുന്നു.

7) വിനയം = "മേനി" ഇല്ലായ്ക. ഡംഭം = തന്റെ കേമത്തം മററുള്ളവരെ അറിയിക്കാനുള്ള വാസന. അഹിംസ = മനോവാക്കായങ്ങളെക്കൊണ്ടു പരോപദ്രവം ചെയ്യാതിരിക്കൽ, അന്യന്മാർ ഉപദ്രവിച്ചാലും മനോവികാരം കൂടാതിരിക്കൽ ക്ഷമ. ആർജ്ജവം = കപടമില്ലായ്ക തന്നൊതുക്കം = ബാഹ്യകരണങ്ങളേയും അന്തഃകരണത്തേയും ദുർമ്മാർഗ്ഗത്തിൽനിന്നു നിയന്ത്രിക്കൽ.

8) ജനനം, മരണം, വാർദ്ധക്യം, രോഗം ഇവയിലെ മാൽ (ഉപദ്രവം) മനസ്സിലാക്കിയാൽ അവയിൽനിന്നു രക്ഷപ്പെടുവാൻ മാർഗ്ഗമാരായുമല്ലൊ.

9) കെട്ടുപ്പെടായ്ക = അസക്തനാവുക.

ഏകാഗ്രമായിടറിടാ-
തെന്നൊത്തന്നെ ഭജിയ്ക്കയും
കൂട്ടുകെട്ടു പിടിയ്ക്കായ്ക
കേടറേറടത്തിരിയ്ക്കയും 10

എന്നുമാത്മാവെയറിക
തത്വം ചിന്തിച്ചുറയ്ക്കയും
ഇതുതാൻ ജ്ഞാനമിതുവി-
ട്ടജ്ഞാനം വിപരീതമാം 11

അറിഞ്ഞാൽ മോക്ഷമേകുന്നൊ-
ന്നറിഞ്ഞീടേണ്ടതോതിടാം
ഉണ്ടി,ല്ല,യെന്നുചൊല്ലില്ലാ-
തുള്ളാബ്രഹ്മമനാദിയാം 12

എങ്ങും കൈകാലെഴുന്നെങ്ങും
കൺമുഖം തലയുള്ളതും
എങ്ങും ചെവിയുമാണ്ടെല്ലാം
മൂടിനിന്നിടുമൊന്നതു് 13

---

11) ഇവയെല്ലാം ജ്ഞാനസഹചാരികളാകയാൽ ഇവയെ ശീലിച്ചു വിപരീതധർമ്മങ്ങളെ ത്യജിച്ചു പരിചയിക്കുന്നതു് ജ്ഞാനഹേതുവാകുന്നു.

12) ബ്രഹ്മം ശബ്ദംകൊണ്ടു് ഉണ്ടു് അല്ലെങ്കിൽ ഇല്ല എന്നു ബോധിപ്പിക്കപ്പെടാവുന്നതല്ല. ബ്രഹ്മത്തിന്റെ അറിവു സാക്ഷാൽക്കാരരൂപമാകുന്നു.

13) സർവപ്രാണികളുടെയും ഇന്ദ്രിയങ്ങളെ വ്യാപരിപ്പിക്കുന്നതിനു് ആശ്രയമായ വസ്തു ബ്രഹ്മം

ഇല്ലേതുമിന്ദ്രിയം, തോന്നു
മായതിൻ കഴിവുള്ളതായ്
ചേരാതൊക്കെ ബ്ഭരിയ്ക്കുന്നു
ഗ്ഗുണമേൽക്കുന്നു നിർഗ്ഗുണൻ 14

കാൺകകം പുറമേതിന്നു-
മതുതാനചരം ചരം
ദ്ദൂരെയാണരികേതാന്നു
മറിയാ സൂക്ഷ്മമാകയാൽ 15

ഒന്നായുമിക്കാണ്മവയിൽ
വേറേപോലെയിരിപ്പതാം
കാത്തഴിച്ചുത്ഭവിപ്പിപ്പ-
തിതുതാനറികേതുമേ 16

തേജസ്സുകൾക്കും തേജസ്സാ-
ണിരുട്ടിന്നപ്പുറത്തതാം
അറിവാലറിയേണ്ടുന്നൊ-
രറിവാകും ഹൃദിസ്ഥിതം 17

ചൊന്നേൻ ചുരുക്കമായ് ക്ഷേത്രം
ജ്ഞാനം ജ്ഞേയവുമർജ്ജുന
എൻഭക്തനിതറിഞ്ഞെൻെറ
ഭാവത്തിന്നർഹനായിടും 18

---

14) ഇന്ദ്രിയകമ്മങ്ങൾ (കേൾക്കൽ മുതലായവ) വാസ്തവത്തിൽ ആത്മധമ്മങ്ങളല്ലെങ്കിലും ആത്മാവിൽ ആരോപിക്കപ്പെടുന്നു. സത്തായ ബ്രഹ്മത്തിലുള്ള സത്തയാണ് അസത്തായ പ്രപഞ്ചത്തിന് അടിസ്ഥാനം. ഇങ്ങനെ സകല പ്രവൃത്തികൾക്കും സകല പ്രതീതികൾക്കും അടിസ്ഥാനവും അധിഷ്ഠാനവുമായ സത്തായ ചൈതന്യം തന്നെയാണ് ബ്രഹ്മം.

ആദിയററവ താൻ രണ്ടും
പുമാൻ പ്രകൃതിയെന്നതും
ഉണ്ടാം പ്രകൃതിയാലല്ലോ
വികാരങ്ങൾ ഗുണങ്ങളും 19

മൂലം പ്രകൃതിതാൻ കാര്യ-
കരണങ്ങളുദിയ്ക്കുവാൻ
സുഖദുഃഖങ്ങൾ കൈക്കൊള്ളാൻ
മൂലം പുരുഷനോതിടാം 20

പുമാൻ പ്രകൃതിയിൽപ്പുക്ക
കൊൾവൂ പ്രകൃതിതൻഗുണം
നല്ലതാം ചീത്തയാം ജന്മം
ഗുണസംഗം നിമിത്തമായ് 21

സാക്ഷിയായനുമോദിച്ചു
കാത്തുണ്ണും പുരുഷൻ പരൻ
മെയ്യിതിൽ പരമാത്മാവും
മഹേശ്വരനുമെൻപു തേ 22

---

20) കാര്യം = ശരീരാദി. കരണം = ഉപകരണമായ ഇന്ദ്രിയാദിയും തജ്ജന്യമായ സുഖ ദുഃഖാദിയും, ഇവയെല്ലാം പ്രകൃതിപരിണാമമാണ്. സുഖദുഃഖങ്ങളുടെ ബോധംമാത്രം ചേതനനായ ക്ഷേത്രജ്ഞരൂപനായ പുരുഷനിലുണ്ടാവുന്നു ഇങ്ങനെ പ്രകൃതിപരിണാമങ്ങളുടെ സാക്ഷാൽക്കാരവും അനുഭവവും പുരുഷനുണ്ടാവുന്നതുതന്നെ സംസാരം.

21) പ്രകൃതിയിൽപുക്ക് = പ്രകൃതിധർമ്മങ്ങളെത്തന്നിൽ ആരോപിച്ച്. ഗുണസംഗം = സത്വാദിഗുണങ്ങളിലേതിനോടെങ്കിലുമുള്ള ചേർച്ച. ഗുണസംഗം നിമിത്തം പുണ്യപാപങ്ങളും അവയ്ക്കനുസരിച്ച വാസനകളും തൻമൂലം നല്ലതോ ചീത്തയോ മിശ്രമോ ആയ ജന്മവും ഉണ്ടാവുന്നു,

പുമാനെയിങ്ങനെ ഗുണം
ചേരും പ്രകൃതിയേയും
അറിവോനില്ല പിന്നേതും
ജന്മമെന്തവനാകിലും 23

തന്നിൽത്തന്നാലെതന്നെത്താൻ
കാണ്മൂ ധ്യാനത്തിനാൽച്ചിലർ
സാംഖ്യയോഗത്തിനാലന്യർ
കമ്മയോഗത്തിനാൽച്ചിലർ 24

ഇതൊന്നും ചിലരോരാതെ
ചൊല്ലിക്കേട്ടു ഭജിപ്പൂതേ
ഉപദേശമനുഷ്ഠിപ്പോ
രവരും മോക്ഷമാർന്നിടും 25

---

22) മഹേശ്വരൻ = സോപാധികനായ ഈശ്വരൻ. പുരുഷൻ = ജീവൻ.

23) എന്തവനാകിലും = അതുവരെയുള്ള നടപടി എന്തുതരത്തിൽപ്പെട്ടതാണെങ്കിലും. ജ്ഞാനംകൊണ്ടു അഹങ്കാരവും ഫലേച്ഛയും നശിച്ചുപോയാൽ കമ്മങ്ങൾ, വറുത്ത വിത്തെന്നപോലെ, ഫലജനകങ്ങളാകുകയില്ല.

24) അന്തഃകരണത്തെ ബാഹ്യപ്രപഞ്ചത്തിൽ നിന്നു പിൻവലിച്ചു ഇടവിടാതെ അന്തർമ്മുഖമാക്കി നിത്തലാണ് ധ്യാനം. സാംഖ്യയോഗം = പുരുഷനേയും പ്രകൃതിയേയും വേർതിരിച്ചു ഗ്രഹിച്ചുകൊണ്ടുള്ള വിചാരരൂപമായ യോഗം. കമ്മയോഗം = ഈശ്വരാർപ്പണമായി ഫലേച്ഛ കൂടാതെ കമ്മം ചെയ്യൽ. ഇവയെല്ലാം ആത്മദർശനപരമായ സാക്ഷാൽക്കാരരൂപമായ ജ്ഞാനത്തിന്നു സാധനകളാകുന്നു.

ചരാചരപ്രപഞ്ചത്തി-
ലെന്തെന്നാലും പിറക്കുകിൽ
ക്ഷേത്രക്ഷേത്രജ്ഞയോഗം കൊ-
ണ്ടാണെന്നതറികർജ്ജുന 26

എല്ലാത്തിലുമൊരേമട്ടാ-
യിരുന്നവ നശിയ്ക്കിലും
നാശമില്ലാത്ത സവേ്ശൻ
തന്നെക്കാണുന്നു കാണ്മവൻ 27

ഒരുപോലെങ്ങുമേ മേവു
മീശനെക്കണ്ടിടുന്നവൻ
തന്നെത്തന്നാൽ നശിപ്പിയ്ക്കാ
നേടുമവ്യയമാം പദം 28

ചെയ്വതെല്ലാം പ്രകൃതിതാൻ
താൻകർത്താവല്ലതൊന്നിനും
എന്നു കാണുന്നവൻ താനേ
കണ്ടിടുന്നുള്ളു വാസ്തവം 29

---

26) ക്ഷേത്രക്ഷേത്രജ്ഞയോഗം = അവിദ്യ നിമിത്തം രണ്ടുമൊന്നായിത്തോന്നുന്നതുകൊണ്ടുണ്ടാവുന്ന അധിഷ്ഠാനാധിഷ്ഠേയഭാവമായ സംബന്ധം.

27) ആത്മാവു സർവ്വഭൂതങ്ങളിലുമിരിക്കുന്നവനും, ഏകരൂപനും, അവിനാശിയും ആണെന്നുള്ള ജ്ഞാനമാകുന്നു സമൃദർശനം.

28) അജ്ഞന്മാരിൽ സ്ഥിതിചെയ്യുന്ന ആത്മാവു് അവിദ്യയാകുന്ന ആവരണത്താൽ നിഷ്പ്രഭനായി ഹതപ്രായനാകുന്നു.

വെവ്വേറായ്ക്കാണുമീഭാവ-
മറിഞ്ഞൊന്നിലിരിപ്പതായ്
അതിൻവിസ്താരമെന്നോരു-
ന്നവൻ ബ്രഹ്മതചമാന്നിടും 30

ആദിയററു ഗുണം വിട്ടു
ഭേദമില്ലാതെയജ്ഞന
ആത്മാവു മെയ്യു പുക്കാലും
ചെയ്യാ ലേപവുമാന്നിടാ 31

എങ്ങും വ്യാപിപ്പൊരാകാശം
സൂക്ഷ്മമാണില്ല ലേപവും
മെയ്യെല്ലാം പുക്കൊരാത്മാവി-
ന്നില്ല ലേപമതേവിധം 32

ലോകമാകെയൊരേസൂര്യൻ
പ്രകാശിപ്പിച്ചിടുംപടി
ക്ഷേത്രത്തെയെല്ലാം ക്ഷേത്രജ്ഞൻ
പ്രകാശിപ്പിപ്പു ഭാരത 33

---

30) പൃഥക്കായി തോന്നുന്ന സകല വസ്തുക്കളുടെയും അധിഷ്ഠാനം ഒന്നുതന്നെയെന്നും അതിൽനിന്നാണ് സകല വസ്തുക്കളും ഉണ്ടായും വികസിച്ചും വരുന്നതെന്നും ഉള്ള ബോധം സമ്യദർശനം കൊണ്ടുണ്ടാവുന്നു.

31) മായയുടെ സ്വഭാവമാണ്, ചെയ്യുന്നു ഫലമനുഭവിക്കുന്നു എന്ന പ്രതീതിയുളവാക്കൽ. അനാദിയും നിർഗ്ഗുണനുമായ ആത്മാവിനു് ഒന്നും തന്നെ ബാധകമല്ല. ലേപം=കർമ്മങ്ങൾ കൊണ്ടുണ്ടാവുന്ന കറ (വാസന)

32) മെയ്യെല്ലാം = എല്ലാ മെയ്യുകളിലും, ശരീരമുള്ള എല്ലാത്തിലും.

ക്ഷേത്രക്ഷേത്രജ്ഞഭിന്നത്വം
ഭൂതപ്രകൃതിമോക്ഷവും
അറിവാം കണ്ണിനാൽക്കാണ്മോൻ
മോക്ഷം പ്രാപിച്ചിടുന്നതേ 34

---

33) ക്ഷേത്രങ്ങൾ = ചരാചരങ്ങളായ ശരീരങ്ങൾ. ക്ഷേത്രജ്ഞൻ – പരമാത്മാവ്. പരമാത്മാവും ജീവനും സൂക്ഷ്മത്തിൽ ഒന്നുതന്നെയാണല്ലോ, സൂര്യദൃഷ്ടാന്തം ആത്മാവിന്റെ–സർവ്വക്ഷേത്രങ്ങളിലും പ്രകാശിക്കുന്ന ചൈതന്യത്തിന്റെ–ഐക്യത്തേയും സമർത്ഥിക്കുന്നു.

34) ക്ഷേത്രവും ക്ഷേത്രജ്ഞനും തമ്മിലുള്ള ഭിന്നത്വം(ഭേദം) ആത്മാവു ദേഹമല്ലെന്നുള്ളതു്. തൻമൂലമുണ്ടാകുന്ന ഭൂതങ്ങളുടെ പ്രകൃതിയായ മായയിൽ നിന്നുള്ള മോക്ഷം – അതുതന്നെയാണു് യഥാർത്ഥമായ മോക്ഷം.

# 14

# ഗുണത്രയവിഭാഗയോഗം

ഓതുവൻ വീണ്ടുമാജ്ഞാനം
ജ്ഞാനങ്ങൾക്കൊക്കെയുത്തമം
മുക്തരായിങ്ങു നിന്നേതും
മുനിമാരിതറിഞ്ഞവർ 1

ഈ ജ്ഞാനമാശ്രയിച്ചെന്നെ
പ്പോലെയായ്ത്തീർന്നിടുന്നവർ
ജനിയ്ക്കാ സൃഷ്ടികാലത്തും
നശിയ്ക്കാ പ്രളയത്തിലും 2

ആധാരമാം പ്രകൃതിയിൽ
ചൈതന്യം ചേർത്തിടുന്ന ഞാൻ
അതിൽനിന്നാണു ഭൂതങ്ങ-
ളേതുമുണ്ടാവതജ്ജുന 3

---

1) എല്ലാ ജ്ഞാനങ്ങൾക്കും ഉപേയം(ലക്ഷ്യം)ആകയാൽ ഉത്തമവും, മനനം കൊണ്ടു സിദ്ധിക്കുന്നതും ബന്ധനിവൃത്തിക്കു കാരണവുമായ ആത്മജ്ഞാനം.

2) എന്നെപ്പോലെയായ് തീർന്നിടുന്നവർ – എന്റെ സാധർമ്മ്യം നേടിയവർ. അദ്വൈതസാക്ഷാൽക്കാരം കൊണ്ടു ജനനമരണരൂപമായ സംസാരത്തിൽ നിന്നു മോചനംനേടി.

3) പ്രകൃതി = ക്ഷേത്രം, "ഞാൻ" = ക്ഷേത്രജ്ഞൻ

പലവർഗ്ഗങ്ങളായ് പ്പാർത്ഥ
ശരീരങ്ങൾ ജനിപ്പതിൽ
ആധാരമീ പ്രകൃതിയും
ഞാൻ ബീജം നല്ലുമച്ഛനം 4

ഉണ്ടാം പ്രകൃതിയാൽ സത്വം
രജസ്സോട്ട തമസ്സുമായ്
ഗുണങ്ങളവ ബന്ധിപ്പു
മെയ്യിലവ്യയദേഹിയെ 5

കറയററു വിളങ്ങുന്ന-
തതിൽസ്സത്വമനാമയം
ബന്ധിപ്പു പാർത്ഥ സംഗം ചേ-
ർത്തതാ ജ്ഞാന സുഖങ്ങളിൽ 6

ആശയും പ്രീതിയും ചേക്കും
രാഗം തന്നെ രജോഗുണം
ബന്ധിച്ചീടുന്നു കൌന്തേയ
കർമ്മത്തിൻകെട്ടിനാലതും 7

---

4) സകലചരാചരങ്ങളും പ്രകൃതിയുടെ പരിണാമമാണ്. സർവ്വപ്രാണികളിലും കാണുന്ന ചൈതന്യം ഈശ്വരൻെറ അംശവുമാണ്.

5) യഥാർത്ഥത്തിൽ ബന്ധമററ (അവ്യയനാകയാൽ) ദേഹിയെ പ്രകൃതി പരിണാമങ്ങളായ ഗുണങ്ങൾ ബന്ധിക്കപ്പെട്ടവൻ എന്നപോലെ തോന്നിപ്പിക്കുന്നു. ഗുണങ്ങളുടെ സാമ്യാവസ്ഥയാണ് മൂലപ്രകൃതി. ഗുണങ്ങളുടെ വൈഷമ്യം—ഏററക്കുറച്ചൽ ആണ് പ്രകൃതിക്കു പരിണാമങ്ങളുണ്ടാക്കി വിചിത്രമായ പ്രപഞ്ചമായിതോന്നുന്നതു്.

6) അനാമയം = ഉപദ്രവമുണ്ടാക്കാത്തതു്.

അറിവില്ലായ്മയാലുണ്ടായ്
മയക്കീടുന്നതാരെയും
മടിതെററുറക്കമിവയാൽ
ബന്ധിയ്ക്കുന്നു തമോഗുണം 8

സത്വം സുഖത്തിൽച്ചേർക്കുന്നു
കർമ്മത്തിൽത്താൻരജോ ഗുണം
ജ്ഞാനം മറച്ചു ചേർക്കുന്നു
തെററിൽ പ്പാർത്ഥ തമോഗുണം 9

രജസ്തമസ്സുകളിലും
ശക്തമാം സത്വമജ്ജുന
രജസ്സാ മററവയിലും
തമസ്സന്യങ്ങൾ രണ്ടിലും 10

---

7) രാഗത്തിനു - സംഗത്തിനു, - കാരണം എന്നാർത്ഥം. അതു് അപ്രാപ്തവസ്തുവിൽ ആശയും പ്രാപ്തവസ്തുവിൽ പ്രീതിയും ഉളവാക്കി കർത്തൃത്വബോധത്തോടെ പ്രവർത്തിപ്പിക്കുന്നു. ആശയും പ്രീതിയും മൂലം വർദ്ധിക്കുന്നതു് എന്നും താല്പര്യം.

8) സത്വം കൊണ്ടുണ്ടാവുന്ന പ്രകാശമില്ലായ്കയാലാണ് തെററിപ്പോകുന്നതു്. രജോഗുണംമൂലമുള്ള ചുണയില്ലായ്കയാലാണ് മടി ഉണ്ടാവുന്നതു്. ചെയ്യേണ്ടതു ചെയ്യാതിരിയ്ക്കലും തെററിൽപ്പെടുന്നു.

10) ഓരോഗുണവും സാഹചര്യങ്ങളാൽ വർദ്ധിക്കുകയും അപ്പോൾ അതാതിൻെറ കാര്യങ്ങൾ ശക്തിയോടെ വർദ്ധിച്ചിരിക്കുകയും ചെയ്യുന്നു.

ഇന്ദ്രിയങ്ങളിലെമ്പാടും
ജ്ഞാനത്തിന്നൊളി മെയ്യിതിൽ
തെളിഞ്ഞുയരവേ ചൊല്ലാം
സത്വം വർദ്ധിച്ചിരിപ്പതായ് 11

ദുരയും തുടരെക്കർമ്മം
തുടങ്ങലുമതൃപ്തിയും
ആശയീവകയുണ്ടാകും
രജസ്സേറുമ്പൊഴർജ്ജുന 12

തെളിയായ്ക തുടങ്ങായ്ക
വെളിവില്ലായ്ക തെററലും
തമസ്സേറുമ്പൊഴുണ്ടാകു-
മിതെല്ലാം തന്നെയർജ്ജുന 13

സത്വമേറിയിരിയ്ക്കുമ്പോൾ
മരിച്ചാൽദ്ദേഹി ചേർന്നിടും
ഉത്തമജ്ഞാനമേലുന്നോ-
ർക്കുള്ള നിർമ്മലമാം പദം 14

---

11) സർവ്വേന്ദ്രിയങ്ങൾക്കും വിഷയജ്ഞാനത്തിൽ,പാടവം വർദ്ധിച്ചാൽ സത്വം വർദ്ധിച്ചതായി കരുതാം,

12) ദുര = എത്രയായാലും പോരെന്നു തോന്നൽ(ലോഭം) അതൃപ്തി = മനസ്സിന്നു സമാധാനമില്ലായ്ക.

13) തെളിയായ്ക=മനസ്സിലാവായ്ക, വ്യക്തമാവായ്ക. (അപ്രകാശം), തുടങ്ങായ്ക=പ്രവർത്തിക്കായ്ക (മടി). വെളിവില്ലായ്ക = സംശയം, അവിവേകം, മോഹം, തെററൽ = തെററിച്ചെയ്യലും ചെയ്യേണ്ടതു ചെയ്യാതിരിക്കലും (പ്രമാദം)

14) സത്വാദിഗുണങ്ങൾ എല്ലാം തന്നെ ദേഹബന്ധമൂലമായ വാസനകൾ കാരണമാകയാൽ, പുനർജ്ജന്മമുണ്ടാക്കു

കർമ്മസംഗികളിൽജ്ജന്മം
രജസ്സേറിമരിയ്ക്കുകിൽ
ജനിയ്ക്കും മൂഢവർഗ്ഗത്തിൽ
ത്തമസ്സേറിമരിയ്ക്കുകിൽ 15

അഴക്കററതു സത്വത്തിൻ
ഫലം പുണ്യത്തിനുള്ളതാം
ദുഃഖം രജസ്സിന്നജ്ഞാനം
തമസ്സിന്നൊന്നുമാം ഫലം 16

ഉണ്ടാമറിവു സത്വത്താൽ
രജസ്സാൽ ദുരയേറിടും
തമസ്സാലറിവില്ലായ്ക
തെററുതെററിദ്ധരിയ്ക്കലും 17

ഉയരും സത്വമാർന്നുള്ളോർ
രാജസന്മാരിടയ്ക്കുമാം
നീചസ്വഭാവഗുണരാം
താമസന്മാർക്കധോഗതി 18

---

മെങ്കിലും അതാതിന്റെ ഏററക്കുറച്ചിലും സ്വഭാവവും അനുസരിച്ച് സാഹചര്യങ്ങളും സാദ്ധ്യതകളും നാംകുന്നു.

16) സത്വത്തിൻഫലം = സാത്വികമായ കർമ്മത്തിന്റെ ഫലം, അഴക്ക് = രജസ്തമോബാധ. സത്വം പുണ്യം കൊണ്ടുണ്ടാവുന്നതും പുണ്യം സത്വംകൊണ്ടു വർദ്ധിക്കുന്നതുമാകുന്നു.

18) സത്വഗുണം നന്മയിൽ നിന്നു നന്മയിലേക്കും തമോഗുണം തിന്മയിൽ നിന്നു തിന്മയിലേക്കും വഴിവെക്കുന്നു. രജോഗുണം ഇടയ്ക്കു നിർത്തുന്നു.

ഗുണങ്ങളല്ലാതല്ലൊന്നും
ചെയ്യുതെന്നറിയുന്നവൻ
ഗുണങ്ങൾക്കപ്പുറം തന്നെ
ക്കാണ്മോൻ മത്ഭാവമാൎന്നിടും 19

ദേഹി ദേഹാദിയാം മൂന്നു
ഗുണങ്ങൾക്കുമതീതനായ്
ജനനം മൃതി വാൎദ്ധക്യ-
മീ മാലററു വിമുക്തനാം 20

**അൎജ്ജുനൻ പറഞ്ഞു:**

ഈ ഗുണങ്ങൾ കടന്നോനെ-
ന്തടയാളങ്ങളാം പ്രഭോ
ആചാരമെന്തവനെന്നമ്മ-
ട്ടിഗ്ഗുണങ്ങൾ കടപ്പതും 21

**ശ്രീഭഗവാൻ പറഞ്ഞു:**

തെളിവും കൎമ്മവും പാൎത്ഥ
വെളിവില്ലായ്മതാനതും
വന്നുചേൎന്നാൽ വെറുക്കില്ല
പോയാലാശിയ്ക്കയില്ലവൻ 22

---

19) ചെയ്‌വതു ഗുണങ്ങളല്ലാതെ ഒന്നുമല്ല. മൽഭാവം = ബ്രഹ്മത്വം, മോക്ഷം.

20) ദേഹാദി = ദേഹത്തിനു ആദി(കാരണം) പ്രകൃതിയുടെ പരിണാമമാണല്ലൊ ദേഹം. ഗുണങ്ങളുടെ വൈഷമ്യമാണ് പ്രകൃതിയുടെ പരിണാമത്തിനു കാരണം.

22) തെളിവു് = സത്വത്തിൻെറ കാൎയ്യമായ പ്രകാശം കൎമ്മം=രജോഗുണകാൎയ്യമായ പ്രവൃത്തി. വെളിവില്ലായ്ക = തമോഗുണത്തിൻെറയും അജ്ഞാനരൂപവുമായ മോഹം.

വാഴ്വം താല്പര്യമില്ലെന്നായ്
തെല്ലിളക്കാ ഗുണങ്ങളും
ഇതെല്ലാം ഗുണകാര്യങ്ങ-
ളെന്നനങ്ങാതിരുന്നിടും 23

സ്തുതി നിന്ദ സുഖം ദുഃഖം
കല്ലു മൺകട്ട പൊന്നതും
പ്രിയമപ്രിയവും തുല്യം
കൊണ്ടു ധീരൻ പ്രസാദവാൻ 24

മാനാപമാനങ്ങളില-
ശ്ശത്രുമിത്രഗണങ്ങളിൽ
തുല്യൻ, കർമ്മങ്ങൾ കൈവിട്ടോൻ
താൻ ഗുണങ്ങൾ കടന്നവൻ 25

എന്നെയാരു ഭജിയ്ക്കുന്നു
തെററുപററാത്ത ഭക്തിയാൽ
യോഗ്യനാം ബ്രഹ്മഭാവത്തി-
നീഗുണങ്ങൾ കടന്ന,വൻ 26

---

23) ഗുണങ്ങൾ = പ്രകൃതിസംഭവങ്ങളായ സത്വാദികൾ. ഗുണകാര്യങ്ങൾ = സത്വാദിഗുണങ്ങളാൽ പ്രേരിതങ്ങളായ ഇന്ദ്രിയാദികളുടെ കാര്യങ്ങൾ അഥവാ ഇന്ദ്രിയങ്ങളിലൂടെ പ്രകാശിക്കുന്ന സത്വാദികളുടെ കാര്യങ്ങൾ.

24) കൊണ്ടു് = കൈക്കൊണ്ടു്, ഏററു്

26) തെററ പററാത്ത=ഏകാഗ്രതയിൽ നിന്നു തെററി വിഷയാന്തരത്തിൽ പെട്ടുപോകാത്ത. ഭക്തി = വിവേകജ്ഞാനമാണു് അതിൻെറ സ്വരൂപമെന്നു ശങ്കരാചാര്യർ:

ബ്രഹ്മത്തിനാസ്പദം ഞാനേ
സ്ഥിരമാമമൃതത്തിനും
നിത്യമാകുന്ന ധർമ്മത്തി-
നക്കേവലസുഖത്തിനും 27

---

27) ആസ്പദം = പ്രത്യാഗാത്മാവായ ഈശ്വരൻ പരമാത്മാവിൻെറ സാക്ഷാല്ക്കാരത്തിന് അധിഷ്ഠാനമാകുന്നു. അമൃതം= സംസാരനിവൃത്തിരൂപമായ മോക്ഷം. ഐകാന്തികമായ ഭക്തി ജ്ഞാനംവഴി ഒരിക്കലും നാശമില്ലാത്തതും (ധരിക്കുന്നതു ധർമ്മം) കലർപ്പററ സുഖവുമായ മോക്ഷത്തിനു കാരണമാകുന്നു. മോക്ഷമൊഴിച്ചു മററു ധർമ്മങ്ങൾ ആപേക്ഷികങ്ങളാണ്, നിത്യങ്ങളല്ല.

# 15

# പുരുഷോത്തമയോഗം

**ശ്രീ ഭഗവാൻ പറഞ്ഞു:**

വേർമേലായ്ക്കൊമ്പുതാഴോട്ടാ-
മശ്വത്ഥമഴിവററതായ്
ചൊൽവു, വേദങ്ങളിലകൾ
വേദജ്ഞനിതറിഞ്ഞവൻ 1

ഗുണങ്ങളാൽ നീണ്ടു,പടൎന്നു കീഴ്മേൽ
തളിൎത്തു കൊമ്പും വിഷയങ്ങളാലെ
കൎമ്മങ്ങളോടൊത്തു മനുഷ്യലോക-
ത്തതിൻെറ കീഴ്വേടു പരന്നിരുപ്പൂ 2

---

1. സംസാരമാണ് ഈ അശ്വത്ഥം. (നാളേക്കുപോലും അങ്ങനെതന്നെ നില്ക്കാത്തതു്, പരിണാമമുള്ളതു് എന്നു താല്പര്യം) സൎവ്വോപരി വൎത്തിക്കുന്ന ബ്രഹ്മം അതിൻെറ ആദികാരണമാകയാൽ അതിൻെറ വേർ മേല്പോട്ടാണെന്നു പറയപ്പെടുന്നു.

2. സത്വാദിഗുണങ്ങൾകൊണ്ടു വളൎന്നുപൊക്കം വെച്ചിട്ടുള്ളതും വിഷയങ്ങളാകുന്ന തളിരുകളോടുകൂടിയതും ആയ അതിൻെറ കൊമ്പുകൾ, മേലോട്ടും താഴോട്ടും പടൎന്നിരിക്കുന്നു. ബ്രഹ്മലോകം മുതൽ മണൽത്തരിവരെ വ്യാപിച്ചിരിക്കുന്നതാണ് സംസാരം. തായ്‌വേരു ബ്രഹ്മമാണെങ്കിലും കൎമ്മവാസനയാകുന്ന വേടുകൾ പരന്നുപിടിച്ചു സംസാരത്തെ പ്രാതിഭാസികമായി നിലനിൎത്തുന്നു.

ഇല്ലന്ത, മില്ലാദിയു, മില്ലനില്പും—
അവ്യക്തമാണേതുമതിൻ സ്വരൂപം
വേരൂന്നിയോരാലതുവെട്ടിവീഴ്ത്തി
കെല്പാന്ന വൈരാഗ്യമതായവാളാൽ 3

സംസാരവൃക്ഷത്തിനുമൂലമാകു-
മാദ്യൻ പുമാനാശ്രയമെന്നുറച്ചു്
ചെന്നാൽ മടങ്ങേണ്ടിവരാത്തതാകു-
ന്നൊരപ്പദം തേടുകതന്നെ വേണം 4

അജ്ഞാനവും മാനവുമററു പററ-
ററാത്മാവിലുള്ളാന്നഭിലാഷമെന്യേ
സുഖാസുഖദ്വന്ദ്വവിമുക്തരായി
നിത്യം പദം ജ്ഞാനമിയന്നു നേടാം 5

സൂര്യനോ ചന്ദ്രനോ തീയോ
പ്രകാശിപ്പിച്ചിടാത്തതാം
ചെന്നെത്തിയാൽ മടങ്ങേണ്ടാ-
തുള്ളതെൻ പരമാംപദം 6

നാശമില്ലാത്തൊരെന്നംശ-
മീ ജീവൻ ജീവികൾക്കകം
വലിപ്പു മനമോടാറാം
പ്രകൃതിസ്ഥേന്ദ്രിയങ്ങളെ 7

---

3. ഇല്ലനില്പും = എപ്പോഴും മാറിക്കൊണ്ടിരിക്കുന്നു.

5. പററു് = സക്തി (പററുക എന്നതു്) സുഖാസുഖദ്വന്ദ്വവിമുക്തർ = സുഖത്തേയും അസുഖത്തേയും നല്കുന്ന ശീതോഷ്ണങ്ങൾ മുതലായ ഇരട്ടകളാൽ ബാധിക്കപ്പെടാത്തവർ,

ജീവൻമെയ്യൊന്നു കൈക്കൊൾകെ
യൊന്നുകൈവെടിയുമ്പൊഴും
പൂക്കളിൽക്കാററു ഗന്ധത്തെ
യെന്നപോലിവകൊണ്ടുപോം 8

ചെവിയും കണ്ണുമാ ത്വക്കും
നാക്കും മൂക്കും മനസ്സുമേ
ആശ്രയിച്ചുപസേവിപ്പൂ
ജീവനീവിഷയങ്ങളെ 9

പോയിരുന്നുണ്മതെല്ലാമ-
ഗ്ഗുണമായ്ച്ചേർന്നിരുപ്പതാൽ
എന്നുകാണ്മീലമൂഢന്മാർ
കാണ്മിതാജ്ഞാനദൃഷ്ടികൾ 10

കണ്ടിടും തങ്ങളിൽത്താനാ
പ്രയത്നിയ്ക്കുന്ന യോഗികൾ
കാണാ യത്നിയ്ക്കിലും ചേത-
സ്സൊത്തുങ്ങാത്തുള്ള വിഡ്ഢികൾ 11

---

7. മനമോടാറാം = മനസ്സുകൂട്ടി ആറെണ്ണമായ, പ്രകൃതിസ്ഥേന്ദ്രിയങ്ങളെ = അതാതിൻെറ പ്രകൃതികളിൽ (ആസ്പദങ്ങൾ, വിഷയങ്ങൾ) പ്രവർത്തിക്കുന്ന ഇന്ദ്രിയങ്ങൾ.

8. ഇവ = മനസ്സും ഇന്ദ്രിയങ്ങളും (സൂക്ഷ്മശരീരം)

10. പോയ് ഇരുന്നു് ഉണ്മതെല്ലാം = ദേഹത്തെ വിട്ടു പോവുക, ദേഹം സ്വീകരിച്ചതിലിരിയ്ക്കുക, വിഷയങ്ങളെ അനുഭവിക്കുക എന്നതായ സംസാരം സ്വതേ നിർഗ്ഗുണനായ ആത്മാവിനു ഗുണസംയോഗംകൊണ്ടു തോന്നുന്നതാകുന്നു.

11. യോഗികൾ = ചിത്തവൃത്തിനിരോധരൂപമായ യോഗം ശീലിച്ചിട്ടുള്ളവർ.

തെളിയിയ്ക്കുന്നു പാരെല്ലാ
മാദിത്യൻ ചന്ദ്രനഗ്നിയും
ഇവരിൽക്കാണ്മൊരാത്തേജ-
സ്സെൻതേജസ്സറികജ്ജുന 12

ഓജസ്സുകൊണ്ടു മന്നംപ്പു-
ക്കി പ്രപഞ്ചം ധരിപ്പു ഞാൻ
സസ്യാദിയെ വളക്കുന്നോൻ
രസാത്മാവായ ചന്ദ്രനായ് 13

ജന്തുവർഗ്ഗങ്ങൾതൻമെയ്യുൾ-
പ്പുക്ക തീയ്യായിരുന്നു ഞാൻ
പ്രാണാപാനങ്ങളൊത്തന്നം
പചിയ്ക്കുന്നു ചതുർവ്വിധം 14

ഇരുപ്പു ഞാനേതിനു മുൾക്കളെത്തിൽ
ജ്ഞാനം മറക്കൽ സ്മൃതിയൊക്കെയെന്നാൽ
വേദങ്ങളെല്ലാമറിവിപ്പതെന്നെ
യറിഞ്ഞു വേദങ്ങൾ നടത്തുവോൻ ഞാൻ 15

---

14. ചതുർവിധം = ഭക്ഷ്യം (കടിച്ചുതിന്നേണ്ടതു്) ഭോജ്യം (വിഴുങ്ങേണ്ടതു്) ലേഹ്യം (നക്കിക്കഴിയ്ക്കേണ്ടതു്) ചൂഷ്യം (നീരു വലിച്ചെട്ടത്താസ്വാദിയ്ക്കേണ്ടതു്.) പ്രാണൻ വായിൽനിന്നു് അന്നത്തെ ആമാശയത്തിലേക്കു് എത്തിക്കുകയും അപാനൻ ഉപയുക്തശേഷമായ അന്നത്തെ പുറത്തുകളയുകയും ചെയ്യുന്നു.

15) വേദത്തിൻെറ താല്പര്യത്തെ ശരിക്കറിഞ്ഞു വേദതത്വത്തെ പ്രചരിപ്പിക്കുന്നവൻ "ഞാൻ" തന്നെ.

ക്ഷരമക്ഷരമെന്നുണ്ടു
രണ്ടായിട്ടിങ്ങു പൂരുഷർ
ക്ഷരമിസ്സർവ്വഭൂതങ്ങൾ
മൂലപ്രകൃതിയക്ഷരം 16

വേറെതാൻ പരമാത്മാവെ-
ന്നോതും പുരുഷനുത്തമൻ
വ്യാപിച്ചു മൂപ്പാരുകളും
ഭരിപ്പോരീശനവ്യയൻ 17

ക്ഷരത്തിന്നപ്പുറത്താം ഞാ-
നക്ഷരത്തിലുമുത്തമൻ
പുരുഷോത്തമനെന്നോതു
മതിനാൽ മറ, ലോകരും 18

തെററാതറിവിതാരെന്നെ-
പ്പുരുഷോത്തമനായ,വൻ
എല്ലാമറിഞ്ഞു സേവിപ്പി-
തെന്നെയെല്ലാവിധത്തിലും 19

---

16) എപ്പോഴും ഉണ്ടായും നശിച്ചും കൊണ്ടിരിക്കുന്ന വികാരജാലത്തെ ക്ഷരമെന്നും, ഒരു രൂപത്തിലല്ലെങ്കിൽ മറെറാരു രൂപത്തിൽ നില നിൽക്കുന്ന സമഷ്ടിരൂപത്തെ (മൂലപ്രകൃതിയെ) അക്ഷരമെന്നും പറയുന്നു.

17) ഈശ്വരൻ = സർവ്വശക്തൻ. വ്യാപിച്ച് = ചൈതന്യരൂപിയായി എല്ലാത്തിലും ഇരുന്ന്. അവ്യയൻ = നാശമററവൻ.

18) മറ = വേദം.

ഓതിനേനീവിധം ശാസ്ത്ര-
മതിഗുഹ്യമിതജ്ജ്ഞന
കൃതാർത്ഥനം ജ്ഞാനിയുമാ-
മിതു നന്നായറിഞ്ഞു നീ 20

---

20) അതിഗുഹ്യം = ഏററവും രഹസ്യം. കൃതാർത്ഥൻ= ചെയ്യേണ്ടതും സാധിക്കേണ്ടതും ആയി ഒന്നും അവശേഷിക്കാത്തവൻ.

# 16

# ദൈവാസുരസമ്പദ്വിഭാഗയോഗം

**ശ്രീഭഗവാൻ പറഞ്ഞു:**

അഭയം സത്വസംശുദ്ധി
ജ്ഞാനയോഗവ്യവസ്ഥിതി
ദാനം ദമം ശമം യജ്ഞം
സ്വാദ്ധ്യായം തപമാർജ്ജവം 1

അഹിംസ സത്യമക്രോധം
ത്യാഗം ശൌചമപൈശുനം
അസംഗം ഭൂതദയയും
ധൃതി തേജസ്സു മാർദ്ദവം 2

അചാപലം, വിനയവു,
മദ്രോഹം, ക്ഷമ, ലജ്ജയും,
ഉണ്ടാകും ദൈവസമ്പത്തി-
ലുളവായവനർജ്ജുന 3

---

1) നല്ലതെന്നും വേണ്ടതെന്നും ബോദ്ധ്യമായാൽ കൂസൽ കൂടാതെ ചെയ്യുക എന്ന സ്വഭാവമാണ് അഭയം. 2) വഞ്ചന മുതലായവ തീണ്ടാത്ത അന്തഃകരണത്തിൻെറ ശുദ്ധി സത്വസംശുദ്ധി. 3) ജ്ഞാനത്തെ വർദ്ധിപ്പിക്കുന്നതിലും അനുഭവപ്പെടുത്തുന്നതിലുമുള്ള അഭ്യാസത്തിൻെറ സ്ഥിരത ജ്ഞാനയോഗവ്യവസ്ഥിതി. 4) പങ്കിട്ടനുഭവിക്കൽ ദാനം. 5) ഇന്ദ്രിയനിഗ്രഹം ദമം. 6) മനോനിഗ്രഹം ശമം.

ഡംഭഹംഭാവവും തണ്ടും
പാരുഷ്യം കോപമജ്ഞത
കാണുമാസുരസമ്പത്തി-
ലുളവായവനജ്ജുന 4

---

7) നിത്യവും നൈമിത്തകവുമായ കമ്മങ്ങളെ നിസ്സംഗമായി ഈശ്വരാർപ്പണമായി ആചരിക്കൽ തന്നെ യജ്ഞം. 8) വേദവേദാംഗാദികളുടെയും മററും അധ്യയനം സ്വാധ്യായം. 9) മനസ്സ്,വാക്ക്, ശരീരം ഇവകൊണ്ടു് വ്രതങ്ങളെ അനുഷ്ഠിയ്ക്കൽ തപസ്സ്, അഥവാ ധമ്മാചരണത്തിനുവേണ്ടി ക്ലേശം സഹിക്കൽ. 10) കൗടില്യമില്ലായ്ക ആജ്ജവം 11) പരപീഡനത്തിനു് ഒരു വിധത്തിലും ഹേതുവാകാതിരിക്കൽ അഹിംസ. 12) അപ്രിയമോ അവാസ്തവമോ അല്ലാതെ കണ്ടതുമാത്രം പറയൽ സത്യം. 13) കാരണമുണ്ടായാലും ക്രോധത്തിനു് അധീനനാവാതെയിരിക്കൽ അക്രോധം. 14) ഔദാര്യം തന്നെ ത്യാഗം. 15) ബാഹ്യാന്തരശുദ്ധി ശൌചം. 16) ഏഷണികൂട്ടായ്ക അപൈശുനം. 17) കാരണം ഉണ്ടായിട്ടും ഇന്ദ്രിയങ്ങൾക്കു വികാരമില്ലാതിരിക്കൽ അസംഗം. 18) സർവ്വഭൂതങ്ങളിലും അനുകമ്പ ഭൂതദയ. 19) ദേഹേന്ദ്രിയാദികൾക്കു തളർച്ചയില്ലാതിരിക്കൽ ധൃതി, 20) വീയ്യം തന്നെ തേജസ്സ്. 21) അനിഷ്ടങ്ങൾ ചെയ്യുന്നവരോടുപോലും പ്രസന്നമായ മനസ്സോടുകൂടിയിരിക്കൽ മാർദ്ദവം. 22) നിരത്ഥങ്ങളായ പ്രവൃത്തികളിൽ ഏപ്പെടാതിരിക്കൽ അചാപലം. 23) താൻ കേമനാണെന്നു് അഭിമാനിക്കായ്ക വിനയം. 24) ആക്കം ഏതും ദ്രോഹം ചെയ്യാതിരിക്കൽ അദ്രോഹം, 25) സഹനശീലം ക്ഷമ. 26) ചെയ്യാൻവയ്യാത്തതു ചെയ്യുന്നതിലുള്ള സങ്കോചം ലജ്ജ.

4) 1. മററുള്ളവർ ബഹുമാനിക്കാൻവേണ്ടി ധാമ്മികാദിവേഷം ധരിക്കലാണു് ഡംഭ് ഠംഭം) 2. താൻ കേ

ദൈവസമ്പത്തു മോക്ഷത്തി-
നാകും ബന്ധത്തിനാസുരം.
വിഷാദിയ്ക്കായ്ക നീ പാൎത്ഥ
ദൈവസമ്പത്തിയന്നവൻ 5

ദൈവമാസുരമെന്നിങ്ങ
ഭേദം രണ്ടാണു സൃഷ്ടിയിൽ
ദൈവത്തെ വിസ്തരിച്ചേൻ ഞാ-
നാസുരത്തെയുരയ്ക്കുവൻ 6

ആസുരക്കറിയാ പാൎത്ഥ
കൊള്ളാവതരുതാത്തതും
ശൌചമില്ലവരിൽ സത്യ-
മില്ലില്ലാചാരമജ്ഞന

അസത്യമായടിസ്ഥാന-
മില്ലാതീശ്വരനെന്നിയേ
അന്യോന്യമെന്യേ കാമത്താ-
ലല്ലാതെന്തെന്നു ചൊൽവുതേ 8

---

മനാണെന്നഭാവം അഹംഭാവം. 3) വിദ്യാദി കൊണ്ടുള്ള ഗൎവ്വാണു് തണ്ടു് (ദർപ്പം). 4) നിന്ദാഗർഭമായി പറയുകയും പെരുമാറുകയും ചെയ്യുന്നതു് പാരുഷ്യം അഥവാ മാർദ്ദവമില്ലാതിരിയ്ക്കൽ. 5) അപകാരം നിമിത്തം ഉണ്ടാവുന്ന മനഃക്ഷോഭം കോപം. 6) യഥാൎത്ഥജ്ഞാനമില്ലായ്ക അജ്ഞത.

6) ആചാരത്തിലും വിചാരത്തിലുമുള്ള ഭേദമാണു് ദൈവാസുരവിഭാഗത്തിന്നു് അടിസ്ഥാനം.

7) കൊള്ളാവതു്=അംഗീകരിക്കേണ്ടതു്. അരുതാത്തതു്=ഉപേക്ഷിക്കേണ്ടതു്. (പ്രവൃത്തിയും നിവൃത്തിയും) ആചാരം=സദാചാരം

ആത്മാവിനെ നശിപ്പിച്ചോ-
രീനോട്ടത്താലബുദ്ധികൾ
ക്രൂരരിപ്പാരഴിയ്ക്കാനായ്
വന്ന വൈരികളാണവർ 9

തൃപ്തിയാവാത്ത കാമം പൂ-
ണ്ടജ്ഞർ തെററിദ്ധരിച്ചവർ
മാനിച്ചുങ്കാൻ ഗർവ്വിച്ചു
കൈക്കൊൾവൂ ദുർവ്രതങ്ങളെ 10

---

8) അസത്യം=സത്യമാകുന്ന പ്രമാണമൊന്നുമില്ലാത്തതു; അഥവാ അതിൽപ്പുറം വേറെ സത്യമൊന്നുമില്ലാത്തതു്. അടിസ്ഥാനമററ്=വേദാന്തികളും മററും പറയും പോലെ, ലോകം വേറെ ഒന്നിൻെറ വികാരമല്ലെന്നും, അതിൻെറ ഗതി സ്വഭാവം മാത്രമാണെന്നും ഈശ്വരനെന്നിയേ=നിയന്താവായി ഒന്നുമില്ലാത്തതു്. അന്യോന്യമെന്യേ=പരസ്പര ബന്ധമില്ലാതെ. കാര്യകാരണരീത്യാ പരസ്പരബന്ധമല്ല, പരസ്പരമത്സരമാണു് ലോകത്തെ നിലനിൎത്തുന്നതു് എന്നു കരുതിയെന്നു താൽപ്പര്യം. കാമം—സുഖാശ—മാത്രമാണു് ലോകത്തിൻെറ ഗതിക്കു് കാരണം. അല്ലാതെന്താണു് എന്നു് ലോകായതികന്മാരായ അവർ പറയുന്നു. പരസ്പരസംഭൂതമല്ലാത്തതു് അപരസ്പരസംഭൂതം പരസ്പരസംഭൂതം=പരസ്പരത്തിൽ നിന്നുണ്ടാകുന്നതു്. പരസ്പരം= അന്യോന്യം, ബന്ധം

9) അങ്ങിനെയുള്ള നാസ്തികന്മാർ ധൎമ്മാധൎമ്മചിന്തയില്ലായ്കയാൽ സ്വൈരവൃത്തികളായി ഹിംസാപ്രായങ്ങളായ കൎമ്മങ്ങളിൽ ഏർപ്പെട്ടു് ലോകനാശം വരുത്തുന്നു.

ആണ്ടററംവരെ നീളുന്നൊ-
രളവില്ലാത്ത ചിന്തയിൽ,
ആശപോലെ സുഖിയ്ക്കുന്ന-
താണെന്നോർപ്പു പുമർത്ഥവും 11

ആശാപാശങ്ങളിൽപ്പെട്ടു
കാമക്രോധങ്ങൾ പൂണ്ടവർ
ന്യായം വിട്ടും പണം കൂട്ടാ-
നാശിപ്പൂ ഭോഗലാലസർ 12

നേടിനേനിന്നിതെല്ലാം ഞാൻ
നേട്ടവേനിതുമാഗ്രഹം
ഇന്നിതുണ്ടിനിയുണ്ടാകു-
മിതൊക്കെ സ്വത്തുമേലിലും 13

കൊന്നേൻ ഞാനിശ്ശത്രുവിനെ
ക്കൊൽവേൻ മററവരേയുമേ
ഞാനീശ്വരൻ ഭോഗി ഞാനേ
സിദ്ധൻ ഞാൻ ബലവാൻ സുഖി 14

---

11. അാറം വരെ=മരണം വരെ. അതിർത്തിയില്ലാത്ത കാമലാഭത്തെ ജീവിതലക്ഷ്യമായി കരുതുകയാൽ അവരുടെ ചിന്തയ്ക്കും അളവും അററവും ഉണ്ടാവുന്നില്ല. പുമർത്ഥം= ജീവിതപ്രയോജനം.

14) ഈശ്വരൻ=വിചാരിക്കുന്നതെല്ലാം നടത്തുവാൻ കഴിയുന്നവൻ. ഭോഗി=സുഖങ്ങളെ അനുഭവിക്കുന്നവൻ. സിദ്ധൻ=കൃതാർത്ഥൻ, സാധിക്കേണ്ടതെല്ലാം സാധിക്കുന്നവൻ.

15) നാമാർത്ഥം പ്രസിദ്ധ്യർത്ഥം യേ യജ്ഞാഃ യേന യജ്ഞയാജ്യയമിതി വ്യപദേശോ ജായതേ തേ നാമയജ്ഞാഃ

പണമുണ്ടു കുലീനൻ ഞാ-
നാരുണ്ടെന്നോടു തുല്യനായ്
യജിപ്പേൻ നല്കുവേൻ വാഴ്വേ-
നെന്നജ്ഞാനവിമോഹിതർ 15

മോഹമാം വലയിൽച്ചുററി
പ്പലതോർത്തുഴലുന്നവർ
കാമഭോഗങ്ങളിൽപ്പെട്ടു
വീഴും ദുർന്നരകങ്ങളിൽ 16

പണത്താൽത്തണ്ടുമുങ്കും പൂ-
“ണ്ടെന്നോ”നെന്നു പൊങ്ങിയോർ
ഡംഭിനാൽ വിധി നോക്കാതെ
യജ്ഞം ചെയ്യുന്നു പേരിനായ് 17

അഹങ്കാരം ബലം ഗർവ്വം
കാമം ക്രോധവുമാർന്നവർ
സർവ്വാന്തര്യാമിയാമെന്നെ
വെറുക്കുന്നിതസൂയയാൽ 18

---

15). യജിപ്പേൻ = യജ്ഞം ചെയ്യും—മററുള്ളവരോടു മത്സരിച്ചു് തൻെറ കേമത്തം വെളിപ്പെടുത്താനെന്നു ഭാവം.

17) പേരിനായ്=പ്രസിദ്ധിക്കുവേണ്ടി.

19) ഓരോ കർമ്മവും അതാതിനു യോജിച്ച വാസനയെ ദൃഢപ്പെടുത്തുന്നു. അങ്ങനെ ആസുരമായ സ്വഭാവത്തോടുകൂടിയവർ അതിനു യോജിച്ച കർമ്മങ്ങൾ ചെയ്യുമ്പോൾ, ആസുരമായ വാസന തന്നെ ബലപ്പെട്ടു് ആസുരമായ പരിതസ്ഥിതിയിൽ തന്നെ കഴിഞ്ഞുകൂടേണ്ടതായി വരുന്നു. ഇങ്ങനെ കർമ്മബന്ധം നിമിത്തം വന്നുചേരുന്നതിനെയാണ് ഔപചാരികമായി ഈശ്വരൻ വരുത്തുന്നതാണെന്നു പറയുന്നതു്.

വെറുക്കും ക്രൂരരശുഭ-
രാ നീചരെ വിടാതെ ഞാൻ
സംസാരത്തിൽത്തള്ളിവിട്ടു
വീണ്ടുമാസുരരാക്കുവൻ 19

ഓരോ പിറപ്പിലും മൂഢ-
രാസുരത്വമിയന്നവർ
അധോഗതിയിയന്നീടു-
മെന്നിലെത്താതെയജ്ജുന 20

മൂന്നാണു നരകത്തിന്നു
മുഖമാത്മവിനാശനം
കാമം ക്രോധം പിന്നെ ലോഭ-
മിവ മൂന്നും ത്യജിയ്ക്കു നീ 21

ഇരുളിൻ വഴിയീ മൂന്നും
വെടിഞ്ഞ നരനജ്ജുന
ആത്മശ്രേയസ്സാചരിച്ചു
നേടുമുൽകൃഷ്ടമാം പദം 22

ശാസ്ത്രോപദേശം കൈവിട്ടു
തോന്നും പോലെ നടപ്പവൻ
സിദ്ധനാകാ സുഖം നേടാ
പാത്ഥ മോക്ഷവുമാന്നിടാ 23

---

20) പര്യായദൂഷകം അഥവാ ദോഷചക്രം എന്നതിനുദാഹരണം.

21) മുഖം=പ്രവേശദ്വാരം. ഇന്ദ്രിയസുഖാകാംക്ഷ, അതിനു തടസ്സം വരുമ്പോഴുള്ള ക്രോധം, എത്ര കിട്ടിയാലും മതിയാവാത്തവണ്ണമുള്ള ആത്തി.

കാര്യാകാര്യവ്യവസ്ഥയ്ക്കു
ശാസ്ത്രമേ നിൻ പ്രമാണമാം
ചെയ്യണം കർമ്മമിന്നിങ്ങാ-
ശ്ശാസ്ത്രം ചൊൽവതറിഞ്ഞു നീ 24

---

23. ശാസ്ത്രം=കർത്തവ്യത്തെ ഉപദേശിക്കുന്ന ധർമ്മശാസ്ത്രം.

24) കാര്യാകാര്യവ്യവസ്ഥ=വേണ്ടതേതു് അരുതാത്തതു് ഏതു് എന്ന നിശ്ചയം.

# 17

# ശ്രദ്ധാത്രയവിഭാഗയോഗം

**അർജ്ജുനൻ പറഞ്ഞു:**

ശാസ്ത്രം നോക്കാതെ യജ്ഞങ്ങൾ
ശ്രദ്ധയോട്ട നടത്തുവോർ
എന്തു നിഷ്ഠയിലാം, സത്വം,
രജസ്സീശ തമസ്സിതിൽ 1

**ശ്രീഭഗവാൻ പറഞ്ഞു:**

വാസനയ്ക്കൊത്തു മൂന്നായി-
ശ്ശ്രദ്ധ മാനുഷരാർന്നിടും
സാത്വികം, രാജസം, പിന്നെ
ത്താമസം പാർത്ഥ കേൾക്കുക. 2

സ്വഭാവം പോലെ കാണുന്നി-
തേവർക്കും ശ്രദ്ധ പാണ്ഡവ
ശ്രദ്ധാമയൻ താൻ പുരുഷൻ
ശ്രദ്ധയെന്തതുതാനവൻ 3

ഉമ്പരെസ്സാത്വികൻ, യക്ഷ-
രക്ഷസ്സുകളെ രാജസൻ
ഭജിപ്പൂ താമസൻ താനാ
പ്രേതഭൂതഗണങ്ങളെ 4

---

2) വാസന=സംസ്കാരം, അതു തന്നെ സ്വഭാവം

മുററിടും കാമരാഗങ്ങ-
ളുററുങ്കും ഡംഭമാർന്നവർ
ഇന്ദ്രിയങ്ങളെയും വാട്ടി
യുള്ളിൽ വാണിടുമെന്നെയും 5

ശാസ്ത്രം പഴിക്കും കൊടുതാം
തപം ചെയ്യുന്നൊരാളുകൾ
അവിവേകരറിഞ്ഞാലു-
മവരാസുരനിശ്ചയർ 6

ആഹാരം മൂന്നുവിധമു-
ണ്ടിഷ്ടമേവർക്കുമർജ്ജുന.
യജ്ഞം തപസ്സതും ദാന-
മതിൻ ഭേദങ്ങൾ കേൾക്ക നീ 7

ആയുസ്സത്വബലാരോഗ്യ
സുഖപ്രീതികൾ തൃപ്തിയും
കൂട്ടിയുററു മെഴക്കാന്നോ
രുണേററം സാത്വികപ്രിയം 8

കയ്പുപ്പു പുളി ചൂടേറി
യെരിവും കത്തലും പെട്ടും
രൂക്ഷമൂൺ രാജസനിഷ്ടം
രോഗം മാലഴലായതാൽ 9

---

8) ആയുസ്സ്=ദീർഘജീവിതം. സത്വം = ആത്മബലം ബലം=ദേഹബലം. ആരോഗ്യം=രോഗമില്ലായ്മ. സുഖം= മനസ്സുഖം. പ്രീതി=നാക്കിനിഷ്ടം തൃപ്തി = സന്തോഷം ഉററു്=സ്ഥായിയായ ഗുണമുററതു്.

ആറിപ്പഴയതായ് സ്വാദും
മാറി നാറിയതെച്ചിലായ്
ശുചിയല്ലാത്തൊരന്നത്തിൽ
രുചി കാണുന്നു താമസൻ 10

വേണ്ടതെന്നുള്ളുറച്ചോർത്ത്
ഫലത്തിൽ കൊതിയെന്നിയേ
വിധിക്കൊത്താചരിക്കുന്ന
യജ്ഞമജ്ജ്ഞന സാത്വികം 11

ഫലത്തിൽ കൊതിവച്ചിട്ടോ
പുകഴ്ത്തപ്പെട്ടവാനുമോ
ചെയ്യപ്പെട്ടുന്നതാകുന്ന
യജ്ഞം താൻ പാർത്ഥ രാജസം 12

വിധി നോക്കാതെയൂണേകാ-
തേതും ദക്ഷിണയെന്നിയേ
ശ്രദ്ധയും മന്ത്രവും വിട്ട
യജ്ഞം താമസമജ്ജ്ഞന 13

ദേവദ്വിജഗുരുപ്രാജ്ഞ
പൂജനം ശൗചമാർജ്ജവം
മെയ്യാലുള്ള തപസ്സോക്ക
ബ്രഹ്മചര്യമഹിംസയും 14

---

9) കയ്പുമുതലായവയേറിയിരുന്നു് കത്തൽ (ഉള്ളിൽ പുഴുക്കം, വിദാഹം) ഉണ്ടാക്കുന്ന ഭക്ഷ്യം, രോഗവും മാല്യം അഴലും (കഴിക്കുമ്പോഴും പിന്നെയും അനുഭവപ്പെടുന്ന ദുഃഖഭേദങ്ങൾ) ഉണ്ടാവാൻ കാരണമാകുന്നു.

14) ദേവന്മാർ, ദ്വിജന്മാർ (ബ്രാഹ്മണർ) ഗുരുക്കൾ, പ്രാജ്ഞന്മാർ (അറിവുള്ളവർ) ഇവരെ പൂജിക്കൽ;

വെറുപ്പേകാത്തതായ് നേരു
ററിഷ്ടമായ്, നന്മ നൽകിടും
ചൊല്ലും സ്വാദ്ധ്യായവും ചൊല്ലാം
വാക്കാലുള്ള തപസ്സിവ 15

മനം തെളിക, സൗമ്യത്വം,
മൗനമുള്ളിന്നൊതുക്കവും
കാപട്യമില്ലായ്കയുമേ
ചൊൽവൂ മാനസമാം തപം 16

ഫലം നോക്കാതെയേകാഗ്ര
മായേററം ശ്രദ്ധ വെച്ചു താൻ
മൂന്നു മാതിരിയായ്ച്ചെയ്യും
തപസ്സാകുന്നു സാത്വികം 17

സൽക്കാരം പൂജനം മാന-
മിവയ്ക്കായ് ഡംഭിനാലുമേ
ചെയ്യും തപം രാജസമാം
നീളില്ല ഫലമൽപ്പമാം 18

---

ശൗചം=നൈർമ്മല്യം; ആർജ്ജവം= കൌടില്യമില്ലായ്ക. ബ്രഹ്മചര്യം=മൈഥുനാദികളിലുള്ള നിഷേധങ്ങളെ അനുസരിയ്ക്കൽ. അഹിംസ=അന്യന്നു ക്ലേശമുണ്ടാകുമാറു് ഒന്നും ആചരിക്കാതിരിക്കൽ.

15) സ്വാദ്ധ്യായം=പഠിച്ചതിനെ തന്നെ ഉറപ്പിക്കലും വർദ്ധിപ്പിക്കലും

17) മൂന്നുമാതിരിയായ്=ശരീരം, വാക്കു്, മനസ്സ് ഇവ കൊണ്ടു്.

18) നീളില്ല=നീണ്ടുനില്ക്കുകയില്ല, ക്ഷണികമാണെന്നു് താല്പര്യം, മററുള്ളവർ സൽക്കരിക്കുകയും പൂജിക്കുകയുംമാ

അന്ധമായ് വിശ്വസിച്ചിട്ടും
തന്നത്താൻ പീഡയേററുമേ
പരദ്രോഹത്തിനായിട്ടും
ചെയ്യുതേ താമസം തപം 19

വേണ്ടതെന്നുപകാരങ്ങ-
ളോക്കാതർഹത കണ്ടുതാൻ
വേണ്ടപ്പോൾ വേണ്ടിടത്തേകും
ദാനമേ പാർത്ഥ സാത്വികം 20

പകരം ചെയ്യുവാനായോ
ഫലത്തിൽക്കണ്ണു വെച്ചുമോ
ക്ലേശിച്ചുചെയ്തിടും ദാനം
തന്നെ രാജസമോക്കുക 21

സൽക്കരിയ്ക്കാതെ മാനിയ്ക്കാ-
താളെ നോക്കാതെ ചെയ്യതാം
കാലദേശങ്ങളൊക്കാത്ത
ദാനം താമസമെൻപുതേ 22

**ഓം തത്സത്തെന്നു** നിർദ്ദേശം
ബ്രഹ്മത്തിന്നുണ്ടു മൂവിധം
ഇതാൽ ബ്രാഹ്മണർ വേദങ്ങൾ
യജ്ഞങ്ങൾ വിഹിതങ്ങളായ് 23

---

നിഷ്ഠകയും വേണമെന്നും താൻ തപസ്വിയാണെന്ന് കരുതണമെന്നും ഉദ്ദേശിച്ചു ചെയ്യുന്ന തപസ്സു രാജസം.

20) അർഹത=യോഗ്യത.

23) വിഹിതങ്ങളായി=കൽപ്പിക്കപ്പെട്ടു.

അതിനാൽ ബ്രാഹ്മണക്കുള്ള
യജ്ഞം ദാനം തപസ്സിവ
വിധിയ്ക്കൊത്തവ "ഓം" എന്ന
മന്ത്രം കൊണ്ടു നടപ്പതേ 24

മോക്ഷമാശിച്ചിടുന്നോരും
യജ്ഞം ദാനം തപസ്സിവ
ഫലം നോക്കാതെ, "ത"ന്മന്ത്രം
കൊണ്ടു ചെയ്വൂ പലേവിധം 25

ഉണ്മയും നന്മയും കാണി-
പ്പതു "സദ്" പദമജ്ജ്ഞുന
ഉൽക്കൃഷ്ടകർമ്മങ്ങളിലും
ചൊല്ലുമാറുണ്ടു "സദ്" പദം 26

യജ്ഞദാനതപങ്ങൾക്കു
"സ"ത്തെന്നോതുന്നു നിശ്ചയേ
സത്തെന്നോതപ്പെടുന്നുണ്ടി-
ത്തവയ്ക്കായുള്ള കർമ്മവും 27

ശ്രദ്ധയില്ലാത്തതാം ഹോമം
ദാനം കർമ്മം തപസ്സതും
അസത്താമതുകൊണ്ടിങ്ങോ
ഫലമാകാ പരത്തിലോ 28

---

25) തന്മന്ത്രം=തത് എന്ന മന്ത്രം. ബ്രഹ്മാർപ്പണം എന്ന ബുദ്ധിയാൽ (ഓം) മോക്ഷകാംക്ഷയോടെ, സംസാരബന്ധമൊഴിവാനായി (തത്) യജ്ഞാദികളെ (സത്) ചെയ്യുന്നു എന്നാണ് ഓം തത് സത് എന്ന സങ്കല്പത്തിന്റെ താൽപ്പര്യം. 28) ശ്രദ്ധ (ആസ്തിക്യം, വിശ്വാസം) ആണ് പടങ്ങുകൾ കാണിച്ചു കൂട്ടലല്ല ഹോമാദികൾക്കു സാദ്ഗുണ്യം നൽകുന്നതു്.

# 18

# സന്ന്യാസയോഗം

**അജ്ജുനൻ പറഞ്ഞു:**

സന്ന്യാസത്തിൻെറ തത്വത്തെ
ത്യാഗത്തിൻേറയുമച്യുത
ആശയുണ്ടു ഹൃഷീകേശ
വേർതിരിച്ചു ധരിക്കുവാൻ 1

**ശ്രീഭഗവാൻ പറഞ്ഞു:**

സന്ന്യാസം-ചൊൽവു വിദ്വാന്മാർ-
കാമ്യകമ്മം ത്യജിപ്പതാം
ത്യാഗമോ ചെയ്യുതേതിന്നും
ഫലത്തെ സന്ത്യജിപ്പതും 2

ചിലർ ചൊല്ലുന്നു ദോഷങ്ങ-
ളുള്ള കമ്മം ത്യജിക്കുവാൻ
ത്യാജ്യമല്ലെന്നു ചൊല്ലുണ്ട്
യജ്ഞം ദാനം തപസ്സിവ 3

ത്യാഗത്തിലെൻെറ സിദ്ധാന്തം
കേട്ടുകൊള്ളുക ഭാരത
ത്യാഗം മൂന്നുവിധം ചൊല്ല-
ന്നുണ്ടു പുരുഷസത്തമ 4

---

2) കാമ്യകമ്മങ്ങളെ ചെയ്യാതെ തന്നെയിരിക്കലാണ സന്ന്യാസം. കമ്മങ്ങൾ ചെയ്യാലും, ഫലത്തിൽ സങ്കല്പമില്ലാതെയിരിക്കലാണ് [illegible]ം എന്ന വിഭാഗം.

ചെയ്യണം ത്യാജ്യമല്ലേതും
യജ്ഞദാനതപസ്സുകൾ
അറിവോർക്കരുളും ശുദ്ധി
യജ്ഞം ദാനം തപസ്സുമേ 5

സംഗവും ഫലവും കൈവി-
ട്ടീക്കർമ്മങ്ങളുമജ്ഞന
വേണ്ടതാണെന്നു താനെന്റെ
തീർത്തോരുത്തമമാം മതം 6

വേണ്ട കർമ്മങ്ങൾ വേണ്ടെന്നു
വെയ്പതേതുമയുക്തമാം
അറിയാതതു കൈവിട്ടാ-
ലതു താമസമായിടും 7

ബുദ്ധിമുട്ടോർത്തു വയ്യെന്നു
കർമ്മം വേണ്ടെന്നു വെയ്ക്കുകിൽ
ആ ത്യാഗം രാജസം കിട്ടാ
ത്യാഗത്തിൻ ഫലമായതാൽ 8

വേണ്ടതെന്നോർത്തു ചെയ്യേണ്ട
കർമ്മം ചെയ്യുവതജ്ഞന
സംഗവും ഫലവും കൈവി
ട്ടാ,ത്യാഗം തന്നെ സാത്വികം 9

---

7) വേണ്ട കർമ്മങ്ങൾ=[illegible]ണമെന്നു വിഹിതങ്ങളായ കർമ്മങ്ങൾ.

സത്വം തികഞ്ഞൊരാ ത്യാഗി
സംശയം തീർന്ന ബുദ്ധിമാൻ
ദുഃഖകർമ്മം വെറുക്കില്ല
സുഖത്തിൽ സക്തനായിടാ 10

കർമ്മമാകെയുപേക്ഷിപ്പാ
നാകാ ദേഹിക്കു ഭാരത
ത്യാഗിയാകുന്നു കർമ്മത്തിൻ
ഫലത്തെ സന്ത്യജിപ്പവൻ 11

അനിഷ്ടമിഷ്ടം മിശ്രം മൂ
ന്നത്രേ കർമ്മത്തിനാൽ ഫലം
അത്യാഗിക്കുണ്ടു മെയ് വിട്ടാൽ
സന്യാസിക്കില്ലൊരിക്കലും 12

അഞ്ചാണറിക കർമ്മത്തി-
നേതിനും സിദ്ധി നൽകുവാൻ
വേദാന്തജ്ഞാനസിദ്ധാന്തങ്ങൾ
കാരണങ്ങൾ ധനഞ്ജയ 13

ആശ്രയം പാർത്ഥ കർത്താവു
കരണം പല മാതിരി
നാനാചേഷ്ടകളഞ്ചാമ-
തായിട്ടുന്നതു ദൈവവും 14

---

11) ദേഹി=ദേഹമുള്ളവൻ. ദേഹാഭിമാനവും കർത്തൃത്വബുദ്ധിയും ഉള്ളവന്നു് കർമ്മസന്യാസം വിഹിതമോ സാദ്ധ്യമോ അല്ല.

12) അനിഷ്ടം=ദുഃഖം. ഇഷ്ടം=സുഖം. മിശ്രം=കലന്നതു്. മെയ്വിട്ടാൽ=മരണശേഷം, ദേഹനാശത്തിനു ശേഷം പുനർജ്ജന്മകാരണ[illegible]ി എന്നു താൽപ്പര്യം.

മെയ്‌വാക്കുൾക്കൊമ്പിതാലേതു
കർമ്മം മാനുഷർ ചെയ്യുതും
നല്ലതോ ചീത്തയോ പാർത്താ-
ലീയഞ്ചതിനു കാരണം 15

ഈ മട്ടിരിക്കെ, ത്താനാണു
ചെയ്യുതെന്നു നിനയ്ക്കുവോൻ
ജ്ഞാനംപോരായ്കയാലാരാ
ദുർബ്ബുദ്ധി മിഴിവററവൻ 16

ഞാനെന്നഭാവമാക്കില്ല
ബുദ്ധിക്കില്ലാക്കു ലേപവും
കൊന്നാലും പാരടച്ചായാൾ
കൊല്ലാ ബന്ധവുമാന്നിടാ 17

---

14) ആശ്രയം = സ്ഥൂലശരീരം. കത്താവ്=ബുദ്ധി വൃത്തിയെ ആശ്രയിച്ചിരിക്കുന്ന ചൈതന്യം. കരണം = ഇന്ദ്രിയം, മനസ്സ്, ബുദ്ധി ഇവ. (ഇവ ഉപകരണം) ചേഷ്ടകൾ=വ്യാപാരങ്ങൾ. ദൈവം=ഫലിക്കുവാൻ പാക മായിട്ടുള്ള പൂർവ്വകർമ്മം.

(പൂർവ്വജന്മകൃതം കർമ്മ തദ്ദൈവമിതി കഥ്യതേ
ദൈവമാത്മകൃതം വിദ്യാൽ കർമ്മ യൽ പൗർവദൈഹികം
പ്രാഗാർജ്ജിതം ശുഭാശുഭം, പുണ്യപാപരൂപം.)

16) മിഴിവററവൻ=കാണാത്തവൻ, യഥാർത്ഥ ജ്ഞാനമില്ലാത്തവൻ.

17) പാരടച്ച്=ഈ ലോകത്തെ മുഴുവൻ കർത്തൃത്വാഭിമാനമില്ലാത്ത ജ്ഞാനിക്കു പുണ്യപാപങ്ങൾ ബാധകമല്ല. കൊന്നാലും ബാധയില്ലെന്നല്ലാതെ, അയാൾ കൊല്ലുകയില്ലെന്നുറപ്പിക്കാമല്ലോ.

പ്രേരകം മൂന്നിതറിവു-
മറിവോനറിയേണ്ടതും
കർമ്മങ്ങൾക്കാശ്രയം മൂന്നു
ചെയ്യോൻ ചെയ്യതുപായവും 18

മുമ്മൂന്നു ഗുണഭേദത്താൽ
ജ്ഞാനം കർത്താവു കർമ്മവും
ഓതുന്നു ഗുണസാംഖ്യത്തിൽ
ശരിയായവ കേൾക്ക നീ 19

വെവ്വേറായ് കാണുമോരോന്നി-
ലെല്ലാം വ്യത്യാസമെന്നിയേ
ഭേദപ്പെടാത്തൊരേഭാവം
കാണ്മോരറിവു സാത്വികം 20

വേറെവേറെ തിരിഞ്ഞോരോ-
ന്നിലുമോരോതരത്തിനെ
കാണ്മതാമറിവാകുന്നു
രാജസം കാൺക ഭാരത 21

എല്ലാമെന്നോണമൊന്നിൽത്താൻ
പററി യുക്തികളെന്നിയേ
തത്വമോരാത്ത നിസ്സാര-
ജ്ഞാനം താമസമോർക്കക 22

---

17) പ്രേരകം=കർമ്മത്തിനു പ്രേരണ നൽകുന്നതു്. ഉപായം=ഉപകരണം.

19. ഗുണസാംഖ്യം=ഗുണവിഭജനം.

22) ശരീരം തന്നെ എല്ലാം, പ്രതിമ തന്നെ ഈശ്വരൻ എന്ന പോലെയുള്ള [illegible]ാധം ഇതിനുദാഹരണം,

രാഗദ്വേഷങ്ങളില്ലാതെ
സംഗമെന്നിയെ വേണ്ടതേ
ഫലമോക്കാതെ ചെയ്യുന്ന
കമ്മം സാത്വികമായിടും 23

ഫലമാശിച്ചു താനേററ-
മഹങ്കാരത്തിലപ്പിലോ
ഏറെ ക്ലേശിച്ചു ചെയ്യുന്ന
കമ്മം രാജസമജ്ജുന 24

തുടർപ്പു നഷ്ടം കഴിവു
പീഡയീ നോട്ടമെന്നിയേ
അജ്ഞാനത്താൽ തുടങ്ങുന്ന
കമ്മമാം പാർത്ഥ താമസം 25

ധൈയ്യമുത്സാഹവും ചേൻ
താനെന്നില്ലാതസംഗനായ്
സിദ്ധ്യസിദ്ധികളിൽ ബ്ഭേദം
വിട്ട കത്താവു സാത്വികൻ 26

രാഗി, ഹിംസാത്മകൻ, ലുബ്ധ-
നശ്ശുദ്ധൻ ഫലമോക്കുവോൻ
സുഖദുഃഖങ്ങളോടൊത്തു-
ചെയ്യുവോനാണു രാജസൻ 27

---

25) തുടർപ്പു്=ഫലരൂപത്തിൽ കമ്മത്തിനുണ്ടാവുന്ന തുടർച്ച. (അനുബന്ധം)

26) സിദ്ധ്യസിദ്ധികാം=സിദ്ധി (സഫലത)യും അസിദ്ധി (നിഷ്ഫലത)യും. ഭേ[illegible] വിട്ട = വികാരമില്ലാത്ത. താനെന്നില്ലാതെ=അഹങ്കാര[illegible]ാതെ.

മടി ശാഠ്യം ചിന്ത ചതി
നന്ദികേടുമമാന്ദ്യവും
ചേന്ന കത്താവയുക്താത്മാ-
വജ്ഞൻ താമസനേററവും 28

ബുദ്ധിയും ധൃതിയും മൂന്നായ്
ഗുണം കൊണ്ടു പിരിഞ്ഞതും
തിരിച്ചു പറയാമെല്ലാം
കേട്ടു കൊള്ളുക പാണ്ഡവ 29

കമ്മം, സന്ന്യസനം, കാര്യ,
മകാര്യ, മഭയം, ഭയം
ബന്ധനം മോക്ഷമിവ്വയെ
ക്കാണിക്കും ബുദ്ധി സാത്വികി 30

ധമ്മാധമ്മങ്ങളെപ്പാർത്ഥ
കാര്യാകാര്യങ്ങളേയുമേ
വേണ്ടപോലെന്നിയേ കാണി-
ച്ചീടുമാ ബുദ്ധി രാജസി 31

അധമ്മം ധമ്മമായിത്താ-
നെല്ലാം നേർവിപരീതമായ്
മൂടലാന്നവിവേകത്താൽ
നിനയ്ക്കും ബുദ്ധി താമസി 32

---

27) രാഗി=കമ്മത്തിലാസക്തൻ. ഹിംസാത്മകൻ= പരോപദ്രവശീലൻ. ലുബ്ധൻ=പരദ്രവ്യത്തിൽ ആശയുള്ളവൻ.

28) അയുക്താത്മാവ്=ജിതാത്മാവല്ലാത്തവൻ, അസ്ഥിരചിത്തൻ.

29) ധൃതി=ധാര[illegible]ാധ[illegible] നിയമനം, (നിയന്ത്രിക്കുന്നതു്)

ഇന്ദ്രിയങ്ങൾ മനം പ്രാണ-
നിവതൻ വൃത്തിയൊക്കെയും
പിഴപററാത്ത യോഗത്താൽ
ധരിയ്ക്കും ധൃതി സാത്വികി 33

ഫലമാശിച്ചു ധർമ്മാർത്ഥ-
കാമങ്ങളെ യഥോചിതം
ഏതാൽദ്ധരിപ്പിതതു താൻ
ധൃതി രാജസിയർജ്ജുന 34

സദാ നിദ്ര ഭയം ശോകം
വിഷാദം മദമെന്നിവ
വിടാ ദുർബ്ബുദ്ധിയെതിനാ-
ലതുതാൻ ധൃതി താമസി 35

മൂന്നു മാതിരിയായ്ക്കേൾക്ക
സുഖം നീ ഭരതർഷഭ
അതിലഭ്യാസമുണ്ടായാൽ
പ്രീതിയാമല്ലലററുപോം 36

തുടക്കത്തിൽ വിഷം പോലെ
യമൃതം പോലൊടുക്കവും
ആത്മജ്ഞാനം തെളിഞ്ഞീടി-
ലുളവാം സാത്വികം സുഖം 37

---

34) മോക്ഷമായി യാതൊരു ബന്ധമില്ലാത്തതു്.

36) അഭ്യാസം കൊണ്ടു സുഖം പ്രീതിഹേതുവാകുന്നു. അവനവൻെറ വാസനാനുസൃതമായ പരിചയമാണു് സുഖത്തെപ്പററിയുള്ള വിവിധാഭി[illegible]യങ്ങൾക്ക അടിസ്ഥാനം

ഇന്ദ്രിയാത്ഥങ്ങൾ കൂട്ടമ്പോ-
ളാദ്യത്തിലമൃതെന്നപോൽ
വിഷം പോലവസാനത്തി-
ലാ സുഖം പാത്ഥ രാജസം 38

ഉറക്കം മടിയശ്രദ്ധ
യിവയാലാദ്യമന്തവും
വെളിവില്ലായ്മയുണ്ടാക്കും
സുഖം താൻ ചൊൽവു താമസം 39

പ്രകൃതിക്കൊത്തൊരീ മൂന്നു
ഗുണങ്ങളിയലാതെയായ്
ഇല്ലൊന്നും തന്നെയിപ്പാരി
ലാ വിണ്ണോരുടെ നാട്ടിലും 40

---

37) വൈരാഗ്യാദികളെ സ്വാധീനമാക്കാനുള്ള വിഷമം കൊണ്ടു് ആദ്യം വിഷം പോലെയുള്ളതു് ജനനമരണരൂപമായ സങ്കടത്തിൽ നിന്നു് മോചിപ്പിച്ചു് അവസാനം കേവലമായ ആനന്ദത്തെ അനുഭവിക്കുന്നതു് കൊണ്ടു് അമൃതം പോലെയിരിക്കുന്നു.

38) ഇന്ദ്രിയാത്ഥങ്ങൾ കൂടുമ്പോഴുണ്ടാകുന്ന വിഷയസുഖം തൽക്കാലം അമൃതം പോലെ തോന്നിയാലും, പിന്നീടു് ബലവീര്യപ്രജ്ഞാദികളെ നശിപ്പിക്കുകയും ദുർവിസന നിമിത്തം അധോഗതിക്കു കാരണമായിത്തീരുകയും ചെയ്യുമെന്നതു കൊണ്ടു് രാജസമായ സുഖം ഒടുവിൽ വിഷം പോലെ അനിഷ്ടകാരിയാകുന്നു.

40) നിർഗ്ഗുണമായി ബ്രഹ്മം മാത്രമേ ഉള്ളു. സ്ഥാവരജംഗമങ്ങളായ സകലവസ്തുക്കളും സ്വർഗ്ഗാദിലോകങ്ങളാ ലുള്ളവകൂടി ഗുണമയ[ങ്ങ]ളാകുന്നു.

ബ്രാഹ്മണക്ഷത്രവൈശ്യർക്കും
ശൂദ്രർക്കും ഭരതർഷഭ
കർമ്മഭേദങ്ങളുണ്ടായി
സ്വാഭാവികഗുണങ്ങളാൽ 41

ശമം ദമം തപം ശൌചം
ക്ഷമ നേരാസ്തികത്വവും
ജ്ഞാനം വിജ്ഞാനമിവതാൻ
പ്രകൃത്യാ ബ്രഹ്മകർമ്മമാം 42

ശൌര്യം, തേജസ്സ്, യുദ്ധത്തി-
ലോടായ്ക, ധൃതി, ദാനവും
പ്രഭുത്വം കെല്പുമിവതാൻ
പ്രകൃത്യാ ക്ഷത്രകർമ്മമാം 43

കൃഷി, ഗോരക്ഷ, കച്ചോടം,
പ്രകൃത്യാ വൈശ്യകർമ്മമാം
പ്രകൃത്യാ ശൂദ്രർതൻ കർമ്മം
പരിചാരകവൃത്തിയേ 44

---

42) ശമം = മനഃശാന്തി. ദമം = ഇന്ദ്രിയനിഗ്രഹം നേര്=സത്യം ആസ്തികത്വം=ഈശ്വരവിശ്വാസം. ജ്ഞാനം=ആത്മജ്ഞാനം വിജ്ഞാനം=ജ്ഞാനത്തിനു സഹായിക്കുന്ന ലൗകികജ്ഞാനം.

43) ശൗര്യം=ശത്രുജയത്തിനുള്ള കഴിവ്. തേജസ്സ്=മററുള്ളവരാൽ ആക്രമിക്കപ്പെടായ്ക കെല്പ്=സാമർത്ഥ്യം ധൃതി=തന്റേടം.

44) ഗോരക്ഷ=പശുക്കളെ വളർത്തൽ.

ഈ പറഞ്ഞ കർമ്മങ്ങളി[illegible]വാസനയും പ്രവൃത്തിയും ഉള്ളവർ ബ്രാഹ്മണാദികൾ [illegible]ന്നു.

തൻതൻകർമ്മത്തിലേർപ്പെട്ട
നരൻ സംസിദ്ധി നേടിടും
സ്വകർമ്മനിരതൻ സിദ്ധി
നേടുംമാതിരി കേൾക്കുക 45

ആരാണു ഹേതുവേതിന്നു
മാരാൽ വ്യാപ്തമിതൊക്കെയും
അവനെത്തന്റെ കർമ്മത്താൽ
നരനർച്ചിച്ചു സിദ്ധനാം 46

ശരിയ്ക്കുള്ളന്യധർമ്മത്തിൽ
മീതേ തൻധർമ്മമൂനവും.
പ്രകൃതിയ്ക്കൊത്തു കർമ്മം ചെ-
യ്തോരുമേല്ക്കില്ല പാതകം 47

വിടായ്ക്ക പാർത്ഥ തൻകർമ്മം
ദോഷം തെല്ലുള്ളതെങ്കിലും
പുകയാലഗ്നിപോൽ വ്യാപ്തം
ദോഷത്താലേതു കർമ്മവും 48

ഒന്നിലും ബുദ്ധിപററാത്ത
ജിതാത്മാവാശവിട്ടവൻ
സൂക്ഷ്മമാം കർമ്മമില്ലായ്ക
സന്യാസത്താലിയന്നിടും 49

---

47) ഊനം = ഗുണം കുറഞ്ഞതു്

48) തൻകർമ്മം=തനിക്കു ജനനത്താലോ വാസനയാലോ ഗുണത്താലോ ലഭിച്ചിട്ടുള്ള കർമ്മം, ജനനവും ഗുണവും വാസനയെ അനുസ[illegible]രിക്കുകയും ചെയ്യുമല്ലോ. വ്യാപ്തം=വ്യാപിക്കപ്പെട്ട[illegible]ന്നു.

സിദ്ധനെമ്മട്ടു ചേരുന്നു
ബ്രഹ്മത്തിങ്കലതെന്നതും
പാർത്ഥ സംക്ഷേപമായ്ച്ചൊല്ലാം
ജ്ഞാനത്തിൻ ലക്ഷ്യമായതേ 50

ശുദ്ധയാം ബുദ്ധിയോടൊത്തു
ധൈര്യത്താൽവെന്നു തന്നെയും
രാഗദ്വേഷങ്ങൾ കൈവിട്ടു
ശബ്ദാദിവിഷയങ്ങളും 51

കൂട്ടംകൂടാതൂൺകുറച്ചു
മെയ്നാക്കകമൊതുക്കിയോൻ
എന്നുമേകാഗ്രമായ് ധ്യാനം
പൂണ്ടു വൈരാഗ്യമാണ്ടവൻ 52

ഞാനെന്റെയെന്ന ഗർവ്വാശ
നേടിവെപ്പരിശം ബലം
കൂടാത്ത ശാന്തനാണർഹൻ
ബ്രഹ്മം സാക്ഷാൽക്കരിയ്ക്കുവാൻ 53

ബ്രഹ്മമായ പ്രസന്നാത്മാ-
വാശിയ്ക്കില്ലല്ലലൊന്നിടാ
സമമാം ഭാവമാർന്നെങ്ങും
നേടുമെൻ ഭക്തിയുത്തമം 54

---

49) പററാതെ = സക്തമാവാതെ

51) ശബ്ദാദിവിഷയങ്ങളും കൈവിട്ടു്.

54) ഭഗവത്സ്വരൂപത്തിൽ ധാരാരൂപമായി അവിച്ഛിന്നമായി ചിത്തവൃത്തിയെ നിർത്തുക എന്നതാണു് ഭക്തിയുടെ ലക്ഷണം.

ശ്രുപമെന്തളവെന്തെന്നെൻ
തത്വമോരുന്നു ഭക്തിയാൽ
ശരിയ്ക്കേൻ ജ്ഞാനമുണ്ടായി
പ്പിന്നെന്നിൽത്താൻ കടന്നിടും 55

എന്നെയേ കരുതിച്ചെയ്യോ-
നെല്ലാക്കർമ്മവുമെപ്പൊഴും
എത്തുമെൻ പ്രീതിയാലെന്നു-
മൊരുപോലുള്ളൊരാപ്പദം 56

ഞാനേശരണമെന്നൊന്നിൽ
വിട്ടു കർമ്മങ്ങളുള്ളിനാൽ
സാമ്യബുദ്ധിയുറച്ചെന്നെ-
ത്തന്നെ നീ ചിന്ത ചെയ്യുക 57

എന്നെയോർത്തെൻ പ്രസാദത്താൽ
ദുർഘടങ്ങൾ കടന്നിടാം
അഹങ്കാരത്തിനാൽ കേൾക്കാ-
തിരുന്നാൽ നീ നശിച്ചുപോം 58

---

55) തത്വജ്ഞാനവും എന്നിൽക്കടക്കലുമെല്ലാം ഔപചാരികമായി മാത്രം ഭേദപ്പെട്ടിരിക്കുന്നു. ക്ഷേത്രജ്ഞൻ തന്നെയാണ് പരമാത്മാവെന്നുള്ളതു കൊണ്ടു് കർത്താവും കർമ്മവും എല്ലാം ഒന്നുതന്നെ. ബുദ്ധികൊണ്ടറിഞ്ഞതിനെ അനുഭവത്തിൽ വരുത്തുക എന്ന സാക്ഷാൽക്കാരം തന്നെ മോക്ഷം.

57) ഉള്ളിനാൽ=മനസ്സുകൊണ്ടു്.

58) അഹങ്കാരം=എനിക്കറിയാം, ഞാൻ പണ്ഡിതനാണു് എന്ന വിചാ[illegible]

പോരിനില്ലെ,ന്നഹങ്കാരം
കൊണ്ടു നീ കരുതീടുകിൽ
നില നിൽക്കാ, നിയോഗിക്കും
നിന്നെ പ്രകൃതിയർജ്ജുന 59

സ്വഭാവം കൊണ്ടു തന്റേതാം
കർമ്മത്താൽ കെട്ടിയന്ന നീ
അറിയാതരുതെന്നോർക്കു-
മതേ കെൽപ്പററു ചെയ്യുപോം 60

ജന്തുക്കൾക്കൊക്കെയുൾത്തട്ടി
ലിരുന്നീശ്വരനർജ്ജുന
യന്ത്രത്തിൽ വെച്ചെന്നപോലെ
ചുഴററുന്നിതു മായയാൽ 61

പ്രാപിക്കുകവനെ തന്നെ
ശരണം പാർത്ഥ സർവ്വദാ
നേടാമവന്റെ കനിവാൽ
പരമാം ശാന്തി,മോക്ഷവും 62

ഏതും രഹസ്യമിജ്ഞാന-
മോതിത്തന്നു നിനക്കു ഞാൻ
ശരിയായൊക്കെയാലോചി-
ച്ചിഷ്ടം പോൽ ചെയ്തുകൊള്ളുക 63

---

59. അഹങ്കാരം=ഞാൻ, എന്റെ എന്ന സങ്കല്പം

62) കർമ്മം കൊണ്ടു് ചിത്തശുദ്ധിയും തദ്വാരാ ഈശ്വരനിൽ ധാരാരൂപത്തിൽ ചിത്തത്തെ നിറുത്തുക എന്ന സ്വഭാവത്തോടു കൂടിയ ഭക്തിയും അങ്ങനെയുള്ള നിദിദ്ധ്യാസനത്തിൽ നിന്നു സാക്ഷാൽ [illegible]രൂപമായ ജ്ഞാനവും അ

പാരം രഹസ്യമുൽകൃഷ്ടം
കേരംക്കവാക്കിതു കൂടെ നീ
നീയെനിക്കിഷ്ടനാണേററ-
മെന്നു ചൊല്ലുന്നു നന്മയെ 64

എന്നെയോക്കേൻ ഭക്തനായി-
ട്ടെന്നെ പൂജിക്ക കൂപ്പുക
പ്രാപിക്കാമെന്നെയേ, സത്യം
ചെയ്യാമെൻപ്രിയനല്ലി നീ 65

ധമ്മങ്ങളെല്ലാം വിട്ടെന്നെ
ത്തന്നെ നീയാശ്രയിക്കുക
മാഴ്കായ്ക, നിന്നെ രക്ഷിപ്പേൻ
പാപമെല്ലാം കളഞ്ഞു ഞാൻ 66

---

തുകൊണ്ടു് ജ്ഞാനത്തിൻെറ പരമകാഷ്ഠയായ മോക്ഷവും സിദ്ധിക്കുന്നുവെന്നു സംക്ഷേപം.

63) രഹസ്യം മനസ്സിലാക്കി ആലോചിച്ചു് വിവേകം നേടിക്കഴിഞ്ഞാൽ ആരും അകമ്മം ചെയ്യുകയില്ലല്ലോ.

65) സർവ്വ വ്യാപാരങ്ങളേയും ഈശ്വരനിൽത്തന്നെ അർപ്പിച്ചു്, (സ്വകമ്മണാ തമഭ്യർച്ച്യ എന്നതുകൊണ്ടു പൂജിക്കുക എന്നതിൽ സ്വധമ്മാനുഷ്ഠാനവും ഉരംപെടുന്നു.) ഈശ്വരനെത്തന്നെ ശരണം പ്രാപിക്കുക എന്നതാണു് കമ്മയോഗത്തിൻേറയും ഭക്തിയോഗത്തിൻെറയും ജീവഭൂതമായ അംശം.

66) സങ്കൽപ്പത്തേയും കമ്മഫലത്തേയും ത്യജിക്കുന്നവനാണല്ലോ ത്യാഗി, അങ്ങനെ സംഗങ്ങരംക്കു കാരണമായ നാനാധമ്മങ്ങളേയും ഫലസങ്കല്പത്യാഗംകൊണ്ടു് പരിത്യജിച്ചു് ഈശ്വരാർപ്പണമായി കൻമംചെയ്തുകൊണ്ടു് അദ്ദേഹ

നൽകൊല്ലൊരിക്കലുമിതാ
ത്തപസ്സില്ലാത്തവൎക്ക് നീ
ശ്രദ്ധിക്കാത്തോനുമീയെന്നെ
നിന്ദിപ്പോനുമഭക്തനും 67

ഭക്തിയെന്നിലിയന്നേററ-
മെൻഭക്തൎക്കതിഗൂഢമാം
ഇതു ചൊന്നിടുവോനെന്നെ
പ്രാപിച്ചീടുമസംശയം 68

ഇല്ലെനിക്കിതിലും മീതെ
യിഷ്ടം ചെയ്യോൻ മനുഷ്യരിൽ
അവനേക്കാൾ പ്രിയം കൂടു-
മൊരാളുണ്ടാവുകില്ല മേ 69

ധൎമ്മത്തിനൊത്ത സംവാദം
നാം ചെയ്തതു പഠിക്കുവോർ
ജ്ഞാനയജ്ഞത്തിനാലെന്നെ
യാരാധിച്ചെന്നു വെയ്ക്കുവൻ 70

അസൂയയിയലാ,തേറും
ശ്രദ്ധയോടിതു കേൾക്കുവോൻ
പൂകും സുകൃതികൾക്കുള്ള
പുണ്യലോകത്തു, മുക്തനായ് 71

---

ത്തെ ശരണം പ്രാപിച്ചാൽ ധൎമ്മാധൎമ്മരൂപമായ സംസാര ബന്ധത്തിൽ നിന്നു മുക്തനാകാം എന്നർത്ഥം.

71) ജ്ഞാനത്തിനു തടസ്സമാണ് അജ്ഞാനം. ഉപദേശംകൊണ്ടു് ആ അജ്ഞാനം നീങ്ങുമ്പോൾ മറന്നുപോയതു് ഓൎമ്മയിൽ വരുന്നതുപോ[illegible] ജ്ഞാനം പ്രകാശിക്കുന്നു.

മനസ്സിരുത്തി നീയെല്ലാം
കേട്ടുവോ നേരെയജ്ജ്ജുന
ജ്ഞാനമില്ലാഞ്ഞു നീയാന്ന
സംശയം പാൎത്ഥ നീങ്ങിയോ 72

**അജ്ജ്ജുനൻ പറഞ്ഞു:**

അജ്ഞാനമററു കൈവന്നി-
തൊൎമ്മ നിൻ കനിവാൽ പ്രഭോ
നിൽപ്പു ഞാൻ സംശയം തീൎന്നു
നിൻ ചൊൽപ്പടി നടക്കുവൻ 73

**സഞ്ജയൻ പറഞ്ഞു:**

ശ്രീകൃഷ്ണനും മഹാത്മാവാം
പാൎത്ഥനും തമ്മിലിങ്ങനെ
ചെയ്യോരത്ഭുതസംവാദം
കേട്ടു രോമാഞ്ചമാൎന്നു ഞാൻ 74

വ്യാസൻെറ കനിവാൽ ക്കേട്ടേൻ
ഞാനിതേററം രഹസ്യമാം
യോഗം, യോഗേശ്വരൻ കൃഷ്ണൻ
നേരിൽ പറവതിങ്ങനെ 75

കേശവാജ്ജ്ജുനസംവാദം
രാജാവേ പുണ്യമത്ഭുതം
വീണ്ടും വീണ്ടുമതോൎത്തോൎത്തു
കോൾമെയിർ ക്കൊണ്ടിടുന്നു ഞാൻ 76

---

75) യോഗം=മോക്ഷം സാധിക്കുന്നതിനു വേണ്ട അഭ്യാസക്രമം.

കൃഷ്ണന്റെയത്യത്ഭുതമാ
രൂപമോർത്തോർത്തു മന്നവ
പിന്നെയും പിന്നെയും കൊൾവൂ
രോമാഞ്ചം, വിസ്മയിപ്പൂ ഞാൻ 77

എങ്ങു യോഗേശ്വരൻ കൃഷ്ണ
നെങ്ങു വില്ലാളിയർജ്ജുനൻ
അങ്ങെന്മതത്തിലൈശ്വര്യം
ശ്രീ ജയം സ്ഥിരനീതിയും 78

---

76) പുണ്യം=പാപം കളഞ്ഞു പരിശുദ്ധി ചേർക്കുന്നതു്
78) ജ്ഞാനസമ്പത്തിയും കർമ്മകൗശലവും ചേർന്നിരിക്കുന്നേടത്തു് മാത്രമേ സർവ്വ[illegible]യങ്ങളും ഉണ്ടാവുകയുള്ളു.

സംശയം തീൎന്നു നരനു
ധൎമ്മബോധമുദിയ്ക്കുവാൻ
ശ്രീഗീതയുപദേശിച്ച
നാരായണ തൊഴാം തൊഴാം

0 53

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. M200 Acc. No. 12594

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of ₹1 per day will be charged

M

200

RAG. 8

12594

നാലുവരി തിരുത്തിച്ച്

ശ്രീമദ് ഭഗവത്ഗീത.

KOTTAYAM PUBLIC LIBRARY

Call No M206 Acc. No 12594

Author രാഘവൻ തിരുമുൽപ്പാട്

Title ശ്രീമൽ ഭഗവത്ഗീത.

Indic Digital Archive Foundation

gpura.org